KOTTAYAM PUBLIC LIBRARY

Call No 301:427 Acc. No 70839

Author ചിത്ര

Title രക്ഷിതാക്കളെ ഇതിലെ

1007

# രക്ഷിതാക്കളെ
# ഇതിലെ

# RAKSHITHAKKALE ITHILE

(Malayalam)

First Impression

Copy: 1000

Price: 1-75

CHITHRA

Printed at

THE UDAYA PRESS, CHERPALCHERI

രക്ഷിതാക്കളെ

ഇതിലെ

ചിത്ര

KOTTAYAM PUBLIC LIBRARY
70839
KOTTAYAM.

ഉദയാ പ്രസിദ്ധീകരണം

1 9 6 6

വില: 1–75

Publishers:
UDAYA PUBLICATIONS
College Road,
PALGHAT-1.

M
301.427

പ്രസാധകന്മാർ:
ഉദയാ പബ്ലിക്കേഷൻസ്
കോളേജ് റോഡ്,
പാലക്കാട്_1.

# ഉള്ളടക്കം


ശിശുപരിശിക്ഷണം-ഒരു ദേശീയപ്രശ്നം

"അണ്ടിയോ മാവോ വലുതു്?"

നല്ല ശീലം, എങ്ങിനെ?

നിങ്ങളും കുട്ടികളും

ഊണും ഉറക്കവും

ചില ദുശ്ശീലങ്ങൾ

അച്ചടക്കം! അച്ചടക്കം!

മോഷണവും നുണപറയലും

അസൂയ-മരുന്നില്ലാത്ത രോഗം

അപകർഷതാബോധം

ഭയം-ആവശ്യമൊ? അനാവശ്യമൊ?

കൂട്ടുകാരും കളിക്കോപ്പുകളും

ലൈംഗികകാര്യങ്ങൾ

രക്ഷിതാവും അദ്ധ്യാപകനും!

## ശിശുപരിശിക്ഷണം— ഒരു ദേശീയപ്രശ്നം

ഒരു കുഞ്ഞുണ്ടായ്ക്കാണാൻ കൊതിക്കാത്ത ഒരാണോ പെണ്ണോ ഉണ്ടാവുമോ? ഇല്ല. കാരണം, സന്തത്യുല്പാദനം ഒരു പ്രകൃതിനിയമമാണു്. ആ നിയമത്തിൽനിന്നു് മനുഷ്യനു് മാത്രമല്ല, ഈ പ്രപഞ്ചത്തിൽ ജീവൻ ത്രസിക്കുന്ന യാതൊന്നിനും ഒഴിവാകാൻ നിവൃത്തിയില്ല.

എന്നാൽ തന്റെ കുട്ടികൾ മാതൃകാപൌരന്മാരായി വളർന്നു കാണാൻ ആഗ്രഹിക്കുകയും, ആ ആഗ്രഹം ഫലവത്തായിക്കാണാൻ നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്ന എത്ര രക്ഷിതാക്കന്മാരുണ്ടു്? വളരെയില്ല. ഒരാത്മാവിനു് ജന്മം നൽകുകവഴി താൻ ഏറെറടുക്കുന്ന മഹത്തായ ഉത്തരവാദിത്വത്തെക്കുറിച്ചു്

തികഞ്ഞ ലാഘവബുദ്ധിയോടെയാണ് മിക്ക പേരും ചിന്തിക്കുന്നതു്. ഇനി കുട്ടികളോട്ട് ഉത്തരവാദിത്വബോധത്തോടെ പെരുമാറുന്ന ചിലരുടെ കഥയോ? കുട്ടിക്കു് ചോറും, ഉടുപ്പും മററും നല്കലാണു് ഒരു രക്ഷിതാവിൻെറ ആദ്യത്തേയും അവസാനത്തേയും കടമ എന്നാണു് അവരുടെ ധാരണ. അതെല്ലാം ആവശ്യമില്ലെന്നു ആരും പറയുകയില്ല. എന്നാൽ അതിലും കവിഞ്ഞു് രക്ഷിതാവിന്നു് ഒരു കടമയുണ്ടു്. രക്ഷിതാവും കുട്ടിയും തമ്മിൽ വൈകാരികമായ ഐക്യം അരക്കിട്ടുറപ്പിക്കൽ. കുട്ടിയുടെ കായികമായ ആരോഗ്യത്തെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന അവൻെറ മാനസികാരോഗ്യം സുശക്തമാക്കുന്നതിന്നു വേണ്ടിയുള്ള പ്രയത്നം. ശിശുപരിശിക്ഷണപ്രശ്നത്തെ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യേണ്ടതാണു് എന്ന ബോധം ഉണ്ടാവുകയാണു് ആ കടമ നിറവേററുന്നതിൻെറ ആദ്യത്തെപ്പടി.

ഒരു നവഭാരതം കെട്ടിപ്പടുക്കാൻ നാം വെമ്പൽ കൊള്ളുന്നു. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വൻവ്യവസായങ്ങളും കൂററൻ അണക്കെട്ടുകളും പടുത്തുയർത്തുന്നു. നല്ലതു്. പക്ഷെ വ്യവസായശാലയേക്കാളും, കൂററൻ അണക്കെട്ടിനേക്കാളും പ്രാധാന്യമർഹിക്കുന്ന മറെറാന്നുണ്ടു്. മനുഷ്യസമ്പത്തു്. ഒരു നല്ല നാളെയുടെ അടിസ്ഥാനംതന്നെ ഈ മനുഷ്യസമ്പത്തിൻെറ നല്ല രീതിയിലുള്ള സംവിധാനമാണു്. നാളത്തെ ഇന്ത്യ

യിലെ നായകന്മാരായ ഇന്നത്തെ കുട്ടികളെ, അവരിൽ അർപ്പിക്കപ്പെടുന്ന ഭാരിച്ച ഉത്തരവാദിത്വങ്ങൾ ധീരമായി നിറവേററാൻ കരുത്തുള്ളവരാക്കിത്തീക്കണമെങ്കിൽ അതിന്നുള്ള പ്രവൎത്തി ഇന്നുതന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. കാരണം, നിയമനിൎമ്മാണം വഴി നല്ല പൌരന്മാരെ സൃഷ്ടിക്കുക സാദ്ധ്യമല്ലല്ലോ. അങ്ങിനെ കുട്ടികളുടെ പരിശിക്ഷണം ഒരു ദേശീയ പ്രശ്നമാണു്. നിങ്ങളുടെ കുട്ടി നല്ലവനോ ചീത്തവനോ ആകുന്നതു് നിങ്ങളുടെ മാത്രം കാര്യമല്ല. നല്ല കുട്ടികൾ വീട്ടിന്നുമാത്രമല്ല, നാട്ടിന്നു മുഴുവൻ സമ്പത്താണു്. മറിച്ചു് ചീത്ത കുട്ടികളോ? വീട്ടിന്നും, നാട്ടിന്നും ശാപമാണു്. അതുകൊണ്ടു് പ്രിയപ്പെട്ട രക്ഷിതാവേ, നിങ്ങളുടെ സ്വന്തം താല്പൎയ്യമോൎത്തും, നാട്ടിൻെറയാകെ താല്പൎയ്യമോൎത്തും, നിങ്ങളുടെ കുട്ടികളുടെ കാൎയ്യത്തിൽ സ്വല്പം ശ്രദ്ധിക്കുക. അവനെ ഒരു നല്ല പൌരനാക്കാൻ പ്രയത്നിക്കുമെന്നു് പ്രതിജ്ഞയെടുക്കുക.

നല്ല ആഗ്രഹങ്ങൾ വെച്ചുപുലൎത്തുക, പണിയുള്ള കാൎയ്യമല്ല. "എൻെറ മകൻ നല്ലവനാവണെ, സത്യവാനാവണെ!" എന്നിങ്ങിനെ മധുരങ്ങളായ നൂറായിരം ആശകൾ പുലൎത്തുക എളുപ്പമാണു്. ബോധപൂൎവ്വകവും സ്ഥിരവുമായ പ്രവൎത്തനമില്ലാഞ്ഞാൽ ആ ആശകൾ നിരാശകളായി പരിണമിക്കുകയാണു് പതിവു്. കുട്ടികളുടെ പരിശിക്ഷണത്തിൻെറ പ്രശ്നങ്ങൾ പഠിക്കുകയും, അവയുടെ വെളിച്ചത്തിൽ സ്വന്തം കുട്ടിയുടെ

പ്രത്യേകതകൾ മനസ്സിലാക്കുകയും, അവൻെറ പ്രത്യേകതകൾക്കനുസരിച്ച് അവ പ്രാവർത്തികമാക്കുകയും ചെയ്താൽ ഒരു രക്ഷിതാവിന്നു് നിരാശകൾ കൂടാതെ കഴിക്കാം.

ഒരു കുട്ടിക്കു് പനി പിടിച്ചാൽ, അല്ലെങ്കിൽ, അജീർണ്ണം പിടിപെട്ടാൽ ചികിത്സയുണ്ടു്. കായികമായ ഏതു തകരാറുകൾക്കും വിദഗ്ദ്ധനായ ഒരു ഡോക്ടരെക്കാണിച്ചാൽ ആശ്വാസം കിട്ടിയേക്കും. എന്നാൽ ഡോക്ടർമാക്കുപോലും മിക്കപ്പോഴും കണ്ടുപിടിക്കാൻ കഴിയാത്തവയാണു് കുട്ടികളുടെ മനസ്സിനു് ഏല്ക്കുന്ന വ്രണങ്ങൾ. എക്സ്റേക്കുപോലും അവയെ കണ്ടുപിടിക്കാൻ കഴിയില്ല. ബാലമനസ്സിൽ ഏല്ക്കുന്ന അത്തരം ക്ഷതങ്ങൾ സമയം വൈകുംമുമ്പേ കണ്ടുപിടിച്ചു, ചികിത്സിക്കണം. ഇല്ലെങ്കിൽ കുട്ടിയോടൊപ്പം അവൻെറ രോഗവും വലുതാവും. ഒടുവിൽ ഭ്രാന്താലയമോ, തടവുമുറിയോ അവൻെറ സ്ഥിരമായ മേൽവിലാസമായിത്തീരാനും ഇടയുണ്ടു്.

കുററവാളികളുടേയും മാനസിക രോഗികളുടേയും ഇടയിൽ നടത്തിയ വിപുലമായ ഗവേഷണങ്ങൾ ഈ സത്യം തെളിയിക്കുന്നുണ്ടു്.

കുട്ടികളുടെ പരിശിക്ഷണത്തോടു് ശരിയായ ഒരു സമീപനം അവലംബിക്കുന്നപക്ഷം ഈ വിപത്തു് നമുക്കു് കുറെയൊക്കെ ഒഴിവാക്കാം.

എന്താണു് ശരിയായ സമീപനം? അവിടെയാണു് ബുദ്ധിമുട്ടു്. മനുഷ്യമനസ്സു് ഒരത്ഭുതപ്രതിഭാസമാണു്. അതിൻെറ ഉള്ളുകളം മുഴുവൻ കണ്ടുപിടിക്കാൻ ഇന്നും ഗവേഷകന്മാക്കു് കഴിഞ്ഞിട്ടില്ല. ആകൃതിയിലെന്നപോലെതന്നെ അതിശയകരമായ വൈവിദ്ധ്യം നിറഞ്ഞതാണു് മനുഷ്യരുടെ പ്രകൃതിയും. ഇതു് മനഃശാസ്ത്രത്തിൻെറ പ്രായോഗികതയിൽ വല്ലാത്ത ഒരു പരിമിതിവരുത്തിത്തീക്കുന്നുണ്ടു്. എങ്കിലും ഈ വൈവിദ്ധ്യങ്ങൾക്കു നടുവിലും മനുഷ്യമനസ്സുകളുടെ പ്രവത്തനങ്ങൾക്കു് കുറെ ഐകരൂപ്യവുമുണ്ടു്. മനുഷ്യജീവിതത്തെ മുന്നോട്ടു ചലിപ്പിക്കുന്ന അടിസ്ഥാനവികാരങ്ങൾ ഒന്നാണല്ലോ. ഊണു്, ഉടുപ്പു്, ഉറക്കം, പ്രശസ്തി, ലൈംഗികജീവിതം എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങളുടെ ആകത്തുകയാണു് മനുഷ്യജീവിതം. ഈ ലക്ഷ്യങ്ങൾ നേടുന്നതിന്നുള്ള പ്രയാണത്തിൽ ഓരോ വ്യക്തിയുടേയും ഗതിവിഗതികൾക്കനുസരിച്ചു് അവൻെറ സ്വഭാവങ്ങൾ രൂപംകൊള്ളുന്നു. ഓരോ വ്യക്തിയുടേയും ജീവിതപശ്ചാത്തലവും, വ്യക്തിപരമായ കഴിവും വ്യത്യസ്തങ്ങളാകകൊണ്ടു്, ഓരോരുത്തരുടേയും പ്രശ്നങ്ങൾ പ്രത്യേകതകൾ നിറഞ്ഞതായിത്തീരുന്നു. ചുരുക്കത്തിൽ കുട്ടികളുടെ മാനസികപ്രവത്തനങ്ങൾ മനസ്സിലാക്കുന്നതിലല്ല, സ്വന്തം കുട്ടിയുടെ പ്രത്യേകതകൾ പഠിച്ചു് ആ തത്വങ്ങൾ പ്രാവത്തികമാക്കുന്നതിലാണു്, ഒരു രക്ഷിതാവിൻെറ വിജ

യം കുടികൊള്ളുന്നതു്—അതായതു് പൊതുവായ ശാസ്ത്രീയനിയമങ്ങളുടെ വെളിച്ചത്തിൽ, സ്വന്തം കുട്ടിയുടെ പ്രത്യേകതകൾക്കനുയോജ്യമായ പ്രത്യേകനിയമങ്ങൾ ഓരോ രക്ഷിതാവും കണ്ടുപിടിക്കണം. അതിനുള്ള കഴിവാണു് ഒരു രക്ഷിതാവിനെ നല്ല രക്ഷിതാവാക്കിത്തീർക്കുന്നതു്.

# "അണ്ടിയോ, മാവോ വലുതു്?"

ഒരു ചെറിയ അണ്ടിയിൽനിന്നാണു് ആകാശം മുട്ടുന്ന മാവു് ഉണ്ടാവുന്നതു്. അണ്ടിയൊ, മാവൊ വലുതു്? അണ്ടിയാണു്. എന്നാൽ മാവുണ്ടായാലെ അണ്ടിയുണ്ടാവുകയുള്ളു. അപ്പോഠം മാവല്ലെ വലുതു്? സംശയമില്ല. രസകരമായ ഈ തക്കം എന്നു് ആരംഭിച്ചുവെന്നോ, എന്നവസാനിക്കുമെന്നോ ആക്കും പറയാൻ വയ്യാ. അത്തരം ഒരു തക്കമാണു് പാരമ്പയ്യവും പരിതസ്ഥിതിയും തമ്മിൽ കാലാകാലമായി നടന്നുവരുന്നതു്.

സമത്ഥനായ ഒരു കുട്ടിയെ കാണുമ്പോഠം ആളുകഠം ആദ്യം ഓത്തുപോകുക അവൻെറ രക്ഷിതാക്കളെയാണു്. "അവൻ തറവാട്ടിൽ പിറന്ന വനാ!"; "അ

വൻെറ അച്ഛൻെറ തനി പകപ്പ്'' ഇങ്ങിനെപോകു ന്നു അവരുടെ അഭിപ്രായങ്ങൾ. പാരമ്പര്യത്തിൻെറ നിർണ്ണായകമായ കഴിവുകളെ ഏററുപറയുന്നവയാണ് അവ.

'പരിതസ്ഥിതി'ക്കും വക്താക്കൾ കുറവില്ല. ജീവിതത്തിലെ ജയാപജയങ്ങൾ എല്ലാം നിർണ്ണയിക്കുന്നതു് ചുററുപാടുകൾ മാത്രമാണെന്നാണ് അവരുടെ വാദം. നല്ലവൻതന്നെ ചീത്ത കൂട്ടുകെട്ടിൽ പെട്ടാൽ ചീത്തയാവും. മറിച്ചായാൽ ഫലവും മറിച്ചാവും.

എന്നാൽ സത്യം കിടക്കുന്നതു് രണ്ടിന്നുമിടയിലാണ്. പാരമ്പര്യത്തിന്നും, പരിതസ്ഥിതിക്കും അതിൻേറതായ പ്രാധാന്യങ്ങളുണ്ടു്. രണ്ടിൻേറയും കൂട്ടായ പ്രവർത്തനങ്ങളാണ് വിജയത്തിൻെറ അടിസ്ഥാനം.

ഒരു നല്ല കൃഷിക്കാരന്നറിയാം, വിത്തും നിലവും നന്നായാലെ ഒരു നല്ലവിളവു പ്രതീക്ഷിക്കാവൂ എന്നു്. ഒന്നാംതരം വിത്താണെങ്കിലും, നിലം തരിശാണെങ്കിൽ, വിളവു് മോശമാവും. അതുപോലെ തന്നെ നിലം എത്ര മികച്ചതെങ്കിലും വിത്തു 'കട'മെങ്കിൽ വിളവു് മോശംതന്നെ. മറിച്ചു് ഒന്നാംതരം വിത്തു്, ഒന്നാംതരം നിലത്തു് കൃഷിചെയ്താലൊ? സമൃദ്ധി നിശ്ചയമാണ്.

കാർഷികശാസ്ത്രത്തിലെ ഈ സാധാരണ തത്വം ശിശുപരിശിക്ഷണത്തിലും അക്ഷരംപ്രതി ശരിയാണ്,

പാരമ്പര്യത്തിന്നു് വ്യക്തിയുടെ ജീവിതത്തിലുള്ള സ്വാധീനശക്തി ആർക്കും നിഷേധിക്കാനാവില്ല. അമ്മവഴിക്കും അച്ഛൻവഴിക്കും ബുദ്ധിമാന്മാരായ തലമുറകളുടെ, നീണ്ട തലമുറകളുടെ, പാരമ്പര്യമുള്ള കുട്ടികൾ സാമാന്യേന കൂടുതൽ ബുദ്ധിമതികളായിത്തീരാനിടയുണ്ടു്. പാശ്ചാത്യനാടുകളിൽ വമ്പിച്ച പ്രചാരത്തിലുള്ള ബുദ്ധിപരീക്ഷകളുടെ ഫലം തെളിയിക്കുന്നതു്, അച്ഛനമ്മമാരുടെ ജീവിതോപാധികളും, കുട്ടികളുടെ ബുദ്ധിനിലവാരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണു്. ഇതിന്റെ അർത്ഥം പ്രൊഫസർമാരുടെ കുട്ടികളെല്ലാം ബുദ്ധിമാന്മാരും, നാടൻ കൃഷിക്കാരുടെ കുട്ടികൾ എല്ലാം ബുദ്ധികുറഞ്ഞവരും ആണെന്നാണോ? ഒരിക്കലും അല്ല. എന്നാൽ, പ്രൊഫസർമാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ ബുദ്ധിജീവികളുടെ കുട്ടികളുടെ ശരാശരി ബുദ്ധി, നാടൻ കൃഷിക്കാരുടെ കുട്ടികളുടെ ശരാശരി ബുദ്ധിയുടേതിനേക്കാൾ മികച്ചതാണെന്നു് പരീക്ഷണങ്ങൾ തെളിയിക്കുന്നു. അതുപോലെതന്നെ വിദഗ്ദ്ധതൊഴിലാളികളുടെ കുട്ടികളുടെ ബുദ്ധി അവിദഗ്ദ്ധതൊഴിലാളികളുടെ കുട്ടികളുടേതിനേക്കാൾ അധികമാണു്.

എന്നുവെച്ചു്, എല്ലാം പാരമ്പര്യത്തിന്റെ ഫലമാണെന്നു് ധരിക്കുന്നതു് അബദ്ധമാണു്. വിത്തു് എത്ര മികച്ചതെങ്കിലും പാറപ്പുറത്തിട്ടാൽ മരമാവില്ല. തരിശുനിലത്തു് നട്ടാൽ വളക്കൂറുള്ള മണ്ണിൽ നടുന്നതു

മേനി വിളയുകയുമില്ല മണ്ണിൻെറ ഈ ഉദാഹരണം നല്ല ചുററുപാടുകൾ നല്ല വ്യക്തികളുടെ വളച്ച്ക്ക് എത്ര മേൽ ആവശ്യമെന്നു് വിളിച്ചുപറയുന്നു.

ആരോഗ്യകരമായ അന്തരീക്ഷം ഉണ്ടായാൽ, സ്വല്പം താണ ബുദ്ധിനിലവാരമുള്ളവക്കുപോലും, കുറെയൊക്കെ വികാസം നേടാൻ കഴിയും. നല്ല ബുദ്ധിനിലവാരക്കാക്കാണെങ്കിൽ ആ അന്തരീക്ഷം അങ്ങേഅററത്തെ വളച്ച് നേടിക്കൊടുക്കും.

പരിതസ്ഥിതിക്കു്, സ്വഭാവരൂപീകരണത്തിലുള്ള അനിഷേദ്ധ്യമായ പങ്കിനുദാഹരണമാണു് ലക്നൊ ആശുപത്രിയിൽ, ഗവേഷണങ്ങൾക്കു വിധേയനായി കിടക്കുന്ന രാമു എന്ന ചെന്നായ ബാലൻ. ശൈശവം മുതൽക്കു ചെന്നായകളുടെ നടുവിൽ ജീവിച്ച അവന്നു് ചെന്നായയുടെ സ്വഭാവവിശേഷങ്ങളാണുള്ളതു്. മനുഷ്യൻെറ പ്രത്യേകതയായ ചിന്താശക്തി നഷ്ടപ്പെടുകയും ചെയ്തു.

പാരമ്പയ്യത്തിൻെറ നിയന്ത്രണത്തിൽ നമ്മുടെ കഴിവു് പരിമിതമാകുമ്പോൾ, പരിതസ്ഥിതികളെ സംബന്ധിച്ചേടത്തോളം നമ്മുടെ നിയന്ത്രണസാദ്ധ്യതകൾ അളവററതാണു്. പരിതസ്ഥിതികൾ നന്നാക്കാനും, ചീത്തയാക്കാനും, കുറെയൊക്കെ നമുക്കുതന്നെ സാധിക്കും. അതുകൊണ്ടു് പരിതസ്ഥിതികളെക്കുറിച്ചുള്ള പഠനം കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

രക്ഷിതാക്കന്മാരുടെ പെരുമാററം, വീട്ടിലെ അന്തരീക്ഷം, അദ്ധ്യാപകന്മാർ, സാമൂഹ്യജീവിതം എന്നിങ്ങിനെ വിവിധങ്ങളായ ഘടകങ്ങളെല്ലാം ഒരേ ലക്ഷ്യം വെച്ച്, അന്യോന്യം സഹകരിച്ചാലെ നല്ല ചുററുപാടുകഠം രൂപം കൊള്ളുകയുള്ളു. ഈ ഘടകങ്ങളുടെ കൂട്ടായ പ്രവത്തനത്തിൻെറ അഭാവത്തിൽ, നല്ല ചുററുപാടുകളിൽനിന്നു് നാം പ്രതീക്ഷിക്കുന്ന നേട്ടങ്ങഠം ഒരിക്കലും ലഭിക്കുകയില്ല.

നല്ല ചുററുപാടുകഠം ഉണ്ടായ്ത്തീരുകയെന്നതു് എത്രമേൽ വിഷമകരമെന്നു് ഇതിൽനിന്നു് വ്യക്തമാണല്ലൊ. എങ്കിലും നല്ല ചുററുപാടുകഠംക്കു് നല്ല കുട്ടികളെ വളത്തിക്കൊണ്ടുവരാനുള്ള കഴിവും, നല്ല ചുററുപാടുകഠം സൃഷ്ടിക്കാൻ, ശ്രമിച്ചാൽ നമുക്കു് സാധിക്കുമെന്ന വസ്തുതയും, നമുക്കു് ഉത്തേജനം നൽകുന്നു.

## നല്ല ശീലം, എങ്ങിനെ?

"പൊട്ടയിലെ ശീലം ചൊടലവരെ"! എത്ര അത്ഥവത്തായ ഒരു ചൊല്ല്! ബാല പരിശിക്ഷണപ്രശ്നത്തിൻെറ കേന്ദ്രബിന്ദു അതാണെന്നു് വേണമെങ്കിൽ പറയാം. ഒരു വ്യക്തിയുടെ ജയാപജയങ്ങഠം നിണ്ണയിക്കുന്നതു് അയാഠം ആജ്ജിച്ച ശീലത്തിൻെറ നന്മതിന്മകളാണു്. ഒരാഠം എത്രതന്നെ പ്രതിഭാസമ്പന്നനായിക്കൊള്ളട്ടെ, ദുശ്ശീലങ്ങഠംക്കടിപ്പെട്ടു പോയാൽ, അയാഠം നശിച്ചതുതന്നെ. അമേരിക്കയിൽ 'ഗ്യാസ്ചാമ്പറി'ലേക്കു് തള്ളപ്പെട്ട മി: ചെസ്മാൻ, അതിപ്രതിഭയോടു് അടുത്ത ബുദ്ധിശക്തി ഉണ്ടായിരുന്നു. പോരാ, അദ്ദേഹം ഭാവനാസമ്പന്നനായ ഒരു സാഹിത്യകാരൻ കൂടിയായിരുന്നു. പക്ഷെ അദ്ദേഹത്തിൻെറ ഈ ഗുണങ്ങഠം ലോകത്തിന്നു് അറിയാൻ

കഴിഞ്ഞതു്, മനുഷ്യോചിതമല്ലാത്ത, നിരവധി, കുററത്തിന്നു് ശിക്ഷിക്കപ്പെട്ടു്, അദ്ദേഹം മരണത്തെ കാത്തു് തടവുമുറിയിൽ കഴിച്ചുകൂട്ടുമ്പോഴാണു്! അദ്ദേഹത്തിൻെറ ബാല്യം ഒട്ടുംതന്നെ സന്തോഷകരമായിരുന്നില്ലത്രെ. ബാല്യത്തിൽ ദുശ്ശീലങ്ങൾ സ്വന്തമാക്കിയിരുന്നില്ലെങ്കിൽ, അദ്ദേഹത്തിൻെറ ജീവിതനാടകം ഇങ്ങിനെ ഒരു ട്രാജഡിയായിത്തീരുമായിരുന്നോ? ഇല്ലെന്നതു് തീച്ച്യയാണു്.

ചുരുക്കത്തിൽ ജീവിതത്തിൻെറ വിജയം നിർണ്ണയിക്കുന്നതു് ശീലമാണു്. നല്ല ശീലങ്ങൾ ഉള്ളവനെ എല്ലാവരും സ്നേഹിക്കുന്നു; സഹായിക്കുന്നു. മറിച്ചു് ദുശ്ശീലക്കാരനെ എല്ലാവരും വെറുക്കും. അവൻെറ ജീവിതം, ക്ഷണികങ്ങളായ ചില്ലറ നേട്ടങ്ങൾ ഉണ്ടായാൽപ്പോലും, അവസാനിക്കുക, പരാജയത്തിലായിരിക്കും, സംശയമില്ല! തന്നിൽ അർപ്പിക്കപ്പെടുന്ന ഭാരിച്ച ചുമതലകൾ സമത്ഥമായ രീതിയിൽ ഏറെറടുത്തു നടത്താൻ കഴിവുണ്ടാക്കുന്നതും ശീലമാണു്. ഒരാളുടെ ജീവിതം രൂപപ്പെടുത്തുന്നതിൽ ശീലം വഹിക്കുന്ന നിർണ്ണായകമായ ഈ പങ്കു് മനസ്സിലാക്കിക്കൊണ്ടാണു്, നല്ല ശീലം വളത്തിക്കൊണ്ടുവരേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചു് ആവത്തിച്ചു് പറയേണ്ടിവരുന്നതു്.

ശീലം എന്നാലെന്താണു്? ഒററ വാചകത്തിൽ നിർവ്വചിക്കുക സാദ്ധ്യമല്ല. ആവത്തനത്തിൻേറയും പ

ാനത്തിൻെറയും ഫലമായി നമ്മുടെ ചിന്തകളും പ്രവ ൎത്തനങ്ങളും ഓരോ രീതിവിശേഷങ്ങൾ സംഭവിക്കു ന്നുണ്ടു്. ഒരു സംഭവംതന്നെ പല ആളുകളിലും പല തരത്തിലുള്ള പ്രതികരണങ്ങൾ ആണു് ഉണ്ടാക്കുന്നതു് — എന്തുകൊണ്ടാണതു്? ആ ആളുകളിൽ ഓരോരുത്തരും ചിന്തിക്കുന്നതു് ഓരോ രീതിയിലാണു്. അവരുടെ ശീലങ്ങൾ വ്യത്യസ്തങ്ങളാണു്.

നമ്മുടെ ചിന്തയേയും പ്രവൎത്തിയേയും ആകെ നിയന്ത്രിക്കുന്നതു് ശീലമാണു്. രാവിലെ എഴുന്നേൽക്കൽ, കുളി, വ്യായാമം, ഭക്ഷണം, പഠനം, കുടുംബത്തിലെ മററുള്ളവരോടുള്ള പെരുമാററം, സഹപ്രവൎത്തകരോടുള്ള മനോഭാവം ഇവയിലെല്ലാം ഒരാളുടെ ശീലത്തിൻെറ 'വ്യക്തിമുദ്ര'കൾ കാണാം. ഈ കാര്യങ്ങളിൽ ഒരാളുടെ പ്രവൎത്തനങ്ങളെക്കുറിച്ചു് പഠിക്കുമ്പോൾ, നമുക്കു് ആ ആളുടെ 'ശീലത്തെ'ക്കുറിച്ചു് സമഗ്രമായ ഒരു രൂപംതന്നെ ലഭിക്കുന്നു. ഈ രംഗങ്ങളിലെല്ലാം നല്ല ശീലം ആദ്യംമുതല്ക്കുതന്നെ വളൎത്തിക്കൊണ്ടു വരാൻ കഴിഞ്ഞാൽ, ഒരു വലിയ നേട്ടമായിരിക്കും.

നല്ല ശീലം നേടിക്കഴിഞ്ഞാൽ പിന്നെ നാം അറിയാതെതന്നെ അതിൻെറ വഴിക്കു നീങ്ങുന്നു. ഒരു ദാഹരണം പറയാം. സത്യസന്ധത നല്ല ശീലമാണു്. എന്നാൽ സത്യം പറയുന്നവരെയെല്ലാം, ആ നല്ല ശീലക്കാരെന്നു് വിധിക്കാൻ കഴിയുമോ? പററില്ല. കാരണം സത്യസന്ധനായതുകൊണ്ടു് സത്യം പറയുന്നതും,

സത്യം കണ്ടുപിടിക്കപ്പെട്ടുമൊ എന്നു് ഭയന്നു് സത്യം പറയുന്നതും രണ്ടും രണ്ടാണു്. രണ്ടാമത്തു് പറഞ്ഞതു് മറെറന്തായാലും സത്യസന്ധതയുടെ ലക്ഷണമാവില്ല. അതുപോലെത്തന്നെയാണു്, ലോക്കപ്പിനെ ഭയന്നു് കുററം ഏററുപറയുന്നതും. ഭവിഷ്യത്തുക്കളെ ഭയന്നു് സത്യം പറയുന്ന കള്ളൻ, കള്ളനല്ലാതാവുന്നില്ല. മറിച്ചു്, ഭീരു എന്നൊരു വിശേഷണവുംകൂടി അയാഠം നേടുന്നുവെന്നു് മാത്രം - മറിച്ചു്, സത്യസന്ധതയുടെ ശീലമുള്ള ഒരാഠം, ഭവിഷ്യത്തുക്കളെപ്പററി ആലോചിക്കുകപോലുമില്ല. അയാഠം നേർവഴിക്കുമാത്രം ചിന്തിക്കുന്നു. കളവുമുതൽ കണ്ടുകിട്ടിയാൽ, അതു് ഒളിപ്പിച്ചുവെച്ചാലത്തെ നേട്ടങ്ങളെക്കുറിച്ചു് ആലോചിക്കില്ല. അതുകൊണ്ടു് താൻ കണ്ടുപിടിക്കപ്പെട്ടാലൊ എന്നു് അയാഠംക്കു് ഭയപ്പെടുകയും വേണ്ട. അതേസമയം, അതു് യഥാർത്ഥ ഉടമക്കു് എങ്ങിനെ എത്തിച്ചു കൊടുക്കുമെന്നതായിരിക്കും അയാളുടെ മനസ്സിനെ അലട്ടുന്ന പ്രശ്നം. അയാഠം മറെറാരുവഴിക്കും ചിന്തിക്കുകയേയില്ല. സത്യസന്ധത അയാളുടെ ശീലമായി തീൎന്നുകൊണ്ടാണിതു്.

നല്ല ശീലങ്ങഠം വളർത്തിക്കൊണ്ടുവരണമെന്നു് ആരാണു് മോഹിക്കാത്തതു്. പക്ഷെ മോഹിച്ചതുകൊണ്ടു മാത്രമായില്ല. ലക്ഷ്യം നേടുന്നതിന്നു്വേണ്ടി നിരന്തരമായി ശ്രമിക്കുകതന്നെ വേണം. ജനനംമുതൽ ഒരു കുട്ടി, ഭക്ഷണം, ഉറക്കം, കളി, വിശ്രമം, തുട

ങ്ങിയ കാര്യങ്ങൾക്കുവേണ്ടി, ബാഹ്യലോകവുമായി ഇടപെടാൻ തുടങ്ങുന്നു. ഇങ്ങിനെയുള്ള ഓരോ ഇടപാടും കുട്ടിയുടെ മനോമണ്ഡലത്തിൽ വ്യക്തമായ ചില പ്രതികരണങ്ങൾ ഉളവാക്കും. ആ പ്രതികരണങ്ങളുടെ ആവർത്തനഫലമായി മുതിരുമ്പോൾ, അനിയന്ത്രിതമായ രീതിയിൽ അയാൾ ആ വിധത്തിൽ പ്രവർത്തിക്കും.

അപ്പോൾ, ഏതെങ്കിലും ഒരു കാര്യത്തിൽ ഒരു നല്ല ശീലം വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ രീതിയിൽ കുട്ടിയുടെ പ്രവർത്തനം ആദ്യം ചിട്ടപ്പെടുത്തണം. പിന്നീട് അത് സ്വയം പ്രവർത്തിക്കുന്ന ഒരു ശീലമായിത്തീരുംവരെ കണിശമായും ആവർത്തിക്കണം. ഉദാ: കൃത്യസമയത്ത് ഭക്ഷണം കഴിക്കണമെന്ന ശീലം കുട്ടിയിൽ വളർത്തണമെന്നിരിക്കട്ടെ. ആ കൃത്യസമയത്തു മറ്റെന്തുപ്രവർത്തിയായാലും അത് വിട്ടെറിഞ്ഞ് ഭക്ഷണം കഴിക്കാൻ പോകണം. ചിലപ്പോൾ രസകരമായ വല്ല പ്രവർത്തിയിലേപ്പെട്ടിരിക്കുകയാണെങ്കിൽ കൂടി ആ സമയമെത്തുമ്പോൾ, അത് വിട്ട്, അടുത്ത പരിപാടി ആരംഭിക്കണം. ഇത് ഭക്ഷണം കൃത്യസമയത്ത് ചിട്ടപ്പെടുത്തുന്നതിൻെറ ശീലം കുട്ടിയിൽ വളർത്തിക്കൊണ്ടുവരും. ആദ്യമാദ്യം ബോധപൂർവ്വമായ നിർദ്ദേശംകൊണ്ടു മാത്രമാണ് ആ ചിട്ടപ്പെടുത്തൽ സാധിക്കുന്നതെങ്കിൽ കുറെ കഴിയുമ്പോൾ, കുട്ടി ഭക്ഷണസമയത്തിൻെറ കൃ

KOTTAYAM PUBLIC LIBRARY
70839
KOTTAYAM.

ത്യത പാലിക്കുന്നതിൽ സ്വയം ശ്രദ്ധാലുവായിത്തുടങ്ങുന്നതു കാണാം. ഇതുപോലെ തന്നെ ഉറക്കം, എഴുന്നേൽക്കൽ, പഠനം, കളി, എന്നീ കാര്യങ്ങളിലും നല്ല ശീലങ്ങൾ വളർത്താൻ സാധിക്കും.

സ്വഭാവത്തോടു ബന്ധപ്പെട്ട സത്യസന്ധത, സൌഹൃദം, തുടങ്ങിയ ശീലങ്ങൾ വളർത്തിയെടുക്കാൻ രക്ഷിതാക്കന്മാർ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ടു്. അതായതു് അത്തരം കാര്യങ്ങൾ കുട്ടികൾ പഠിക്കുന്നതു് വലിയവരെ നോക്കിയാണു്. വലിയവർ കുട്ടികളോടും, വലിയവർ തമ്മിൽത്തമ്മിലും ഉള്ള പെരുമാററത്തിൽ, നാം കുട്ടികളിൽ വളർന്നുകാണാൻ ആഗ്രഹിക്കുന്ന ശീലങ്ങൾ പ്രാവർത്തികമാക്കിക്കാണണം. കുട്ടികൾ 'പ്രത്യക്ഷദൈവങ്ങ'ളായി അച്ഛനമ്മമാരെയാണു് കണക്കാക്കുക. അവരുടെ പ്രവർത്തനങ്ങളെ അവർ അതിയായ താല്പര്യത്തോടെ വീക്ഷിക്കുന്നുണ്ടാവും. അവർ നിസ്സാരമാക്കി തള്ളുന്ന ചെറിയ കാര്യങ്ങൾപോലും കുട്ടികളുടെ ശ്രദ്ധയിൽ പെടാതിരിക്കയില്ല. അതുകൊണ്ടു് കുട്ടികളിൽ നല്ല ശീലം വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കന്മാർ ആദ്യമായി വേണ്ടതു് തങ്ങളുടെ പ്രവൃത്തികൾ ചിട്ടപ്പെടുത്തുകയാണു്. എളുപ്പത്തിൽ ക്ഷുഭിതരായി സംസാരിക്കുക, മററുള്ളവരെ പുച്ഛിക്കുക, പരസ്പരം കലഹിക്കുക, പരാജയങ്ങൾ നേരിടുമ്പോൾ നില തെററിപ്പോവുക, തുടങ്ങിയ കാര്യങ്ങളിൽ രക്ഷിതാക്കന്മാരു

ടെ മാതൃക, കുട്ടികഠം എളുപ്പത്തിൽ പകത്തും. അത്തരം ദുശ്ശീലങ്ങഠം കുട്ടികളിൽ ഒഴിവായിക്കാണാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതു്, ആ ദുശ്ശീലങ്ങളുടെ പ്രകടനങ്ങളുമായി കുട്ടികഠംക്കു് യാതൊരുവിധ സമ്പക്ക്വുമില്ലാതെ സൂക്ഷിക്കുകയാണ്. അതുമാത്രം പോരാ—തെററായ ശീലങ്ങഠം ഒഴിവാക്കിയാൽ മാത്രം പോരാ—നല്ല ശീലങ്ങഠം വളരാൻ സഹായിക്കുകകൂടി വേണം. അന്യരെ സ്നേഹിക്കുവാനും കളിസ്സാമാനങ്ങഠം കൂട്ടുകാരുമായി പങ്കിടുവാനും മററും ആദ്യം മുതല്ക്കു തന്നെ കുട്ടിയെ പ്രേരിപ്പിക്കേണ്ടതു് ആവശ്യമാണ്. ആ പ്രേരണ നൂവശതമാനവും സ്നേഹപൂണ്ണമാവണമെന്നും, നിബ്ബന്ധത്തിൻെറ അംശം അതിലുണ്ടാവരുതെന്നും പറയേണ്ടതില്ലല്ലൊ.

നല്ല ശീലം വളത്തിയെടുക്കുക എന്ന ലക്ഷ്യത്തെപ്പോലെതന്നെ ആ ലക്ഷ്യം നേടുന്നതിനുവേണ്ട, മാർഗ്ഗങ്ങളും നന്നാവണം. 'വരണ്ട' ഉപദേശങ്ങഠം നൽകി കുട്ടിയെ മടുപ്പിക്കുന്ന ഒരു പതിവുണ്ടു്. അതുകൊണ്ടു് പലപ്പോഴും വിപരീതഫലമാണുണ്ടാവുക! "നീ നല്ലവനാകു! സത്യമെ പറയാവൂ! കാരണവന്മാരെ അനുസരിക്കണം!" എന്നിങ്ങിനെയുള്ള "മനോഹരങ്ങളായ ഉപദേശങ്ങഠം" ചൊരിഞ്ഞു കുട്ടിയുടെ മനസ്സിനെ വിഷ്പുമുട്ടിക്കുന്ന പതിവു് നമ്മുടെ ഇടയിൽ സവ്വസാധാരണമാണു്. ഇതു് കുട്ടികളിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങളാവട്ടെ വിനാശകരങ്ങളും! മറിച്ചു്

കുട്ടിയോടു് എന്താവശ്യപ്പെട്ടപ്പോഴും, അതു ചെയ്യു വാൻ അവനു് ഒരു പ്രേരണയുണ്ടാവണമെന്നുകൂടി ശ്രദ്ധിക്കണം. ആന്തരമായ പ്രേരണകൊണ്ടു് ചെയ്യുന്ന ഓരോ പ്രവൃത്തിയും, ചെയ്തുതീരുമ്പോൾ, അവൻെറ മനസ്സിൽ ചാരിതാൎത്ഥ്യത്തിൻെറ പൂക്കൾ വിടരുന്നു. ആ പൂക്കളിൽനിന്നാണു് നല്ല ശീലമാകുന്ന കായ്കൾ ഉണ്ടാവേണ്ടതു്. സമ്മാനങ്ങൾ നൽകുക, പ്രശംസിക്കുക, തുറന്നുസംസാരിച്ചു് കാൎയ്യം മനസ്സിലാക്കിക്കൊടുക്കുക, എന്നിങ്ങിനെ വിവിധങ്ങളായ മാൎഗ്ഗങ്ങളിലൂടെ കുട്ടിയിൽ നല്ല കാര്യങ്ങൾ ചെയ്യുവാനുള്ള പ്രേരണ ഉണ്ടാക്കാം. ചീത്ത ശീലങ്ങളോടു പൊരുതിജയിക്കാനുള്ള ആത്മവീര്യം വളൎത്താനും, ഈ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താം. ചുരുക്കം സന്ദർഭങ്ങളിൽ മററെല്ലാ മാർഗ്ഗങ്ങളും വിഫലമാവുമ്പോൾ ശിക്ഷയും ഉപയോഗപ്പെടുത്തേണ്ടിവന്നേക്കാം. എന്നാൽ പററിയ അടവുകൾ പററിയ സമയത്തു് പ്രയോഗിക്കുന്നതിലാണു് ഒരു രക്ഷിതാവിൻെറ വിജയം കുടികൊള്ളുന്നതു്.

നല്ല ശീലക്കാരായ കുട്ടികൾ വീടിനും നാട്ടിനും സമ്പത്താണു്. ആ സമ്പത്തിൻെറ സ്രഷ്ടാക്കൾ, രക്ഷിതാക്കന്മാരല്ലാതെ മററാരുമല്ല.

## നിങ്ങളും കുട്ടികളും

നിങ്ങളും കുട്ടികളും തമ്മിലുള്ള ബന്ധമെന്തായിരിക്കണം? ഇതിന്നു് ശരിയായ ഒരു ഉത്തരം കണ്ടെത്തിയാൽ നിങ്ങൾ ജയിച്ചു. കുട്ടിയുടെ ജനനം മുതൽ ആരംഭിക്കുന്ന ഈ ബന്ധം പുതിയ പുതിയ ചുവടുകൾ വെച്ചുകൊണ്ടു് അവൻ വളൎന്നു വലുതായി ഒരു സ്വതന്ത്രപൌരനായിത്തീരുന്നതുവരെ തുടൎന്നുപോകുന്നു. അതൊരു ഘട്ടമാണു്. പിന്നേയും ബന്ധം തുടൎന്നുപോകുമെങ്കിലും, ആ രണ്ടാം ഘട്ടം ഒന്നാം ഘട്ടത്തേതിൽനിന്നു് ഗുണത്തിൽ തികച്ചും വ്യത്യസ്തമാണു്. കുട്ടികളുടെ വ്യക്തിത്വം രൂപീകരണദശയിൽ ഇരിക്കുന്ന ഒന്നാം ഘട്ടം തന്നെയാണു് എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതു്. അതിൻെറ വിജയത്തെ ആശ്രയിച്ചിരിക്കുന്നു ആ വ്യക്തിയുടെ ഭാവിമുഴുവൻ.

രക്ഷിതാക്കന്മാർ എത്രയോ മധുരസ്വപ്നങ്ങളും, പ്രതീക്ഷകളുമാണു് ഒരു കൊച്ചുകുഞ്ഞിൻെറ ജീവിതത്തിൽ നെയ്യെട്ടുക്കന്നതു്. മകൻ യോഗ്യനായിത്തീരണമെന്നും, തനിക്കു് തളർച്ചതട്ടുന്ന കാലത്തു് ഒരു താങ്ങും തണലുമായിത്തീരണമെന്നും, ആഗ്രഹിക്കാത്ത ഒരു രക്ഷിതാവെങ്കിലും ഉണ്ടാവുമോ? ഇല്ല. പക്ഷെ, എത്രപേൎക്കു് അവരുടെ ആഗ്രഹങ്ങൾ നിറവേറാറുണ്ടു്? വ്യസനത്തോടെ പറയട്ടെ, വളരെ കുറവാണു്. കുട്ടി വലുതായി ഒരു പൌരനായിത്തീരുമ്പോഴാണു് താൻ അന്നുവരെ പടുത്തുയൎത്തിയതു് വെറും ആകാശക്കോട്ടയായിരുന്നുവെന്ന ദുഃഖകരമായ വസ്തുത അവർ മനസ്സിലാക്കുന്നതു്. പക്ഷെ ഈ കുടുംബത്തകർച്ചക്കുത്തരവാദിയാർ? കുട്ടിയുടെ നന്ദികേടിനെ പഴിക്കാനാവും സ്വാഭാവികമായും ഒരു രക്ഷിതാവിൻെറ വാസന-ഒററനോട്ടത്തിൽ അതു ശരിയാണെന്നു തോന്നുകയും ചെയ്യും. എന്നാൽ പ്രിയപ്പെട്ട രക്ഷിതാവേ! നിങ്ങൾക്കു തെററിപ്പോയി. നിങ്ങളുടെ കുട്ടി വഴിതെററിപ്പോയെങ്കിൽ അതിനുത്തരവാദിത്വം വഹിക്കേണ്ടതു് മറെറാരാളുമല്ല, നിങ്ങൾതന്നെയാണു്. അവൻ ഒരു നല്ല പൌരനായി വളരാൻ നിങ്ങൾ ആത്മാൎത്ഥമായും ആഗ്രഹിച്ചതു് ശരിയാവാം. അതിന്നു് ദൈവത്തോടു് പ്രാൎത്ഥിച്ചതു് ശരിയാവാം. പക്ഷെ ആ ആഗ്രഹം നിറവേറിക്കാണാൻ നിങ്ങൾ ഒന്നും പ്രവൎത്തിച്ചില്ലെന്നതാണു് സത്യം. നിങ്ങൾ ഒരാത്മപരിശോധന നടത്തിനോക്കൂ. ആ സത്യം നിങ്ങളെ തുറിച്ചുനോക്കുന്നുണ്ടാവും.

കുടുംബത്തകർച്ചയുടെ മുഖ്യകാരണം രക്ഷിതാവും കുട്ടിയും തമ്മിലുണ്ടാവേണ്ട ബന്ധം ആരോഗ്യകരമല്ലാത്തതാണ്. രക്ഷിതാവും കുട്ടിയും ഹൃദയം തുറന്നു സംസാരിക്കുന്ന സമ്പ്രദായം വളർത്തണം, അച്ഛൻ, സ്നേഹം തന്റെ ഹൃദയത്തിന്റെ ഏററവും അടിയിൽ ഒരു കോണിൽ ഒളിച്ചുവെച്ചാൽ പോരാ സ്നേഹത്തിന്റെ അമൃതധാരയിൽ കുളിക്കുന്നതിന്റെ രസം കുട്ടിക്ക് അനുഭവപ്പെടുത്തുകതന്നെ വേണം. ഒരു ന്യായാധിപൻ ന്യായം പ്രവർത്തിച്ചാൽ മാത്രം പോരാ, ന്യായം പ്രവർത്തിച്ചുവെന്ന് മററുള്ളവർക്കു തോന്നുകകൂടി വേണം. അതുപോലെ ഒരു രക്ഷിതാവിന്ന് കുട്ടികളോട് സ്നേഹം ഉണ്ടായാൽ മാത്രം പോരാ, താൻ സ്നേഹിക്കപ്പെടുന്നുണ്ടെന്ന് കുട്ടിക്ക് ബോദ്ധ്യം വരികതന്നെ വേണം.

സ്നേഹം നുകർന്നു വളരുന്ന കുട്ടി വഷളാകുമെന്നും, 'ചൂര'ൽപ്പഴമാണ് കുട്ടികളുടെ നന്മക്ക് ഏററവും സഹായകമെന്നും, ഒരു ധാരണ അല്ല, തെററിദ്ധാരണ നമ്മുടെയിടയിൽ ഉണ്ട്. കുട്ടിയോടുള്ള സ്നേഹം പ്രകടിപ്പിച്ചാൽ കുട്ടി മോശക്കാരനാവുംപോലും. ഈ ആശങ്ക ഭയന്നു് ഉള്ളിലുള്ള സ്നേഹം പുറത്തേക്കു തള്ളി വരുന്നതിനെ തടയാൻ കൂററൻ അണക്കെട്ടുകൾ കെട്ടുന്ന ശുദ്ധാത്മാക്കളുണ്ട്. സത്യത്തിൽ ഈ തെററിദ്ധാരണ രക്ഷിതാവും കുട്ടിയും തമ്മിൽ ഒരു കനത്ത ഇരുമ്പുമറ സൃഷ്ടിക്കുകയാണ്. വ്യത്യസ്തങ്ങളായ രണ്ടു പാതയിലൂടെ രക്ഷിതാവിന്റേയും കുട്ടിയുടേയും മന

സ്സ് മുന്നോട്ടു പോകുന്നു. മററു കുള്ളമനോഗതിയെ കുറിച്ചു് ഒരു പിടിയുമില്ലാത്ത ഈ പോക്കു്, കാലം ചെല്ലുമ്പോഠം കനത്ത പ്രശ്നങ്ങഠം കുടുംബത്തിൽ വരുത്തിവെക്കുന്നു. കാലം ചെന്നതുകൊണ്ടു് പ്രശ്നം പരിഹരിക്കാനാവാത്തതായിത്തീൎന്നിട്ടുമുണ്ടാവും. വിവാഹത്തിൽ, ഉദ്യോഗകാര്യത്തിൽ എന്നിങ്ങിനെയുള്ള നിരവധി പ്രശ്നങ്ങളിൽ കുടുംബത്തകർച്ച സംഭവിക്കുന്നതു് നമ്മുടെ നാട്ടിൽ ഒരു നിത്യസംഭവമാണു്—ഇതിൻെറ യെല്ലാം കാരണം, രക്ഷിതാവിനേയും കുട്ടിയേയും തമ്മിൽ വേർതിരിക്കുന്ന ഇരിമ്പുമറ തല്ലിത്തകക്കാൻ സാധിക്കാതെപോയതാണു്.

ഇനിയൊരു സംഗതിയുണ്ടു്. നിങ്ങഠം നിങ്ങളുടെ കുട്ടിയുടെ വ്യക്തിത്വം അംഗീകരിക്കണം. അവൻ നിങ്ങളുടെ മകനാകകൊണ്ടു്, അവനു പ്രായപൂത്തിയാവുന്നതുവരെ നിങ്ങഠംക്കു് അവൻെറ മേൽ പരമാധികാരമുണ്ടെന്നതു് നിയമദൃഷ്ട്യാ ഒരു വാസ്തവമാണു്. പക്ഷെ ആ പരമാധികാരത്തിന്നു്. വ്യക്തമായ ചില പരിമിതികഠം ഉണ്ടു്. ഒരു കൊച്ചുകുഞ്ഞുപോലും മനുഷ്യസമുദായത്തിലെ ഒരു പ്രത്യേകമായ ഘടകമാണു്. അവന്നു് സ്വന്തമായ ആശകളും അഭിലാഷങ്ങളും, അഭിപ്രായങ്ങളുമുണ്ടു്. പെററുവീണു് സ്വല്പം ദിവസം മാത്രമേ അവൻ അന്യരുടെ പൂണ്ണമായ ആശ്രിതത്വത്തിൽ കഴിയുന്നുള്ളു. അതിൽപ്പിന്നെ ഓരോ ദിവസം കഴിയുന്തോറും അവൻെറ വ്യക്തിത്വം ശക്തിപ്രാപി

ച്ചുവരുന്നു. ഈ പരമാൎത്ഥം അംഗീകരിക്കേണ്ടതു് ഒരു രക്ഷിതാവിന്റെ കടമയാണു്.

ഈ വ്യക്തിത്വത്തെ അംഗീകരിച്ചാൽ പോരാ, അതിനെ ശക്തിപ്പെടുത്താൻ വേണ്ടി പ്രവൎത്തിക്കുകയും വേണം.

കുട്ടിയുടെ ജീവിതത്തിൽ രക്ഷിതാക്കന്മാർ താല്പര്യം കാണിക്കേണ്ടതു് ഒരാവശ്യമാണു്. കുട്ടിയുടെ സുഖദുഃഖങ്ങളിൽ, അവരുടെ ജയാപജയങ്ങളിൽ എല്ലാം രക്ഷിതാവിന്നു് ആത്മാൎത്ഥമായ താല്പര്യമുണ്ടാവണം. സ്വന്തം കുട്ടിയുടെ നേട്ടങ്ങളിൽ ആഹ്ലാദിക്കാത്തവരുണ്ടാവില്ല. എങ്കിലും താഴ്മയുടെപേരിൽ അവരതു പ്രകടിപ്പിക്കില്ല. ക്ലാസ്സിൽ ഒന്നാമനായെന്നു് ഒരു കുട്ടിവന്നു് പറയുമ്പോൾ ഒരച്ഛൻ നിൎവ്വികാരനായി നോക്കിനിന്നാൽ ആ കുട്ടിയുടെ മനസ്സിൽ ഉണ്ടാവുന്ന പ്രതികരണം എന്താവുമെന്നു് ഒന്നാലോചിച്ചുനോക്കു. തീർച്ചയായും അവന്റെ നേട്ടത്തിൽ അതീവസന്തുഷ്ടനാണെന്നു് അവനറിയണം.

എന്തെങ്കിലും ജോലിയോ ബിസിനസ്സോ ഉള്ള രക്ഷിതാക്കന്മാർ രാവിലെ വീട്ടിൽനിന്നു് പോയാൽ മടങ്ങിയെത്തുന്നതു് രാത്രി വൈകിയിട്ടാവും – അവരുടെ കുട്ടികളെ അവർ ദിവസത്തിലൊരിക്കലെങ്കിലും കണ്ടുമുട്ടിയാൽ ഭാഗ്യമായി. ഇതു് വാസ്തവത്തിൽ ആ രക്ഷിതാക്കന്മാർ കുട്ടികളോടു് ചെയ്യുന്ന ഒരു പാതകം

തന്നെയാണു്. അച്ഛനും അമ്മയുമായി വർത്തമാനം പറഞ്ഞു് രസിക്കാനും വിനോദിക്കാനും, കുട്ടികൾക്കു് അവകാശമുണ്ടു്. അതു് നിഷേധിക്കുകവഴി ഒരു തെററു ചെയ്യുന്നുവെന്നു മാത്രമല്ല, കുട്ടികളുമായി വൈകാരികബന്ധം സ്ഥാപിക്കുവാനുള്ളൊരു സുവർണ്ണാവസരം നഷ്ടപ്പെടുത്തുകകൂടി ചെയ്യുന്നുണ്ടു്. എത്ര തിരക്കിട്ട പരിപാടിയുണ്ടായാലും നിത്യവും സ്വല്പസമയം കുട്ടികളുമായി കൂടിക്കഴിയുക പതിവാക്കുന്നതു് ഉചിതമായിരിക്കും. രാവിലെയാണെങ്കിൽ പ്രാതൽസമയം ഇതിനുപയോഗപ്പെടുത്താം. കുട്ടികളൊത്തു പ്രാതൽകഴിക്കുക ഒരു നിയമമാക്കിയാൽ മതി. അതുപോലെത്തന്നെ വൈകുന്നേരവും കുടുംബത്തിലുള്ള വലിയവരും ചെറിയവരും ഒത്തുചേരുന്ന ഒരു പരിപാടി ദിനചര്യയിൽ ഉൾപ്പെടുത്തുന്നതു് നന്നായിരിക്കും.

ഇത്രയും പറഞ്ഞതു് കുട്ടികളോടുള്ള അശ്രദ്ധയുടെ കാര്യമാണു്. എന്നാൽ പറയാമല്ലൊ, അതിശ്രദ്ധയും അപകടമാണു്. അശ്രദ്ധ കുട്ടികളെ തെമ്മാടികളും, വികൃതികളും, നില തെററിയവരും ആക്കുമെങ്കിൽ, അതിശ്രദ്ധ അവരെ നട്ടെല്ലില്ലാത്ത ഭീരുക്കളും, സ്വാർത്ഥികളുമൊക്കെ ആക്കിത്തീർക്കും. "എൻെറ മകനു് എല്ലാററിനും, ഞാൻ വേണം – എല്ലാററിനും ഞാൻ വേണം" എന്നിങ്ങനെ അഭിമാനത്തോടെ പറയുന്ന രക്ഷിതാക്കന്മാരുണ്ടു് – പല്ലു തേക്കാനും, പാലു കുടിക്കാനും, ഊൺ കഴിക്കാനും, ഷൂസിടാനും, ഉറങ്ങാനും

എല്ലാം അച്ഛൻേറയോ അമ്മയുടെയോ സഹായത്തിന്നു് ശാഠ്യം പിടിക്കുന്നതു് അച്ഛനമ്മമാരോടുള്ള സ്നേഹത്തിൻെറ പ്രകടനമായി ആ പാവങ്ങരം തെററിദ്ധരിക്കുന്നു! ഈ 'സ്നേഹശാലി'കളുടെ ഉപഗ്രഹങ്ങളായി വളരുന്ന കുട്ടികറം പലപ്പോഴും സമത്ഥന്മാരായി കാണാറുണ്ടു്. എന്നാൽ അവക്കു പ്രകാശം നൽകുന്ന 'സൂര്യൻ' അപ്രത്യക്ഷമായാൽ? പിന്നെ എന്നും കറുത്ത വാവു തന്നെ! അത്തരം കുട്ടികറംക്കു് അച്ഛനമ്മമാരുടെ നേതൃത്വം നഷ്ടപ്പെട്ടാൽ തന്നെ തകർച്ചയുടെ പാത മാത്രമെ തുറന്നു കിടപ്പുണ്ടാവുകയുള്ളു.

അതിശ്രദ്ധക്കു് മറെറാരുദാഹരണം കൂടി പറയാം. തൊട്ടതിന്നെല്ലാം കുട്ടികളോടു് ശാസിക്കുന്ന ഏകാധിപതികളെ കണ്ടിട്ടില്ലേ? തെററു് എത്ര നിസ്സാരമാണെങ്കിലും അതിൻെറ സാഹചര്യം മനസ്സിലാക്കിയ ശേഷമെ, കുട്ടിയെ ശാസിക്കാൻ ഒരുമ്പെടാവൂ- ഒരു കുട്ടി ഒരു ഗവേഷകൻെറ ജിജ്ഞാസയോടെയാണു് ജീവിതം ആരംഭിക്കുന്നതു്. അവൻ പലതും 'പരീക്ഷണം' നടത്തി പഠിക്കാനാണു് ഇഷ്ടപ്പെടുക. അതിൽ അവന്നു് തെററു പററാം. ഈ ലോകത്തിൽ ആക്കാണു് തെററു പററാത്തതു്? അതിൽ ആ കുട്ടിയോടു് കയത്താൽ പിന്നെ അവൻ, അവൻെറ 'ഗവേഷണം' നിത്തിയേക്കും. പക്ഷെ അതോടെത്തന്നെ അവൻെറ മാനസികമായ വളർച്ചയും ഒരു വഴിത്തിരിവിലെത്തും. മറിച്ചു് അത്തരം കാര്യങ്ങളിൽ തെററു് എങ്ങിനെ സംഭവിച്ചു

വെന്നു് അവനെ മനസ്സിലാക്കാൻ ശ്രമിക്കുകയാണെങ്കിലൊ? അവന്റെ തെററുകൾ ഒഴിവാക്കുവാനും, ഗവേഷണത്തിന്റെ നല്ല ഫലങ്ങൾ ഭാവിയിൽ ഉപയോഗപ്പെടുത്താനും ശ്രദ്ധിച്ചുകൂ.

തെററുകളോടുള്ള 'ഈ പുതിയ സമീപന' ത്തിന്റെ അത്ഥം എന്നും, ഏതു പരിതഃസ്ഥിതിയിലും 'ശിക്ഷ' നൽകാൻ പാടില്ലെന്നാണെന്നു് തെററിദ്ധരിക്കരുതു്. ചുരുക്കം സന്ദർഭത്തിൽ, കുററത്തിന്റെ ഗുരുത്വം നോക്കി, മററു വഴികൾ പരാജയപ്പെടുമ്പോൾ 'ശിക്ഷ' ഉപയോഗപ്പെടുത്താവുന്നതാണു്. പക്ഷെ അതു് അവസാനത്തെ ആയുധമായി തീരണമെന്നു മാത്രം.

ചുരുക്കത്തിൽ ഓരോ കാര്യത്തിലും, ഒരു 'ബാലൻസ്' നിലനിത്തിപ്പോരുകയാണു് ആവശ്യം—അശ്രദ്ധയും അതിശ്രദ്ധയും തമ്മിൽ സ്നേഹപ്രകടനവും, നിർവ്വികാരത്വവും തമ്മിൽ എല്ലാം ഒരു 'ബാലൻസ്' നിലനിത്തണം. സന്ദർഭത്തിനും ആവശ്യത്തിനും അനുസരിച്ചു് വേണ്ടതു് പ്രയോഗിക്കണം.

നൂറുനൂറു് ആവശ്യങ്ങളുമായി കുട്ടികൾ രക്ഷിതാക്കന്മാരെ സമീപിക്കാറുണ്ടു്. അവരുടെ ന്യായമായ ആവശ്യങ്ങൾ നിറവേററിക്കൊടുക്കേണ്ടതാണു്. പക്ഷെ ആവശ്യപ്പെട്ടതെന്തും നിറവേററിക്കൊടുക്കുന്നതു്

ആപത്താണു്. പലപ്പോഴും എന്തിനാണു് ഒന്നു് ആവശ്യപ്പെട്ടതെന്നു് അവനുതന്നെ നിശ്ചയമുണ്ടാവില്ല. അവയെല്ലാം സാധിപ്പിച്ചു കൊടുത്താലോ? നിരത്ഥകങ്ങളായ അത്തരം ആവശ്യങ്ങളുടെ ഒരു ഘോഷയാത്ര തന്നെ നേരിടേണ്ടി വരും. ഓരോ ആവശ്യത്തിന്റെയും അത്യാവശ്യകതയെ നിരൂപണം ചെയ്യാൻ അവനെ പഠിപ്പിക്കണം. ചിലപ്പോൾ ചില ആവശ്യങ്ങളെ ത്യജിക്കുവാൻതന്നെ അവനെ പ്രേരിപ്പിക്കുന്നതു് നല്ലതാണു്. ത്യാഗത്തിന്റെ പാഠം കുട്ടിക്കാലത്തു തന്നെ പഠിക്കുന്നതു് ഭാവിയിൽ നന്മ കൈവരുത്തും.

എന്നാൽ കുട്ടികൾ വല്ലതിന്നും വേണ്ടി വാശി പിടിച്ചാൽ 'വല്ല തക്കിടി'യും പറഞ്ഞു് അവരെപ്പററിക്കുന്ന സമത്ഥന്മാരായ രക്ഷിതാക്കൾ സുലഭമാണു്. കുട്ടികൾ 'അമ്പിളിമാമനു്' വാശി പിടിച്ചാലും അടുത്തു് വാങ്ങിത്തരാമെന്നു് പറഞ്ഞു് അവർ അവരെ വശത്താക്കും. പെട്ടെന്നു് ഫലം ചെയ്യുന്ന ഈ 'സൂത്ര' വിദ്യക്കു് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാകുമെന്നു് ആരും ഓക്കുകയില്ല. പൊള്ള വാഗ്ദാനങ്ങൾ കൊണ്ടു് കുട്ടിയെ സമാധാനിപ്പിച്ചാൽ, ഒരിക്കൽ നിങ്ങൾക്കവനോടു് സത്യം തുറന്നു പറയേണ്ടിവരും തീർച്ച. ചെറിയ കാര്യത്തിന്നു വേണ്ടിയായാലും നിങ്ങൾ ആ കുട്ടിയെ വഞ്ചിക്കാൻ ശ്രമിച്ചതാണു് എന്നു് തുറന്നു സമ്മതിക്കേണ്ടിവരും. അതിന്റെ ഫലം നിങ്ങൾ അവനോടു് പ്രയോഗിക്കുന്ന അടവു് മറെറല്ലാവരോടും,

നിങ്ങളോടു തന്നെയും സൌകര്യം കിട്ടുമ്പോഠം എടുത്തു പ്രയോഗിക്കും. ചെറിയ കാര്യങ്ങളിൽ നിങ്ങഠം പ്രയോഗിക്കുന്ന 'സൂത്രം' വലിയ കാര്യങ്ങളിലും അവൻ വിജയപൂർവ്വം പ്രയോഗിക്കും. ആ വസ്തുത സ്വീകരിക്കാൻ നിങ്ങഠം തയ്യാറുണ്ടോ?

അതുപോലെത്തന്നെ നടത്താൻ ഉദ്ദേശിക്കാത്ത ശിക്ഷകളെച്ചൊല്ലി കുട്ടിയെ പേടിപ്പെടുത്തുന്നതും തെററാണു്. "മൂക്കു മുറിച്ചു ഉപ്പിലിടും!" "അടിച്ചു കാലൊടിക്കും" എന്നെല്ലാം കലിതുള്ളി പറയുന്ന രക്ഷിതാക്കന്മാരെ എവിടെയും കാണാം. ഈ വീരവാദങ്ങഠം നടക്കില്ലെന്നു് നിങ്ങളെക്കാഠം ആ് കുട്ടിക്കു അറിയാം. ശിക്ഷയുടെ കാര്യത്തിൽപോലും പറഞ്ഞതുപോലെ പ്രവത്തിക്കാൻ രക്ഷിതാവു് ശുഷ്ക്കാന്തി പാലിക്കണം.

മററൊരു കാര്യം. സ്വന്തം കുട്ടിയുടെ കഴിവിനെക്കുറിച്ചു് അഭിമാനം തോന്നുകയു, കഴിവുകേടിനെക്കുറിച്ചു് പരിതാപം തോന്നുകയും, രക്ഷിതാവിനെ സംബന്ധിച്ചിടത്തോളം തികച്ചും സ്വാഭാവികമാണു്. എന്നാൽ അവൻെറ ജയാപജയങ്ങളെക്കുറിച്ചു് അവൻെറ മുമ്പിൽ വെച്ചു് അതിർ കവിഞ്ഞ അഭിപ്രായ പ്രകടനങ്ങഠം പാസ്സാക്കുന്നതു് നല്ലതല്ല. അവൻെറ വിജയത്തിൽ അഭിനന്ദിക്കണം. പക്ഷേ ആ വിജയം കൊണ്ടു് എല്ലാം ആയി എന്ന ബോധം കുട്ടിയിൽ

ഉളവാക്കുന്ന മട്ടിലാവരുതു് അതു്. അങ്ങിനതന്നെ, കുട്ടിയുടെ തോൽവിയെക്കുറിച്ചു്, അവനോടു് സംസാരിക്കണം. എന്നാൽ അവൻ ഒന്നിന്നും കൊള്ളാത്ത ഒരു 'സാധന'മാണെന്നു് അവനെത്തന്നെ വിശ്വസിപ്പിക്കാൻ വേണ്ടിയാവരുതു് അതു്.

അവസാനമായി പറയട്ടെ, ഭർത്താവിന്നും ഭാര്യക്കും അന്യോന്യം കലഹിച്ചേ ഒക്കൂ എന്നുണ്ടെങ്കിൽ–അതു് കുട്ടികളുടെ സന്നിധിയിൽ വെച്ചു് നടത്താതിരിക്കാൻ ശ്രദ്ധിച്ചാൽ, നന്നു്. അച്ഛനമ്മമാർ തമ്മിലുള്ള കലഹം കുട്ടികളുടെ മനസ്സിന്നു് ഏല്പിക്കുന്ന ക്ഷതം അളന്നു തിട്ടപ്പെടുത്തുക പ്രയാസമാണു്. അതുകൊണ്ടു് കലഹപ്രിയരായ രക്ഷിതാക്കന്മാർ, അവരുടെ കുട്ടികളുടെ മുന്നിലെങ്കിലും സ്വല്പം ആത്മനിയന്ത്രണം പാലിക്കേണ്ടതു് ഒരാവശ്യമാണു്.

ഇങ്ങിനെ കുട്ടികളുമായി ഇടപെടുമ്പോൾ നിരവധി കാര്യങ്ങൾ മനസ്സിലുണ്ടാവണം. ഓരോ കുട്ടിയുടെയും വ്യക്തിപരമായ കഴിവും, ജീവിത പശ്ചാത്തലവും കണക്കിലെടുത്തുകൊണ്ടു്, അവനോടു് ശരിയായ ഒരു സമീപനം കണ്ടുപിടിക്കുകയാണു് ഒരു രക്ഷിതാവിന്റെ കടമ.

## ഊണും ഉറക്കവും

വിശക്കുമ്പോൾ ഊണുകഴിക്കുക! ഉറക്കം വരുമ്പോൾ ഉറങ്ങുക! ഇതിൽ പിന്നെ എന്താണിത്ര ശ്രദ്ധിക്കാനുള്ളതു്? അല്ല, ശ്രദ്ധിയ്ക്കാനുണ്ടു്. ഊണിന്നും ഉറക്കത്തിന്നും യാതൊരു ക്രമവുമില്ലാത്ത പലരേയും കാണാം. ചിലൎക്കു് അതു് അവരുടെ ഔദ്യോഗിക ജീവിതത്തിൻെറ ഫലമാണു്. എന്നാൽ മററു ചിലൎക്കൊ? അവരുടെ സ്വന്തം ജീവിതത്തിലെ ക്രമരാഹിത്യത്തിൻേറയും. രണ്ടായാലും, ഫലം ക്രമേണ അനാരോഗ്യത്തിലേക്കു് "സൌജന്യപാസ്" ലഭിക്കുക എന്നതാണു്.

വലിയവരിൽ ഈ ശീലം വേരൂന്നുന്നതു് കുട്ടിക്കാലത്തു് ആ ദുശ്ശീലത്തിന്നു് വളരാൻ സൌകൎയ്യം നൽകിയതുകൊണ്ടാണു്. അതുകൊണ്ടു് കുട്ടികളുടെ ഊണി

ൻേറയും ഉറക്കത്തിൻേറയും കാര്യത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതു് രക്ഷിതാക്കന്മാരുടെ കടമ മാത്രമാണു്.

ഊണിൻെറ കാര്യത്തിൽ ഏററവുമധികം ശ്രദ്ധിക്കേണ്ട വസ്തുതയെന്താണു്? സംശയമില്ല, പോഷകാംശം നിറഞ്ഞ വിഭവങ്ങൾ നൽകുക എന്നതുതന്നെ. ഇക്കാര്യം പട്ടിണിക്കാരും അർദ്ധപട്ടിണിക്കാരും ഭൂരിപക്ഷം വരുന്ന നമ്മുടെ നാട്ടിലെ രക്ഷിതാക്കളോടു പറയുന്നതുതന്നെ ഒരു വിരോധാഭാസമാണു്. എങ്കിലും ഒരു നല്ല നാളേക്കുവേണ്ടി പണിയെടുക്കുന്ന നമുക്കു് ഇതു് ഒരു ലക്ഷ്യമായിട്ടെങ്കിലും മുന്നിലുണ്ടാവുന്നതു് ആവശ്യമാണു്. ഇന്ത്യയിലെ കുട്ടികളിൽ — ഒട്ടൊക്കെ വലിയവരിലും! — ഉണ്ടാവുന്ന രോഗങ്ങളിൽ വലിയൊരു ശതമാനം ഭക്ഷണത്തിലെ പോഷകാംശരാഹിത്യത്തിൻെറ ഫലമായുണ്ടാവുന്നതാണെന്ന വസ്തുത ഈ അവസരത്തിൽ ഓക്കുന്നതു് നന്നു്.

ഇനി ഭക്ഷണത്തിൻെറ രീതിയെക്കുറിച്ചാണു്. ഭക്ഷണം കഴിക്കാൻ അറിയാത്തവർ ആരും ഉണ്ടാവില്ലെങ്കിലും, നല്ല രീതിയിൽ ഭക്ഷണം കഴിയ്ക്കാൻ അറിയുന്നവർ അധികമുണ്ടാവില്ല — നല്ല ശീലം ആദ്യം മുതൽ സ്വായത്തമാക്കിയെങ്കിൽ അതു് എളുപ്പമേറിയ ഒരു കാര്യമാണു് — ഇല്ലെങ്കിലോ, വിട്ടുമാറാൻ പ്രയാസമേറിയ ഒരു വിഷമപ്രശ്നവും.

ഭക്ഷണസാധനങ്ങൾ വേണ്ടപോലെ ചവച്ച് സാവധാനത്തിൽ ഭക്ഷിക്കാൻ പ്രത്യേകമായ ഒരു കഴിവുതന്നെ വേണം. അതുപോലെത്തന്നെ വൃത്തിയിലും ചിട്ടയിലും ഊണു കഴിക്കുവാനുള്ള ശീലവും കുട്ടികൾക്ക് നേരത്തെ നേടിക്കൊടുക്കേണ്ടതാണ്.

ഭക്ഷണസമയത്ത് ഉത്സാഹഭരിതമായ, പ്രസന്നസുന്ദരമായ, ഒരന്തരീക്ഷം പാലിക്കുവാൻ നിഷ്കർഷിക്കണമെന്നതാണ് ഏററവും മുഖ്യമായ കാര്യം. എന്തിനാണെന്നല്ലെ? വളരെ കാര്യമുണ്ട്. ദുഃഖം, ഭയം, കോപം തുടങ്ങി വികാരവിക്ഷോഭങ്ങൾക്കടിപ്പെട്ടിരിക്കുമ്പോൾ, നമ്മുടെ ദീപനേന്ദ്രിയങ്ങൾ വേണ്ടപോലെ പ്രവത്തിക്കുകയില്ല. അതു കാരണം ദഹനക്കേടും, അതിനെത്തുടന്ന് കായികവും മാനസികവുമായ പലതരം ക്രമക്കേടുകളും സംഭവിക്കും. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് വെടിപറഞ്ഞ് ഊണു കഴിക്കുക എന്ന സമ്പ്രദായം സ്വീകരിച്ചാൽ നന്നായിരിക്കും.

വലിയവർ ചിലപ്പോൾ 'വയറി'ന്റെ ഉപദേശം പരിഗണിച്ച് ഭക്ഷണത്തിന്റെ അളവിൽ, ചില ചില്ലറ നീക്കുപോക്കുകൾ വരുത്താറുണ്ട്—'ഇന്ന് ദഹനം ശരിയാവാത്തതുകൊണ്ട് കാച്ചിയ മോർ കൂട്ടി സ്വല്പം ഉണ്ടാൽ മതി'—വലിയവക്കു പറയാം. എന്നാൽ അത്തരം പല കാരണങ്ങളാലും കുട്ടികൾ അവരുടെ ഭക്ഷണത്തിന്റെ അളവിൽ നീക്കുപോക്കുകൾ വരു

ത്താൻ ശ്രമിക്കുമ്പോഠം അമ്മമാർ വക്കാണത്തിന്നു് പോകാൻ മുതിരരുതു്. ഒരു ദിവസം കുട്ടി ഊൺ സ്വല്പം കുറച്ചാൽ പരിഭ്രമിക്കാൻ തുടങ്ങരുതു്. ചക്കയും മാങ്ങയും സുലഭമായ കാലങ്ങളിൽ രക്ഷിതാക്കന്മാർ അറിയാതെ എത്രയോ വിഭവങ്ങഠം കുട്ടികളുടെ വയററിലെത്തിക്കാണും. തൽഫലമായി ഭക്ഷണത്തിൻെറ അളവിൽ ചില്ലറ നീക്കുപോക്കുകഠം കുട്ടികഠം സ്വയം വരുത്താറുണ്ടു്. അതിൽ പരിഭ്രമിക്കേണ്ടതില്ല.

പിന്നെ, എല്ലാ കുട്ടികഠംക്കും ഒരുപോലെ ഭക്ഷണം ആവശ്യമില്ല എന്ന സംഗതിയും മറക്കരുതു്. അങ്ങേ വീട്ടിലെ അഞ്ചു വയസ്സുകാരനോടൊപ്പം നമ്മുടെ അഞ്ചു വയസ്സുകാരൻ ഉണ്ണണമെന്നു ഒരിക്കലും ശഠിക്കരുതു്. ഭക്ഷണത്തിൻെറ അളവു് സ്വല്പം താണാൽത്തന്നെ, കുട്ടിയുടെ ആരോഗ്യത്തിന്നോ ഉത്സാഹത്തിന്നോ, ഹാനി പ്രത്യക്ഷപ്പെടുന്നില്ലെങ്കിൽ, അവനെ വെറുതെ വിടുന്നതാണു് നല്ലതു്.

ഭക്ഷണസമയം ചില കുട്ടികഠം വില പേശലിന്നുള്ള സുവൎണ്ണാവസരമാക്കിത്തീക്കാറുണ്ടു്. ഊണിൻെറ കാര്യമല്ലേ എന്നോത്തു അമ്മമാർ അവസാനം മൊട്ടു കുത്തുകയാണു് പതിവു്. വാഗ്ദാനങ്ങഠംകൊണ്ടു് അവനെ സാന്ത്വനപ്പെടുത്തുകയോ, അവൻെറ ദുർവ്വാശിയ്ക്കു കുടപിടിച്ചു കൊടുക്കുകയോ ആണു് അവർ കൈക്കൊള്ളുന്ന മാൎഗ്ഗം. ഇതു് അപകടം പിടിച്ചതാണു്.

ഇതു് രോഗം വദ്ധിക്കാനുള്ള വഴിയാണു്. മറെറാരു രീതിയിലാണു് ഇത്തരം വാശിയോടു് നേരിടേണ്ടതു്. ആദ്യമായി അവൻെറ ആവശ്യങ്ങളുടെ ന്യായാന്യായത പഠിക്കണം. ന്യായമെങ്കിൽ അവൻെറ ആവശ്യം സാധിപ്പിച്ചു കൊടുക്കുന്നതിൽ തെററില്ല. അന്യായമെങ്കിലോ? അതു സാധിപ്പിച്ചില്ലെങ്കിൽ അവൻ അപ്പോൾ ഊണുകഴിക്കില്ലായിരിക്കാം. സാരമില്ല. ഒരു നേരം ഉണ്ടില്ലെങ്കിൽ അത്ര വലിയ ആപത്തൊന്നും വരാനില്ല. "ഊണു വേണ്ടെങ്കിൽ പോയി സുഖമായി കിടന്നോളാൻ", അക്ഷോഭ്യനായി കുട്ടിയോടു പറഞ്ഞു നോക്കു! അവൻ അടുത്തപ്രാവശ്യം അങ്ങിനെ വാശിപിടിക്കും മുമ്പെ, ഒരു പ്രാവശ്യം ചിന്തിക്കും തീർച്ച.

ഇനി ഉറക്കത്തിൻെറ കാര്യമാണു്. കുട്ടികളെ സംബന്ധിച്ചിടത്തോളം ഊണിനെപ്പോലെത്തന്നെ പ്രധാനമാണു് ഉറക്കവും. അവരുടെ കായികവും മാനസികവുമായ ആരോഗ്യത്തിനുള്ള ഒരടിസ്ഥാനഘടകമാണതു്.

പെററുവീണ ഒരു കുഞ്ഞിൻെറ പ്രധാനജോലി തന്നെ ഉറക്കമാണു്. ഒരാറുമാസംവരെ ഒരു കുട്ടി നിത്യവും ഇരുപതുമുതൽ ഇരുപത്തിരണ്ടു മണിക്കൂർ വരെ ഉറങ്ങിക്കഴിയുകയാണു് ചെയ്യുന്നതു്. വിശപ്പോ, ദാഹമോ, വേദനയോ അസഹനീയമാകുമ്പോൾ മാത്രം കണ്ണൊന്നു മിഴിച്ചു് ഉറക്കെ കരയും.

പ്രായം കൂടുന്തോറും ഉറക്കത്തിൻെറ ദൈർഘ്യം കുറഞ്ഞുവരുന്നു. ഒരു നാല്പ വയസ്സുകാരൻ സാധാരണ പന്ത്രണ്ടു മണിക്കൂർ ഉറങ്ങും.

ഊണിനെപ്പോലെത്തന്നെ ഉറക്കവും ഒരു നിലക്കു് സാമ്പത്തിക പ്രശ്നമാണു്. എന്തു്? ഉറക്കം കാശുകൊടുത്താൽ കിട്ടുന്നതാണോ? നിങ്ങൾ അത്ഭുതപ്പെട്ടേക്കും. എന്നാൽ കിടക്കാൻ ഒരു കൂരപ്പുരപോലുമില്ലാത്ത ലക്ഷക്കണക്കിലുള്ള കുട്ടികളുടെ കാര്യമോത്തുനോക്കു. മഴയും തണുപ്പും സഹിച്ചു് മരത്തണലിലും പീടികത്തിണ്ണകളിലും കിടന്നു് മയങ്ങേണ്ടിവരുന്ന അവരുടെ ഉറക്കം ഒരു സാമ്പത്തിക പ്രശ്നമല്ലേ? അതുപോലെത്തന്നെ ഒരൊററ മുറിയിൽ ഒരു കുടുംബത്തിന്നു മുഴുവൻ കഴിച്ചുകൂട്ടേണ്ടിവരുമ്പോഴും ആ പ്രശ്നമുദിക്കുന്നു. ഗ്രാമങ്ങളിൽ അധികം പേരും ചെറിയ ചെററപ്പുരകളിലാണു് ജീവിക്കുന്നതു്. നഗരവാസികളിൽ ബഹുഭൂരിപക്ഷവും ഒന്നോ രണ്ടോ മുറികളിലാണു് കുടുംബജീവിതം നയിക്കുന്നതു്. അങ്ങിനെ ബഹളത്തിൽ കിടന്നു ഉറങ്ങേണ്ടിവരുന്നവക്കു് ലഭിക്കുന്ന ഉറക്കവും, ഏകാന്തതയും, ശാന്തതയും പുലരുന്ന ഒരന്തരീക്ഷത്തിൽ ഉറങ്ങുന്നവക്കു് ലഭിക്കുന്ന ഉറക്കവും തമ്മിൽ ഏറെ വ്യത്യാസമുണ്ടെന്നു് പറയേണ്ടതില്ലല്ലോ. നിദ്രാസുഖത്തിൻെറ കുറവു് അവരുടെ കായികവും മാനസികവുമായ ആരോഗ്യത്തെ ഉലക്കുമെന്നതിന്നു് യാതൊരു സംശയവുമില്ല.

"ഒരു മുറിയിൽ ഒരു കുടുംബസമ്പ്രദായത്തിന്നു് മറെറാരു ദൂഷ്യഫലം കൂടിയുണ്ടു്. കുട്ടികളിൽ അതു് അനാശാസ്യങ്ങളും കുററകരങ്ങളുമായ പല സ്വഭാവങ്ങളും വളർത്തിവിടും. അച്ഛനമ്മമാർ ഉറങ്ങാൻ പോകുന്ന വൈകിയ നേരം വരെ കുട്ടികൾ ഉറങ്ങാതിരിക്കുകയും, നഗരങ്ങളിലാണെങ്കിൽ തെരുവിൽ അലഞ്ഞുതിരിയുകയും ചെയ്യാറുണ്ടു്. വലിയവരുടെ ലൈംഗികജീവിതത്തെക്കുറിച്ചു് അധികം അടുപ്പം നേടാനും, അങ്ങിനെ കുട്ടികളിൽ ലൈംഗികമായ അരാജകത്വം വളർത്താനും അതു വഴിവെക്കും. അമേരിക്കയിൽ കുട്ടികളായ കുററവാളികളിൽ ഭൂരിഭാഗവും പട്ടണങ്ങളിലെ ഇത്തരം ഇരുണ്ട 'പാതാള'ങ്ങളിൽ താമസിക്കുന്നവരാണത്രെ!

ഉറങ്ങാൻ പോകുന്നതിന്നും, ഉണർന്നെഴുന്നേല്ക്കുന്നതിന്നും ഉള്ള സമയം ചിട്ടപ്പെടുത്തുകയും, അതു് കണിശമായും പാലിക്കപ്പെടുകയും വേണ്ടതാണു്. ആദ്യംമുതല്ക്കുതന്നെ ശ്രമിച്ചാൽ ഈ നല്ലശീലം വളർത്തുക വളരെ എളുപ്പമായിരിക്കും. യാതൊരു പ്രത്യേക ശ്രമവും കൂടാതെ ഉറങ്ങാൻ ശീലിപ്പിക്കുകയാണു് വേണ്ടതു്. ചില കുട്ടികൾക്കു് ഉറങ്ങണമെങ്കിൽ റബ്ബർ 'നിപ്പൾ' വായിൽ കൊടുക്കണം. മററു ചിലക്കു് പാട്ടുപാടി കേട്ടാലെ ഉറക്കം വരികയുള്ളു. ഇങ്ങിനെ പലതും ധാരാളം കാണാറുണ്ടു്. ഇവ ദുശ്ശീലങ്ങളാണെന്നു പറയാൻ വയ്യ. ഇത്തരം പ്രത്യേക ചടങ്ങൊന്നുമില്ലാതെ, കിടക്കയിൽ

പോയി നിവൎന്നു കിടന്നാൽ തനിയെ ഉറക്കംവരുന്ന സമ്പ്രദായമാണു് ഏററവും നല്ലതു്.

ഉറക്കത്തിൻെറ സമയം വന്നാൽ മറേറതു് പ്രിയംകരമായ പ്രവൎത്തിയിലേർപ്പെട്ടിരിക്കയാണെങ്കിലും, ഉറങ്ങാൻ പോകുവാൻ കുട്ടിയെ പ്രേരിപ്പിക്കുകതന്നെ വേണം. ഉറങ്ങണമെങ്കിൽ അച്ഛനോ അമ്മയോ അരികത്തു കിടന്നു് താലോലിക്കണമെന്ന ശീലം ഉണ്ടാക്കാതെ നോക്കുന്നതാവും ഭേദം. രാത്രിയിൽ ഉറങ്ങേണ്ടതു്, ഏകാന്തമായ അന്തരീക്ഷത്തിൽ വേണമെന്ന ബോധം ആദ്യം മുതല്ക്കുതന്നെ വേരൂന്നിക്കാണാൻ പരിശ്രമിക്കണം.

മൂന്നുവയസ്സിന്നുശേഷം കുട്ടികൾ അവരുടെ പ്രത്യേകമായ മുറികളിൽ കിടന്നുറങ്ങുന്ന പതിവു് ആരംഭിക്കുന്നതു് നന്നായിരിക്കും. ഏതായാലും മുതിൎന്ന കുട്ടികൾ മാതാപിതാക്കളോടൊപ്പം ഒന്നിച്ചു ശയിക്കുന്ന സമ്പ്രദായം പല ദൂഷ്യഫലങ്ങൾക്കും കാരണമായേക്കാനിടയുണ്ടു്.

മറെറാരു കാൎയ്യംകൂടി. കുട്ടികൾക്കു് ഉറങ്ങാൻ അമിതമായ സുഖസൌകൎയ്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതു് ചിലപ്പോൾ കുട്ടികളിൽ അനഭിലഷണീയമായ സുഖലോലുപതം വളൎത്തിവിടാനിടയുണ്ടു്. സുഖസമൃദ്ധിയിൽ നീന്തിക്കളിക്കുന്ന ശീലം, ഭാവിയിൽ അവരെ ചില്ലറ അസൌകൎയ്യങ്ങൾ നേടുവാൻപോലും

അശക്തരാക്കിത്തീക്കാനിടയുണ്ടു്. ഉറക്കത്തിൻെറ കാൎയ്യത്തിൽ മാത്രമല്ല, കുട്ടികളുടെ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുമ്പോഴെല്ലാം മിതത്വം പാലിക്കാൻ ശ്രദ്ധിച്ചാൽ, തെററു പററാനിടയില്ല.

അഞ്ചുവയസ്സിന്നു താഴെയുള്ള കുട്ടികളെ പകൽ സമയത്തു് സ്വല്പനേരം ഒന്നു മയങ്ങാൻ പ്രേരിപ്പിക്കുന്നതു് നല്ലതാണു്. വിശ്രമരഹിതമായ കളിയും, അലച്ചിലും, പെറിയ കുട്ടികളുടെ നാഡികളുടെ ഊൎജ്ജസ്വലതയ്ക്കു ഹാനികരമാണു്. നാഡികൾക്കു നേരിടുന്ന ശക്തിക്ഷയം വിരൽ കടിക്കുക, രാത്രിയിൽ പല്ലുകടിക്കുക തുടങ്ങിയ പലതരം ദുശ്ശീലങ്ങൾക്കും വഴിവെക്കുന്നതായി വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നു.

അങ്ങിനെ ഊണിൻെറ കാൎയ്യത്തിലായാലും ഉറക്കത്തിൻെറ കാൎയ്യത്തിലായാലും വേണ്ടില്ല, നല്ല ശീലം വളൎത്തണമെങ്കിൽ ആദ്യം മുതല്ക്കു് ആരംഭിക്കണം. ആരംഭിച്ചാൽ മാത്രം പോരാ, നല്ലശീലം വേരൂന്നിക്കാണുംവരെ സ്ഥിരമായി പരിശ്രമിക്കുകതന്നെ വേണം. കുട്ടികളുടെ കായികവും മാനസികവുമായ ആരോഗ്യത്തിന്നു് അതിന്നു നൽകാൻ കഴിയുന്ന സംഭാവനയുടെ കാൎയ്യം ഓക്കുമ്പോൾ, ആ പരിശ്രമം ഒരിക്കലും വ്യൎത്ഥമായിപ്പോകുകയില്ലെന്നു് ഒരു രക്ഷിതാവിന്നു് ന്യായമായും ആശിക്കാം.

## ചില ദുശ്ശീലങ്ങൾ

കുട്ടികൾ വളൎന്നു വലുതാവുന്നതു് നോക്കി രസി ക്കുന്ന രക്ഷിതാക്കന്മാരുടെ മനസ്സിന്നു് വിമ്മിഷ്ടമുണ്ടാ ക്കുന്ന ചില ദുശ്ശീലങ്ങളുണ്ടു്. എപ്പോഴും വിരലോ, നഖ മോ കടിച്ചുകൊണ്ടിരിക്കുക. അല്ലെങ്കിൽ ഉറക്കത്തിൽ മൂത്രം പോകുക. ശിശുപ്രായത്തിൽ ഇവ സൎവ്വസാധാ രണങ്ങളാണു്. അതുകൊണ്ടു്, അതു് ആരും അത്ര കാര്യ മായെടുക്കാറില്ല. എടുക്കുകയും വേണ്ടാ. എന്നാൽ അട്ട പിറന്നാളുകൾ നാലു്, അഞ്ചു്, ആറു് എന്നിങ്ങനെ ഓരോന്നായി പിന്നിട്ടു പോയാലും, ഈ 'ശിശുപ്രകൃതി' അപ്രത്യക്ഷമാകാഞ്ഞാലോ? സ്വല്പം ആലോചിക്കേ ണ്ടതുണ്ടു്.

ഇത്തരം ദുശ്ശീലങ്ങൾക്കു വംശവദനായി കാണുന്ന കുട്ടിയോടു് സാധാരണയായി ഒരു രക്ഷിതാവു് ചെയ്യാറു്, "മോനെ, അതു ചീത്തയാണു്, അതു്

പാടില്ല—നിൎത്തണം!" എന്നു് അപേക്ഷിക്കുകയാണു്. സ്നേഹവാനായ അച്ഛൻെറ ഉപദേശം അനുസരിക്കാൻ മോഹമുള്ള കുട്ടിയും, താനറിയാതെ, ഇടക്കു് വിരൽ അല്ലെങ്കിൽ നഖം വായിലിട്ടുപോകുന്നു! എന്തു ചെയ്യാം?

അപേക്ഷകൾ പരാജയപ്പെടുമ്പോൾ ആജ്ഞകൾ വരുന്നു, ആജ്ഞകൾക്കു പിന്നാലെ ശിക്ഷയും. എങ്കിലും സ്ഥിതി മെച്ചപ്പെടുന്നില്ല.

കാരണമെന്താ? കാരണം അറിഞ്ഞു ചികിത്സിക്കാത്തതുകൊണ്ടുതന്നെ. വാതം മാറുവാൻ പിത്തശമനങ്ങളായ ഔഷധങ്ങൾ നൽകിയാലാവുമോ?

"ഉറക്കത്തിലും മൂത്രം!"

ശിശുപ്രായത്തിൽ എല്ലാ കുട്ടികളും ഉറക്കത്തിൽ മൂത്രമൊഴിക്കാറുണ്ടു്. അന്നു് അതു് കുട്ടിത്തത്തിൻെറ ലക്ഷണമാണു്. അതുകൊണ്ടു് ആരും അതൊരു 'ശല്യമായി' കണക്കാക്കില്ല.

എന്നാൽ എട്ടുവയസ്സുള്ള തൻെറ മകൻ ഉറക്കത്തിൽ മൂത്രമൊഴിക്കുമ്പോഴോ? അച്ഛനമ്മമാൎക്കു് അതൊരു പ്രശ്നമാണു്. ഉറക്കിന്നു് ശല്യമാകുന്നതിന്നു പുറമെ മനസ്സിന്നു് വലിയ അസ്വാസ്ഥ്യത്തിന്നിട നൽകുകകൂടി ചെയ്യും ആദ്യം.

രാത്രിയിൽ മാത്രമല്ല, പകൽസമയത്തും ഉടുപ്പിൽ മൂത്രംപോകുന്ന കുട്ടികളുണ്ടു്.

ഇതിന്നു് ശാരീരികമായ പല തകരാറുകളും കാരണമായേക്കാമെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടുണ്ടു്. ഉല്പാദനേന്ദ്രിയങ്ങളിൽ ചൊറിച്ചലുണ്ടാവുമ്പോൾ ഇങ്ങിനെ സംഭവിക്കുമത്രെ. അതുപോലെ തന്നെ ശരീരത്തിൽ പോഷകാംശങ്ങളുടെ കുറവു്, നാഡിവ്യവസ്ഥയുടെ ശക്തിക്കുറവു്, തുടങ്ങിയ കാരണങ്ങൾകൊണ്ടും, ഇതു് ഉണ്ടാവാം. അതുകൊണ്ടു് ആദ്യമായി കുട്ടിയുടെ ശരീരത്തിൻെറ സ്ഥിതിയെക്കുറിച്ചു് വിദഗ്ദ്ധനായ ഒരു ഡോക്ടറെക്കൊണ്ടു് പരിശോധിപ്പിക്കുന്നതു് നന്നായിരിക്കും.

എന്നാൽ മറെറല്ലാ കാരണങ്ങളേക്കാളും മുഖ്യമായി, നാഡിവ്യവസ്ഥയോടു് ബന്ധമുള്ള കാരണമാണു് ഇതിന്നുപിന്നിലുള്ളതെന്നു് തെളിയിക്കപ്പെട്ടിരിക്കുന്നു. ആദ്യം പറഞ്ഞ കാരണങ്ങൾ ചുരുക്കം കേസ്സുകൾക്കു് മാത്രം ബാധകമാവുമ്പോൾ, ഇപ്പറഞ്ഞ കാരണം ബഹുഭൂരിപക്ഷം കേസ്സുകൾക്കും ബാധകമായിത്തീരുന്നു.

ഈ ദുശ്ശീലത്തിന്നടിപ്പെട്ട കുട്ടിയുടെ സ്വഭാവ വിശേഷങ്ങൾ ഒന്നു ശ്രദ്ധിച്ചു നോക്കുക. അവൻ എളുപ്പത്തിൽ വികാരാധീനനാവുന്നുണ്ടോ? പകൽ മുഴുവൻ വിശ്രമരഹിതമായി, തുള്ളിക്കളിക്കുന്നവനാണോ? ഏതെങ്കിലും ഒരു പ്രവൃത്തിയിൽ സ്വല്പനേരം കേന്ദ്രീകരിക്കാൻ അവന്നു് വിഷമം കാണുന്നുണ്ടോ? ഉണ്ടെങ്കിൽ, നാഡിവ്യവസ്ഥയോടു് ബന്ധപ്പെട്ടതാണു് അവൻെറ തകരാറെന്നു് സാമാന്യമായി അനുമാനിക്കാം.

അതുകൊണ്ടുതന്നെ വളരെ കരുതലോടെ കൈകാര്യംചെയ്യപ്പെടേണ്ടതാണ് ഈ പ്രശ്നം. ഈ ശീലത്തിന്നടിപ്പെട്ടവരെ ഒരിക്കലും അതിൻെറ പേരിൽ പരിഹസിക്കരുതു്. ശകാരിക്കയും അരുതു്. അതു് പ്രശ്നം പരിഹരിക്കാൻ സഹായിക്കുന്നതിന്നുപകരം മൂർഛരിപ്പിക്കുകയാണു് ചെയ്യുക. കുട്ടിയുടെ ആത്മവീര്യം കെടുത്തുന്ന യാതൊന്നും ചെയ്യരുതെന്നതാണു് പ്രധാനം. കാരണം, ആദ്യശീലത്തിൻെറ പിടിയിൽനിന്നു് രക്ഷപ്പെടാനുള്ള ഒന്നാമത്തെ ഉപാധി കുട്ടിയുടെ ആത്മവീര്യം ഒന്നുമാത്രമാണു്.

ഇതിൻെറ അർത്ഥം അവരോടു് ഈ ചീത്ത ശീലത്തെപ്പററി ഒരക്ഷരം മിണ്ടരുതെന്നാണോ? അല്ലേ, അല്ല. മറിച്ച് അവരോടു സംസാരിക്കണം. സ്നേഹപൂർവ്വം, തുറന്നു സംസാരിക്കണം. ഈ ശീലം നല്ലതല്ലെന്നും, ഈ ശീലം കാരണം കുട്ടിക്കും, മററുള്ളവർക്കും ഉണ്ടാകുന്ന വിഷമങ്ങൾ എന്തൊക്കെയാണെന്നും അവനെ പറഞ്ഞു മനസ്സിലാക്കണം. കുറച്ചുകൂടി മുന്നോട്ടു പോയി, ഈ ശീലം അകററേണ്ടതാണെന്നും, അതിന്നുവേണ്ടി അവൻ ശ്രമിക്കുന്നപക്ഷം വിജയംവരിക്കുമെന്നും, അവന്നു് മനസ്സിലാക്കിക്കൊടുക്കണം.

ഉപബോധമനസ്സിൻെറ വികൃതിമൂലമാണു് ഇതു് സംഭവിക്കുന്നതു്. തെററാണെന്നു് ബോദ്ധ്യം ഉള്ളപ്പോഴും, അവനറിയാതെ ഉടുപ്പിൽ മൂത്രം പോകുന്നതു് അതുകൊണ്ടാണു്. അതുകൊണ്ടു്, ഉപബോധമനസ്സി

ന്നെ, അതിൽനിന്നു് വിരമിപ്പിക്കാനുള്ള കരുത്തു് മനസ്സിന്നു് ഉണ്ടാക്കിക്കൊടുക്കുക എന്നതാണു് കാര്യം. അതു് ക്ഷമയോടുകൂടിയ, സ്ഥിരമായ പരിശ്രമം മൂലമേ സാദ്ധ്യമാകൂ.

അതിന്നു് പല മാർഗ്ഗങ്ങളും ഉപയോഗിക്കാവുന്നതാണു്. തന്റെ മൂത്രംകൊണ്ടു് നനഞ്ഞ വസ്ത്രങ്ങൾ താൻ തന്നെ കഴുകി വെയ്ലത്തിടണമെന്ന നിയമം വെക്കുന്നതു് നല്ലതാണു്. അല്ലെങ്കിൽ ഉറക്കത്തിൽ മൂത്രമൊഴിച്ചാൽ പിറേറന്നു് സ്വല്പനേരം കുട്ടിയെ ഒററക്കു് ഒരു മുറിയിൽ ഇരുത്തുക. അതു് ഒരേകാന്ത തടവായി തെററിദ്ധരിപ്പിക്കാതിരിക്കാൻവേണ്ടി, അങ്ങിനെ ഒററക്കിരുന്നു്, ഈ ദുശ്ശീലം അകററുന്നതിനെക്കുറിച്ചു് ആലോചിച്ചാൽ തനിയെ അതു് അപ്രത്യക്ഷമാകുമെന്നു് അവനോടു് പറഞ്ഞാൽ മതി-ഇവയുടെ ലക്ഷ്യം, ഈ ദുശ്ശീലത്തെക്കുറിച്ചു് മനസ്സിന്റെ അടിവരെ എത്തുന്ന ബോധം കുട്ടിയിൽ ഉളവാക്കുക എന്നതും; അതു് അകററുവാൻ അവന്റെ ചെറിയ പ്രവൎത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസം അവനുണ്ടാക്കിക്കൊടുക്കുക എന്നതും ആണു്.

ഇതിലധികം വിഷമം പിടിച്ചതും, എന്നാൽ കൂടുതൽ ഫലപ്രദമായതുമായ മറെറാരു മാർഗ്ഗമുണ്ടു്. അതിതാണു്: ആദ്യമായി സാധാരണ രാത്രിയിൽ ഉറക്കത്തിൽ മൂത്രം പോകുന്ന സമയം കണ്ടുപിടിക്കണം. സ്വല്പദിവസംകൊണ്ടു് അതു സമ്പാദിക്കാം. അടുത്തതായി,

ആ സമയത്തിന്നു് സ്വല്പം മുമ്പു്, കുട്ടിയെ ഉണർത്തി കുളിമുറിയിലേക്കു കൊണ്ടുപോയി. തണുത്ത വെള്ളത്തിൽ കുളിപ്പിക്കുക. ഉണർന്ന ഉടൻ, ആ കുളി, ആ ദുശ്ശീലംപോക്കാനുള്ള ഒരു ഉത്തമമാർഗ്ഗമെന്നു് അവനെ മനസ്സിലാക്കണം. അസമയത്തുള്ള ആ കുളി നിശ്ചയമായും, അതിന്നു കാരണക്കാരനായ ആ ദുശ്ശീലത്തിന്നെതിരായുള്ള ആ കുട്ടിയുടെ ആത്മീയപ്രതിരോധത്തിന്നു് ശക്തി കൂട്ടും.

**"നഖം കടിക്കുന്നതു് ചീത്ത!"**

അച്ഛനമ്മമാരിൽനിന്നും, അദ്ധ്യാപകരിൽനിന്നുമെല്ലാം ആദ്യം മുതല്ക്കു് കുട്ടികൾ കേട്ടുതുടങ്ങുന്ന ഒരു ഉപദേശമാണിതു്. ആ പല്ലവി കേട്ടു തഴമ്പിച്ചിട്ടും ചില കുട്ടികളുടെ കൈ വായിൽത്തന്നെയാണു് എപ്പോഴും. അതു തെററാണെന്നു് കുട്ടിക്കു് തോന്നുന്നുണ്ടാവാം. എങ്കിലും അവൻെറ കൈ വായിലേക്കുതന്നെ വലിയുന്നു! സത്യത്തിൽ അവനറിയാതെ ചെയ്തുപോകയാണു്!

നന്നെ ചെറുപ്പത്തിൽ കുട്ടികളിൽ ഈ സ്വഭാവം ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ ഒട്ടും അസ്വസ്ഥരാകേണ്ടതില്ല. അതു് വന്നപോലെത്തന്നെ പോയ്മറയാറുണ്ടു്. ഇനി വല്ല അസ്വാസ്ഥ്യവും നിങ്ങൾക്കു തോന്നിയാൽത്തന്നെ അതു് കുട്ടിയുടെ സന്നിധിയിൽ പ്രകടിപ്പിക്കാതിരിക്കണം. അതു് അച്ഛനമ്മമാർക്കു് ഇഷ്ടമില്ലാത്തതാണെന്നു മനസ്സിലാക്കുന്ന ആ വികൃതൻ, മാതാ

പിതാക്കളുടെ ശ്രദ്ധ തന്നിലേക്കു ആകർഷിക്കാൻ അതൊരു കുറുക്കുവിദ്യയായി കണക്കാക്കിയേക്കും. ഒരു ഉപായം എന്ന നിലക്ക് ആരംഭിക്കുന്നതു്, ആ വർത്തമാനങ്ങളുടെ ഫലമായി ഒരു ശീലമായിത്തീരാനും ഇടയുണ്ടു്.

ആദ്യമായി ഇതു പ്രത്യക്ഷപ്പെടുമ്പോൾ, അവന്റെ സഹകരണത്തോടുകൂടിത്തന്നെ ചില ചെറിയ പ്രതിരോധ നടപടികൾ പ്രയോഗിച്ചുനോക്കാവുന്നതാണു്. ഒരു ശിക്ഷയേക്കാൾ ഒരു ചികിത്സയുടെ രീതിയിലുള്ള സമീപനമാണാവശ്യം. കടിക്കുന്ന വിരലിന്മേൽ ബാണ്ഡേജ് ഇടുകയോ, കൈപ്പേറിയ നിരുപദ്രവങ്ങളായ വല്ല മരുന്നും പുരട്ടുകയോ ചെയ്തുനോക്കുക. പല കേസ്സുകളിലും ഇത്തരം പ്രതിരോധ നടപടികൾ ഫലവത്തായി കാണാറുണ്ടു്.

നഖം കടിക്കുന്ന ശീലം, വിരൽ ഈമ്പിക്കുടിക്കുന്നതിനേക്കാൾ നാഡീസംബന്ധമായ തകരാറിനേയാണു് സൂചിപ്പിക്കുന്നതെന്നാണു് വിദഗ്ദ്ധപക്ഷം. നഖം കടിക്കുന്നതു് മനസ്സിലെ അസ്വാസ്ഥ്യങ്ങളിൽനിന്നു് രക്ഷപ്പെടാനുള്ള ഒരു ഉപായമെന്ന നിലക്കാണത്രെ. അതുകൊണ്ടു് നഖം കടിക്കുക, വിരൽ ഈമ്പിക്കുടിക്കുക തുടങ്ങിയ ദുശ്ശീലങ്ങൾക്കടിപ്പെട്ട കുട്ടികളുടെ കാര്യത്തിൽ ചില കാര്യങ്ങൾ ആദ്യമായി ശ്രദ്ധിക്കേണ്ടതുണ്ടു്. ഒന്നാമതായി കുട്ടിയുടെ ഉറക്കം, ഭക്ഷണം, ശോധന തുടങ്ങിയ കാര്യങ്ങളിൽ വല്ല തകരാറുമുണ്ടോ എന്നു് പരി

ശോധിക്കണം. ഉണ്ടെങ്കിൽ അവ ഉടൻ പരിഹരിക്കു കയും വേണം. രണ്ടാമതായി, അവൻെറ വൈകാരിക മണ്ഡലത്തിൽ വല്ല കൊടുങ്കാററും അടിക്കുന്നുണ്ടോ എ ന്നു് ചുഴിഞ്ഞു നോക്കണം. സ്നേഹപൂൎവ്വം, ക്ഷമാപൂൎവ്വം നിർവ്വഹിക്കേണ്ടതാണു് അതു്. മാതാപിതാക്കളുടെ സ്നേഹം അവൻ ആഗ്രഹിക്കുന്നവിധം ലഭിക്കാതെപോ കുന്നുണ്ടോ? അല്ലെങ്കിൽ അവന്നു് വല്ല, "ഇൻഫിരി യോററി കോംപ്ലക്സ്" ഉണ്ടോ? ഇങ്ങിനെ, കുട്ടിയുടെ മാനസികപ്രവൎത്തനങ്ങളെ അപഗ്രഥിച്ചാൽ, അല്ലെ ങ്കിൽ ഒരു മനശ്ശാസ്ത്രവിദഗ്ദ്ധൻെറ സഹായം നേടി യാൽ, അവൻെറ മനസ്സിൻെറ അലട്ടു് കണ്ടുപിടിക്കാൻ കഴിയും. അതു പരിഹരിച്ചാൽ ഈ ശീലവും മാഞ്ഞു പോകും.

ശരിയായ ഉറക്കവും, വിശ്രമവും ലഭിക്കുകയാണെ ങ്കിൽ മാനസികമായ ഏതസ്വാസ്ഥ്യത്തിന്നും അത്ഭുത കരമായ ശാന്തി ലഭിക്കുമെന്നതു് ഒരു പരമാൎത്ഥമാണു്. അതുകൊണ്ടു് ആ രണ്ടു കാൎയ്യങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതു്, ഈ ദുശ്ശീലത്തെ നിയന്ത്രിക്കുന്നതിന്നു് സഹായകമാവും.

ഈ ദുശ്ശീലത്തെ അകററാൻ വടിയുടെ സഹായം ഒരുകാലത്തും സ്വീകരിച്ചുകൂടാ. അതു് ഈ ശീലത്തെ അകററാൻ സഹായിച്ചാൽപ്പോലും, വിനാശകരമാണു്. കാരണം, അതു് കൂടുതൽ കടുത്ത മാനസിക അസ്വാ സ്ഥ്യങ്ങൾക്കു വഴിവെക്കും.

അവസാനമായി പറയട്ടെ, മനസ്സിൻെറ പ്രവത്തനങ്ങളുമായി ബന്ധപ്പെട്ട ഈ ശീലങ്ങളുടെ നിയന്ത്രണത്തിൻെറ കായ്യത്തിൽ വളരെ ക്ഷമയും, സഹാനുഭൂതിയും ആവശ്യമാണു്. ഈ പദ്ധതികളുടെയെല്ലാം വിജയം കുടികൊള്ളുന്നതു് ഇവയുടെ നിവ്വഹണത്തിൽ കുട്ടികളുടെ ആത്മാത്ഥമായ സഹകരണം എത്രമാത്രം നേടിയിട്ടുണ്ടെന്നു് നോക്കിയിട്ടാണു്. കേവലം ശാരീരികമായ തകരാറുകഠം പോക്കാൻ കഷായം ബലം പ്രയോഗിച്ചു് കുട്ടികളെ കഴിപ്പിക്കാറുണ്ടു്. എന്നിട്ടും സൽഫലങ്ങഠം കാണാറുമുണ്ടു്. അതു വിചാരിച്ചു്, കുട്ടികളുടെ നന്മക്കാണെന്നു് സമാധാനിച്ചു്, ഈ ശീലങ്ങഠം അകററാനുള്ള പദ്ധതി കുട്ടിയുടെ മേൽ അടിച്ചേല്പിച്ചാൽ ആപത്താണു്. വെളുക്കാൻ തേച്ചു് പാണ്ടായിത്തീന്നേക്കും.

## അച്ചടക്കം! അച്ചടക്കം!

നമ്മുടെ നാട്ട് അഭിവൃദ്ധിപ്പെടണമെങ്കിൽ ഏററവും ആവശ്യമെന്ന് എല്ലാവരും പ്രഖ്യാപിക്കുന്നതും, എന്നാൽ മഷി വെച്ചുനോക്കിയാൽപോലും ഇന്ത്യയിൽ എവിടെയെങ്കിലും കാണാത്തതുമായ ഒരു വസ്തുതയുണ്ട്! അച്ചടക്കം! രാഷ്ട്രീയനേതാക്കൾ ജനങ്ങളുടെ അച്ചടക്കരാഹിത്യത്തെച്ചൊല്ലി മുതലക്കണ്ണീർ പൊഴിക്കുന്നു! അദ്ധ്യാപകന്മാർ വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യത്തെക്കുറിച്ച് പരാതിപ്പെടുന്നു. മാനേജർമാർക്കു അദ്ധ്യാപകന്മാരുടെ അച്ചടക്കരാഹിത്യത്തെക്കുറിച്ചാണ് ആക്ഷേപം! സ്വന്തം കുട്ടിയുടെ അച്ചടക്കരാഹിത്യത്തിന്, ഈ ലോകത്തിലുള്ള സർവ്വരേയും, സർവ്വതിനേയും-(തീർച്ചയായും തന്നെ ഒഴിച്ച്) അധിക്ഷേപിക്കുകയാണ് രക്ഷിതാവ് ചെയ്യുന്നതു്. ഈ പ്രശ്നത്തെച്ചൊല്ലി എല്ലാവരും അന്യരെ കുററപ്പെടുത്തുന്നതു് എ

ന്തുകൊണ്ടാണു്? അതോ, പറയാം — തന്റെ ഉത്തര വാദിത്വം മൂടിവെക്കാൻ മററു മാർഗ്ഗമില്ലാത്തതുകൊണ്ടു്! സത്യത്തിൽ, ഇന്നത്തെ അച്ചടക്കരാഹിത്യത്തിന്നു്, രാഷ്ട്രീയ നേതാവു, അദ്ധ്യാപകനും, രക്ഷിതാവും എല്ലാം കുററക്കാരല്ലെ? സംശയമെന്തു്? അവരുടെ തന്നെ അച്ചടക്കരാഹിത്യത്തിന്റെ ഫലമായാണു് നാളത്തെ തലമുറകളായ കുട്ടികൾകൂടി അച്ചടക്ക മില്ലാത്തവരാവുന്നതു് — ഇതിൽ മറെറല്ലാവരെക്കാൾ കൂടുതൽ രക്ഷിതാവിന്നും, അദ്ധ്യാപകന്നും ഉണ്ടെന്നതു് തക്കമററ സംഗതിയാണു്.

അച്ചടക്കം ഒരു ലക്ഷ്യമല്ല, മാർഗ്ഗമാണു്. അച്ച ടക്കത്തിന്നുവേണ്ടി അച്ചടക്കം ശീലിപ്പിച്ചതുകൊണ്ടു കാര്യമില്ല. ഒരു നല്ല ലക്ഷ്യം നേടാൻവേണ്ടി ബുദ്ധിമു ട്ടുകൾ സഹിക്കാൻ കഴിയുന്നതു് അച്ചടക്കംകൊണ്ടാണു്. മനുഷ്യന്റെ മുന്നേററങ്ങളെല്ലാം നേടിയതിന്റെ അച്ച ടക്കത്തിന്റെ ഫലമാണു്. ഇരുന്തുറുകൊല്ലംകൊണ്ടു് അമേരിക്കയ്ക്കു് നേടാൻകഴിഞ്ഞ പുരോഗതിയോടൊപ്പം സോവിയററു യൂണിയന്നു് എത്താൻ കഴിഞ്ഞതു് അച്ച ടക്കത്തിന്റെ അത്ഭുതസിദ്ധിയെ നമുക്കു കാട്ടിത്തരുന്നു. അതുകൊണ്ടു് ഈ അത്ഭുത ശീലം നമ്മുടെ കുട്ടികളിൽ ഉണ്ടാവേണ്ടതു് ഒരു ദേശീയാവശ്യം തന്നെയാണു്, സം ശയമില്ല. പക്ഷെ അതിന്നുവേണ്ടി മുറവിളികൂട്ടിയതു കൊണ്ടോ, അതില്ലാത്തതിന്നു് അന്യരെ പഴിച്ചതു കൊണ്ടു് അതുണ്ടാവാൻ പോകുന്നില്ല. പിന്നെയെ ന്താണു് മാർഗ്ഗം? നമുക്കാലോചിക്കാം.

അച്ചടക്കരാഹിത്യം ആരംഭിക്കുന്നതു് വീട്ടിൽവെച്ചാണ്. അതു തഴച്ചുവളരാൻവേണ്ട പശിമലഭിക്കുന്നതു് സ്കൂളിൽവെച്ചും, ഇപ്പറഞ്ഞതിന്നു് തെളിവു് വേണമെങ്കിൽ അച്ചടക്കമില്ലാത്ത ആ പ്രവത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ കുടുംബജീവിതത്തിലേക്കു ഒന്നു കണ്ണോടിച്ചുനോക്കൂ. റോഡിൽ അടക്കമില്ലാതെ പെരുമാറുവാനുള്ള പരിശീലനം ലഭിച്ചതു് വീട്ടിൽ നിന്നാണെന്നു് അപ്പോഠം നിങ്ങഠംക്കു ബോദ്ധ്യമാവും. അച്ചടക്കമില്ലാത്തവരും, കററവാളികളും എല്ലാം ഒരു സുപ്രഭാതത്തിൽ അങ്ങിനെയായിത്തീരുകയല്ല. മറിച്ചു് വഷങ്ങളോളം വീട്ടിലെ അണിയറയിൽ അവർ അതിന്നു് തയ്യാറെടുക്കുന്നുണ്ടു്. അങ്ങിനെ അച്ചടക്കം കുട്ടികളിൽ വളത്തുന്നതിന്നുള്ള ഏററവും വലിയ ഉത്തരവാദിത്വം രക്ഷിതാക്കളുടേതായിത്തീരുന്നു.

അച്ചടക്കമില്ലായ്മയുടെ ഒരു പ്രകടിതരൂപമാണല്ലൊ അനുസരണക്കേടു്. സത്യത്തിൽ ഈ അനുസരണക്കേടു് അസ്ഥാനത്തുള്ള ആത്മപ്രകാശനമാണ്. അനുസരണക്കേടു് പ്രദശിപ്പിക്കുന്ന ഒരു കുട്ടി യഥാത്ഥത്തിൽ സമത്ഥനാണ്. വ്യക്തിത്വമുള്ളവനാണ്. കുട്ടിയിൽ വ്യക്തിത്വം നാമ്പെടുക്കാൻ തുടങ്ങുന്നതോടെയാണ് അനുസരണക്കേടും പ്രത്യക്ഷപ്പെടുന്നതു്. അവൻ ഈ ലോകത്തിലെ 'ഒരാളാ'യിത്തീരാൻ ആഗ്രഹിക്കുന്നതിൻെറ ലക്ഷണങ്ങളാണവ, തെററായാലും, ശരിയായാലും, അവനു് സ്വന്തമായി ചില ഇ

ഷ്ടാനിഷ്ടങ്ങൾ ഉണ്ടാവുന്നുണ്ട് എന്നതാണ് പരമാർത്ഥം. അതിൽ തെററും ശരിയും തമ്മിൽ ഒരു തിരഞ്ഞെടുപ്പു നടത്താൻ അവനെ പ്രേരിപ്പിക്കുകയാണ് ഒരു രക്ഷിതാവിൻെറ ചുമതല. അതിന്നു രക്ഷിതാവിൻെറ അജ്ഞത, അശ്രദ്ധ, കൃത്യാന്തരബാഹുല്യം എന്നിവ മൂലം തരപ്പെടാതെ പോകുന്നുവെങ്കിലോ? പുറത്തു വരാൻ വെമ്പൽകൊള്ളുന്ന അവൻെറ വ്യക്തിത്വം നേതൃത്വം ലഭിക്കാൻ കാത്തിരുന്നുവെന്നു വരില്ല. അവൻെറ ഇളംമനസ്സിൻെറ ആജ്ഞയനുസരിച്ച് അവൻ മുന്നോട്ടു പോകും. അവൻ തിരഞ്ഞെടുക്കുന്ന വഴി അപകടം നിറഞ്ഞതാണെങ്കിൽ, അതിന്നവനെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. അവനെ ഒററക്കു പോകാൻ നിർബ്ബന്ധിതനാക്കിയ രക്ഷിതാക്കന്മാരെ കുററപ്പെടുത്തിയാൽ മതി.

നേരെ മറിച്ച്, തെററിൽനിന്നു് ശരിയെ വേർതിരിച്ചു കാണാൻ രക്ഷിതാക്കന്മാർ നേതൃത്വം നല്കുന്നുവെങ്കിൽ, കുട്ടിയുടെ വ്യക്തിത്വം ആരോഗ്യകരമായ രീതിയിൽ വളൎന്നു ശക്തിപ്പെടും. ഒന്നുമാത്രം. തെററിനേയും ശരിയേയുംകുറിച്ച് രക്ഷിതാവിൻെറ ബോധം അവൻെറ മേൽ അടിച്ചേല്പിച്ചാൽ പോരാ. അതവന്നും പൂൎണ്ണമായും ബോദ്ധ്യം വരികതന്നെ വേണം. മാത്രമല്ല, രക്ഷിതാവിൻെറ ഉപദേശം കേൾക്കുന്നതു് ഉചിതമാണെന്നു് അവനിൽ അടിസ്ഥാനപരമായ വിശ്വാസം ഉളവാക്കുന്ന മട്ടിൽ രക്ഷിതാവും കുട്ടിയും തമ്മിലു

ള്ള ബന്ധം ആദ്യം മുതല്ക്കുതന്നെ വളത്തിക്കൊണ്ടുവരേണ്ടതിൻെറ ആവശ്യകത, ഈ സന്ദർഭത്തിൽ, ഒരിക്കൽ കൂടി ഊന്നട്ടെ. കുട്ടിയുടെ വിമൾകനും ശിക്ഷകനും, ആയാൻ മാത്രം പോരാ, ഉപദേഷ്ടാവും സ്നേഹിതനും കൂടി ആകണം ഒരു രക്ഷിതാവ്. എങ്കിൽ, മററല്ലാ പ്രശ്നങ്ങളേയും പോലെ അച്ചടക്കത്തിൻെറയും പ്രശ്നം വിജയകരമായി പരിഹരിക്കാൻ സാധിക്കും.

കുട്ടികൾ തുടർച്ചയായി അനുസരണക്കേട് പ്രദശിപ്പിക്കാത്തേടത്തോളം കാലം, അതൊരു ഗൌരവപ്രശ്നമായി ഒരിക്കലും എടുക്കരുതു്. ഏതു നിസ്സാരകാര്യത്തിലും താൻ പറഞ്ഞതു് അപ്പടി അനുസരിക്കണം തൻെറ കുട്ടിയെന്നു ശഠിക്കുന്ന രക്ഷിതാവ് കുട്ടിയുടെ നന്മക്കല്ല പ്രവത്തിക്കുന്നതു്. കുട്ടിയുടെ ഇഷ്ടാനിഷ്ടങ്ങളും, നാം കണക്കിലെടുക്കണം. ഓരോന്നിൻെറയും ഗുരുലഘുത്വമനുസരിച്ച് നാം അവ വകവെച്ചുകൊടുക്കണം. നാം അങ്ങിനെ വകവെച്ചുകൊടുക്കുമെന്ന ബോധം കുട്ടിയിൽ ഉളവാക്കുകയും വേണം. അല്ലാതെ എത്ര നിസ്സാരമായ അനുസരണക്കേടിന്നും, "വടി"യാകുന്ന ഒററമൂലികയാണ് രക്ഷിതാവ് നല്കുന്നതെങ്കിൽ പ്രശ്നം കൂടുതൽ സങ്കീണ്ണമായിത്തീരുകയാണു്. വടിയെ ഭയന്നു് അനുസരണക്കേട്ട് അവൻ പരസ്യമായി പ്രകടിപ്പിക്കുന്നതു് ഒരുപക്ഷെ നിത്തിയേക്കാം. എങ്കിലും അതു് അവൻെറ മനസ്സിൻെറ അടിത്തട്ടിൽ കിടന്നു് വളന്നു വലുതാവുന്നുണ്ടാവും. അതിനെ രക്ഷിതാവിൽ

നിന്നു് മറച്ചുപിടിക്കാൻ കാപട്യത്തെ അവൻ കൂട്ടിനു വിളിക്കും. അങ്ങിനെ തെററുചെയ്യാൻ മാത്രമല്ല, അതു് അന്യരിൽനിന്നു് മറച്ചുപിടിക്കാൻകൂടി അവൻ അതിസമൎത്ഥനായിത്തീരുന്നു! അങ്ങിനെ കുട്ടിയുടെ അനുസരണക്കേടിനു് ഒരു തോഴനെക്കൂടി ലഭിക്കുന്നു: കാപട്യം!

ഇതിന്നൎത്ഥം കുട്ടിയുടെ തെററിനു് രക്ഷിതാവു് വഴങ്ങിക്കൊടുക്കണമെന്നാണോ? ഒരിക്കലും അല്ല. കുട്ടിയിൽ തെററു കാണുമ്പോഠം, കുട്ടിയുടെ ആവശ്യം തെററാണെന്നു് തോന്നുമ്പോഠം, അതവനെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. എന്തുകൊണ്ടാണു് അതു് തെററാവുന്നതെന്നും, അതിൻെറ ഭവിഷ്യത്തുകഠം എന്തെല്ലാമാകുമെന്നും, അതു് നല്ല കുട്ടികഠക്കു് എത്രമാത്രം അനുചിതമെന്നും അങ്ങിനെ സവിസ്തരം പറഞ്ഞു ധരിപ്പിക്കണം. സാധാരണ കുട്ടികഠ, ഇതൊന്നുകൊണ്ടുതന്നെ ശരിപ്പെടും. എന്നാൽ ചില കുട്ടികഠ ഈ പറഞ്ഞതൊക്കെ, അത്ര സാരമാക്കാതെ, തെററു് ആവൎത്തിക്കുന്നുവെങ്കിൽ, അവൻെറ പ്രവൎത്തിയുടെ അനൌചിത്യത്തെക്കുറിച്ചു് വിസ്തരിച്ചു പറഞ്ഞുകൊടുക്കുന്നതിന്നു പുറമെ, ഇതു രണ്ടാമത്തെ തവണയാണെന്നും, ഇനിയും ആവൎത്തിക്കപ്പെടുന്നപക്ഷം ശിക്ഷ ലഭിക്കുന്നതായിരിക്കുമെന്നുള്ള വസ്തുതകൂടി കുട്ടിയെ ധരിപ്പിക്കേണ്ടതാണു്. പിന്നേയും തെററു് ആവൎത്തിയ്ക്കപ്പെടുകയാണെങ്കിലോ? വളരെ ചുരുക്കം സ

ന്ദർഭങ്ങളിൽ മാത്രമെ അതു സംഭവിക്കുകയുള്ളു. എന്നാൽ ആ ചുരുക്കം സന്ദർഭങ്ങളിൽ അതു സംഭവിക്കുകയാണെങ്കിൽ, താക്കീതുനൽകിയ ശിക്ഷ നടപ്പിൽ വരുത്തുകതന്നെ വേണം. ശിക്ഷ കുററത്തിൻെറ ഗുരുലഘുത്വം നോക്കി വേണം നിശ്ചയിക്കാനും; എന്നുമാത്രം. നിശ്ചയിച്ചതേ താക്കീതു നൽകാവൂ; താക്കീതു നൽകിയതു് നടപ്പിൽ വരുത്തുകയും വേണം. എങ്കിലേ താക്കീതുകൾക്കു കുട്ടികളിൽ വല്ല ആദരവും ഉണ്ടാവുകയുള്ളു.

ശിക്ഷ മുമ്പു പറഞ്ഞപോലെ അവസാനത്തെ കൈയ്യാണു്. അതു വേണമെങ്കിൽ, നിഷേധപരമായ ഒരു മാൎഗ്ഗമാണെന്നുകൂടി പറയാം. എന്നാൽ സൃഷ്ടിപരമായ എത്രയോ മാൎഗ്ഗങ്ങൾ നമ്മുടെ മുന്നിൽ തുറന്നു കിടപ്പുണ്ടു്. അവയെല്ലാം ആദ്യം മുതല്ക്കു ശീലിപ്പിച്ചുപോന്നാൽ, ശിക്ഷയുടെ സഹായം തേടേണ്ടി തന്നെ വരില്ല.

അനുസരണത്തിൻെറ കാര്യത്തിൽ പ്രായോഗികമായ ഒരു തത്വമുണ്ടു്. "കുറച്ചാവശ്യപ്പെടുക; കൂടുതൽ നോക്കുക!" ഒരു കുട്ടിയിൽനിന്നു് ഏററവും പ്രധാന കാര്യങ്ങൾക്കു മാത്രമെ അനുസരണം നാം ആവശ്യപ്പെടാവൂ. അല്ലാതെ അവൻെറ ഓരോ ചലനവും നമ്മുടെ ആജ്ഞക്കൊത്താവണമെന്നു് നാം ആഗ്രഹിക്കരുതു്. "അവിടെയിരിക്കരുതു്!" "ഇവിടെ നില്ക്കു

രുതു്!” “ഇങ്ങോട്ടു വരരുതു്!” എന്നിങ്ങിനെ നാവിന്നു് അനദ്ധ്യായമില്ലാതെ, കുട്ടികൾക്കു കല്പനകൾ നൽകുന്ന രക്ഷിതാക്കന്മാരുണ്ടു്. കുട്ടിയുടെ കാര്യത്തിലുള്ള അതിശ്രദ്ധകൊണ്ടാവാമെങ്കിലും അതു് ആപൽക്കരമാണു്. ഇതു് കുട്ടികളുടെ വ്യക്തിത്വത്തിൻെറ വേരറുക്കാനാണു് വഴിവെക്കുക. അല്ലെങ്കിൽ, രക്ഷിതാവിൻെറ കല്പനകളെ ലംഘിക്കാനുള്ള വാസന വിടന്നുവികസിക്കാനും, ചിലപ്പോൾ ഇതു് വഴിവെക്കും. കുട്ടികളെ കഴിയുന്നത്ര അവരുടെ സ്വന്തമായ കളികളിലും, മററു പ്രവൃത്തികളിലും വ്യാപൃതരാകാൻ അനുവദിക്കുകയാണു് വേണ്ടതു്. അവരുടെ ബഹളം സ്വല്പം സഹിക്കുകതന്നെ. അതുകൊണ്ടു് അവർ നിലവിട്ടു പോകുകയല്ല ചെയ്യുന്നതു്, മറിച്ചു് ക്രമേണ അവരുടെ വ്യക്തിത്വം ആരോഗ്യകരമായ പശ്ചാത്തലത്തിൽ വളന്നു വികസിക്കുകയാണു് ചെയ്യുക.

ചിലപ്പോൾ കുട്ടികൾ അവർക്കേററവും ഇഷ്ടപ്പെട്ട കളിയിൽ മുഴുകിയിരിക്കുമ്പോൾ നാം വല്ല ചില്ലറ കാര്യത്തിന്നും അവരോടു് ആവശ്യപ്പെടുന്നു. അവർ ആദ്യം ഒന്നു മടിച്ചുവെങ്കിൽ അതൊരപരാധമായി എണ്ണരുതു്. കഴിയുമെങ്കിൽ അത്തരം സന്ദർഭങ്ങളിൽ നിസ്സാരകാര്യങ്ങൾക്കുവേണ്ടി ഇടപെടാതിരിക്കുന്നതാവും ലാഭം.

എന്നാൽ ഒരു കാര്യം നിങ്ങളാവശ്യപ്പെട്ടാൽ, ഏതു വിധേനയും അതു് നടപ്പിൽ വന്നുകാണുവാൻ

നിഷ്കർഷിക്കുകതന്നെ വേണം. കുട്ടിയോട് നിങ്ങളെ ന്തെങ്കിലും ആവശ്യപ്പെടുമ്പോൾ അവൻ സ്വല്പം മടികാണിച്ചുവെന്നിരിക്കട്ടെ. നിങ്ങൾ എന്തുചെയ്യും? അവനോട് പരിഭവിച്ചോ, 'അവനെ അലട്ടണ്ടാ' എന്നു ദയാപൂർവ്വം വിചാരിച്ചോ, കാര്യം സ്വയം ചെയ്യാൻ നിങ്ങൾ മുതിർന്നേക്കും. എന്നാൽ അതു് വിനാശകരമാണു്. കാരണം അതു കുട്ടിയിൽ ഒഴിഞ്ഞുമാറൽ മനസ്ഥിതി വളർത്തിവിടും. അതുകൊണ്ടു്, കുട്ടികളോടു് ന്യായമായ, ചുരുക്കം കാര്യങ്ങൾ മാത്രം ആവശ്യപ്പെടുക. ആവശ്യപ്പെടുന്ന കാര്യങ്ങൾ അവസാനം ചെയ്തുതീർത്തു കാണാൻ നിങ്ങൾക്കുള്ള നിഷ്കർഷയും നിർബ്ബന്ധവും അവനെ ബോദ്ധ്യപ്പെടുത്തുക.

അനുസരണക്കേടിനെതിരായി ചില രക്ഷിതാക്കന്മാർ പല സൂത്രങ്ങളും പ്രയോഗിച്ചു് നോക്കാറുണ്ടു്. "ദേ-കരയണ്ടാ, പോലീസുവന്നു് പിടിച്ചുകൊണ്ടുപോകും!" "ഡാക്റ്റർവന്നു് സൂചികയറ്റും!" എന്നിങ്ങനെ അവരുടെ മനോധർമ്മം പ്രയോഗിക്കുമ്പോൾ പെട്ടെന്നു് ഫലം ഉണ്ടാവുന്നതു് കണ്ടു് അവർ സന്തുഷ്ടരാവുകയും ചെയ്യും. പക്ഷെ വെളുക്കാൻ തേച്ചു പാണ്ടാവുന്ന കഥയാണു് ആവർത്തിക്കപ്പെടുക. സാധാരണ കുട്ടികളിൽ വാശിയുടെ സ്ഥാനം ഭീരുത്വം കൈക്കലാക്കുന്നു. എന്നാൽ ബുദ്ധിമാന്മാരായ കുട്ടികളാകട്ടെ, അനുഭവത്തിൽനിന്നു് ഇതെല്ലാം രക്ഷിതാക്കന്മാരുടെ വെറും 'വാചകമടിക'ളാണെന്നും മനസ്സിലാക്കുന്നു. അപ്പോൾ

തൊറവുകൾ ആവത്തിക്കാൻ കൂടുതൽ ധൈര്യമാണവക്കുണ്ടാവുക, അല്ലെ?

കുട്ടികളിൽ അനുസരണക്കേട് നിയന്ത്രിക്കാനും, അനുസരണശീലം വളത്താനും വല്ല മാർഗ്ഗങ്ങളുമുണ്ടോ? വാശിക്കുട്ടന്മാരെക്കൊണ്ട് വിഷമിക്കുന്ന രക്ഷിതാക്കന്മാർ ഇതൊന്നു് പരീക്ഷിച്ചുനോക്കട്ടെ.

ഏതു കുട്ടിക്കും ഇഷ്ടപ്പെട്ട കാര്യമാവും, മൃഗശാലയിലേക്കു ഒരു വിനോദയാത്ര, വൈകുന്നേരം ഒന്നു നടക്കാനിറങ്ങുക, നല്ല കളിക്കോപ്പുകൾ കിട്ടുക, പുതിയ ഉടുപ്പുകൾ അണിയുക, എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ. ഇതിൽ എല്ലാമൊ, അല്ലെങ്കിൽ ചിലതെങ്കിലുമൊ ഏതു രക്ഷിതാവും, എപ്പോഴെങ്കിലും തൻെറ കുട്ടിക്കു ചെയ്തുകൊടുക്കുന്നുമുണ്ടാവും. അല്ലെങ്കിൽ, കുട്ടികൾക്കു് ഇഷ്ടപ്പെട്ട ഇത്തരം കാര്യങ്ങൾ ചെയ്തുകൊടുക്കാൻ ഏതു രക്ഷിതാവിന്നും വേണമെങ്കിൽ കുറെയൊക്കെ സാധിക്കും, ഇല്ലെ? തൻെറ ഓമനക്കുട്ടൻെറ കൈപിടിച്ച് ആഴ്ചയിലൊരിക്കലെങ്കിലും സായാഹ്നസവാരിക്കിറങ്ങാൻ തരപ്പെടാത്തവരാരുണ്ടു്? കൊല്ലത്തിലൊരിക്കലെങ്കിലും ഒരു പുതു ഉടുപ്പ് തൻെറ കുട്ടിക്കു് തുന്നികൊടുക്കാൻ കഴിയുന്നവരല്ലെ, അധികപേരും? പൂരത്തിന്നും വേലക്കും പോകുമ്പോൾ അനിവാര്യമായും തൻെറ കുട്ടിക്കു്, എന്തെങ്കിലും കളിക്കോപ്പുകൾ വാങ്ങിക്കൊടുക്കുന്നവരല്ലെ, ഭൂരിപക്ഷംപേരും?

അതു ശരിയാണു്. എന്നാൽ ഒരു വ്യത്യാസമുണ്ടു്. സാധാരണയായി, ഇത്തരം കാര്യങ്ങറം കുട്ടിക്കു് നേടിക്കിട്ടുന്നതു് വാശിയുടെ ഫലമാണു്. കുട്ടിയാണു് മുൻകൈ എടുക്കുന്നതു്. അവൻ വാശിപിടിക്കുന്നു; ഉണ്ണാൻ വിസമ്മതിക്കുന്നു, അവസാനം രക്ഷിതാവു് കീഴടങ്ങുന്നു. അവൻെറ ആവശ്യം നിറവേററിക്കൊടുക്കാമെന്നു് വാഗ്ദാനം ചെയ്യുന്നു. അങ്ങിനെ കുട്ടിയുടെ വാശി ജയിക്കുന്നു. വളരുന്നു.

എന്നാൽ കുട്ടികറംക്കു് ഇഷ്ടപ്പെട്ട കാര്യങ്ങറം നിറവേററിക്കൊടുക്കുന്നതിൽ, രക്ഷിതാവു് മുൻകൈ എടുക്കുന്നുവെന്നിരിക്കട്ടെ. സംഗതി ആകെ മാറുന്നു. കുട്ടിയിൽ സൽസ്വഭാവത്തിൻെറ വേരുറപ്പിക്കാനുള്ള ഒരു പ്രധാന ഉപാധിയായിത്തീരും അപ്പോറം, അതു്.

നിങ്ങളുടെ കുട്ടി പഠനത്തിൽ അശ്രദ്ധ കാണിക്കുന്നുവെന്നിരിക്കട്ടെ. അവൻെറ അശ്രദ്ധക്കുള്ള കാരണങ്ങറം കണ്ടുപിടിക്കാൻ ആദ്യം ശ്രമിക്കുക. പ്രായം കുറഞ്ഞ കുട്ടികറം ഉയൎന്ന ക്ലാസ്സിൽ ചെന്നുപെട്ടാൽ പലപ്പോഴും പഠനത്തിൽ അശ്രദ്ധരായിത്തീരാറുണ്ടു്. അതു് അവരുടെ കുററമല്ല. അതുപോലെത്തന്നെ ശാരീരികമായ വല്ല കാരണങ്ങളാലും കുട്ടികറം അശ്രദ്ധക്കാരായിത്തീരുവാനിടയുണ്ടു്. നിങ്ങളുടെ കുട്ടിയെ സംബന്ധിച്ചിടത്തോളം ഇവയൊന്നുമല്ല കാരണമെന്നു് നിങ്ങറംക്കു് ബോദ്ധ്യം വന്നുവെങ്കിൽ, നിങ്ങറംക്കവനെ

നേർവഴിക്കു നയിക്കാൻ ഒരു മാർഗ്ഗമുണ്ടു്. അവൻ മൃഗശാലയിലേക്കു പോകുന്നതു് വളരെ ഇഷ്ടപ്പെടും; അല്ലെങ്കിൽ ഒരു അണക്കെട്ടിലേക്കു ഒരു വിനോദയാത്രയായാലും വിരോധമുണ്ടാവില്ല. അവനേററവും ഇഷ്ടപ്പെട്ട കാര്യം, നിങ്ങൾ അവന്നു് നിറവേററിക്കൊടുക്കാൻ പോകുന്നുവെന്നു് അവനോടു് പ്രഖ്യാപിക്കുക. കൂട്ടത്തിൽ ഒരു നിബന്ധന മാത്രം; നിത്യവും രാവിലെ ഒരു മണിക്കൂർ ശ്രദ്ധിച്ചു പഠിക്കണമെന്നു മാത്രം! രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമതായി നിങ്ങളുടെ പ്രഖ്യാപനവും, അതു് നിറവേററപ്പെടേണ്ട തിയ്യതിയും കഴിയുന്നത്ര അകന്നിരിക്കണം. രണ്ടാമതായി, നിങ്ങൾ നല്കുന്ന നിബന്ധന അവന്നു് താങ്ങാനാവുന്നതാവണം. അവന്റെ കഴിവിലൊതുങ്ങിയതാവണം.

നിബന്ധന ശരിക്കും അവൻ നിറവേററുന്നുണ്ടോ എന്നു് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുകയും, അവന്റെ പങ്കു നിറവേററപ്പെട്ടുകഴിഞ്ഞാലുടൻ നിങ്ങളുടെ പങ്കു് നിങ്ങൾ നിർവ്വഹിക്കുകയും വേണം.

ഈ ടെക്‌നിക്ക്, കുട്ടികൾക്കു് നിങ്ങൾ സാധാരണ വാങ്ങിക്കൊടുക്കാറുള്ള ഓരോന്നിലും നിങ്ങൾക്കു പ്രയോഗിക്കാവുന്നതാണു്. പുതിയ ഉടുപ്പു് തുന്നുന്നതിന്നു് രണ്ടു മാസം മുമ്പുതന്നെ, നിങ്ങളുടെ തീരുമാനം അവനോടു് പ്രഖ്യാപിക്കാം. കൂട്ടത്തിൽ ചെറിയൊരു നിബന്ധനയും! തലമുടി വെട്ടുക, ചെരിപ്പു് വാങ്ങുക,

കളിക്കോപ്പുകൾ വാങ്ങുക, സക്കസ്സിന്നു പോകുക, താല പ്പൊലിക്കോ, ഉത്സവത്തിന്നോ പോകുക എന്നിങ്ങിനെ നിസ്സാരങ്ങളായ നൂറു നൂറു കാര്യങ്ങൾ കുട്ടികളുടെ സ്വഭാവസംസ്കരണത്തിൽ വിജയകരമായി നിങ്ങൾക്ക് ഉപയോഗപ്പെടുത്താം. ഈ മാർഗ്ഗം, അതിൻെറ ലക്ഷ്യ ത്തെപ്പോലെത്തന്നെ, ഉൽകൃഷ്ടമാണ്. ഇതു്, കുട്ടിക്കു ആത്മനിയന്ത്രണത്തിൻെറ പാഠങ്ങൾ പഠിപ്പിച്ചുകൊടു ക്കുന്നു. നല്ല ലക്ഷ്യങ്ങൾ നേടാൻ വിഷമങ്ങൾ സഹി ക്കാനുള്ള കെല്പ് അവനുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു

അവസാനമായി, അനുസരണശീലം വളർത്തുന്ന പ്രശ്നത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യംകൂടിയുണ്ടു്. കുട്ടിയോടു് അവൻ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ പറയുന്നതിനേക്കാൾ അവൻ ചെയ്യേണ്ട കാര്യങ്ങളെക്കു റിച്ചാണ് പറയേണ്ടതു്. അന്യരെ ദുഷിക്കരുതെന്ന ബോധത്തേക്കാൾ അന്യരെ സ്നേഹിക്കണമെന്ന ബോ ധമാണ് അവനിലുണ്ടാകേണ്ടതു്. അതുപോലെത്തന്നെ മടി കാണിച്ചു നടക്കരുതെന്ന ബോധത്തേക്കാൾ അധി കം പഠിച്ചു കേമനാവണമെന്ന ബോധമാണ് വേണ്ടതു്. പ്രകൃത്തിൽ ചീത്ത ശീലത്തെക്കുറിച്ചുള്ള ഭയമല്ല നല്ല ശീലത്തേക്കുറിച്ചുള്ള മതിപ്പാണ് അവശ്യം കുട്ടി യിൽ വേരൂന്നേണ്ടതു്.

## മോഷണവും നുണപറയലും

സത്യസന്ധതയെപ്പോലെ മഹത്തായ ഗുണം എന്തുണ്ടു്? ആരും തന്റെ കുട്ടികളിൽ ധാരാളമായി അതുണ്ടായിക്കാണാൻ കൊതിക്കും. കാരണം മഹത്വത്തിലേക്കുള്ള ചവിട്ടുപടിയാണു് സത്യസന്ധത. തന്റെ ആദർശത്തോടു്, രാജ്യത്തോടു്, സ്നേഹിതരോടു്, കുടുംബത്തോടു്, സത്യസന്ധമായി പെരുമാറാൻ കഴിയാത്തവരുടെ ജീവിതം ഒരിക്കലും വിജയകരമാവുകയില്ല.

എന്നാൽ പലരുടേയും ആശ യാഥാർത്ഥ്യമായിത്തീരാറില്ല. എന്തുകൊണ്ടാണതു്? നമുക്കു ഒന്നാലോചിക്കാം.

ഒരു കുട്ടി സത്യസന്ധനായി ജനിക്കുകയല്ല, വളരുകയാണു് ചെയ്യുന്നതു്. അതായതു് പരിതസ്ഥിതി

കളാണ് സത്യസന്ധനെ വാർത്തെടുക്കാൻ സഹായിക്കുന്നതെന്നർത്ഥം. സത്യസന്ധരും സൽസ്വഭാവികളും സ്നേഹശാലികളുമായ കുടുംബാംഗങ്ങളുടെ, നടുവിൽ വളരുന്ന കുട്ടി അവരുടെ യഥാർത്ഥ പിന്തുടർച്ചക്കാരൻ തന്നെയായിരിക്കും. നേരെമറിച്ച് കള്ളൻെറ മകൻ കഴവേറികൂടി ആയിത്തീരാനും സാദ്ധ്യതയുണ്ട്. ഇതിൽനിന്നു കുടുംബപശ്ചാത്തലത്തിൻെറ പ്രാധാന്യം വ്യക്തമാവുന്നുണ്ടല്ലോ.

സ്വന്തം കുട്ടിയെ മററുള്ളവർ പ്രശംസിക്കുന്നതു് കേൾക്കാൻ ആരും ഇഷ്ടപ്പെടും. എന്നാൽ അത്ര രസകരമാവില്ല, അവനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ കേട്ടു നില്ക്കാൻ. വല്ല മോഷണക്കാര്യവുമായി ബന്ധപ്പെട്ടതാണ് ആക്ഷേപമെങ്കിൽ എന്തായിരിക്കും ഗതി. സ്വന്തം മകൻ അയൽവീട്ടിലെ ഏതെങ്കിലും സാധനം മോഷ്ടിച്ചുവെന്ന ആക്ഷേപം കേട്ടുകൊണ്ടു് നിർവ്വികാരനായി നിലകൊള്ളാൻ കഴിവുള്ള രക്ഷിതാവുണ്ടാകുമോ? സംശയമാണ്.

ഇത്തരം ഞെട്ടിപ്പിക്കുന്ന വാർത്തകൾ കേട്ടാൽ അസ്വസ്ഥരായി ആലോചനാശക്തി നഷ്ടപ്പെടുന്നവരാണ് അധികം പേരും. അതുകൊണ്ടുതന്നെ, അവർക്ക് ആ തെററു പരിഹരിക്കാൻ വേണ്ടതു് ചെയ്യാൻ കഴിയാതെ പോകുകയും ചെയ്യുന്നു.

തൻെറ മകൻ ഒരു മോഷ്ടാവെന്നു ആരോപിക്കപ്പെടുമ്പോൾ ചിലരുടെ പ്രതികരണം നിഷേധപര

മായിരിക്കും. അതായതു് തന്റെ മകനു് അങ്ങിനെ ഒന്നു ചെയ്യാൻ യാതൊരു വാശിയുമില്ലെന്നു് ഉറപ്പിച്ചു പറയും. യാഥാർത്ഥ്യമെന്തെന്നു് അന്വേഷിക്കാതെ സ്വന്തം കുട്ടിയുടെ സഹായത്തിനായി എത്തുന്ന ഈ രക്ഷിതാക്കന്മാർ, അവരുടെ പ്രവൃത്തിയുടെ ഫലമെന്താണെന്നു് സ്വല്പമെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഉണ്ടാവില്ല. ഉണ്ടെങ്കിൽ അവരതിന്നു് മുതിരുമായിരുന്നില്ല. അതു് കുട്ടിയിലെ മോഷണവാസന വളർത്തിക്കൊണ്ടുവരാൻ മാത്രമേ സഹായിക്കു.

തെററു ചെയ്ത കുട്ടിക്കു തുണ നില്ക്കുന്നതുപോലെ തന്നെ, തെററുചെയ്യുന്നതു കേൾക്കുമ്പോഴേക്കും കലികയറി തുള്ളി കുട്ടിയുടെ എല്ലൊടിക്കുന്നതും തെററാണു്. അയൽവീട്ടിലെ മോഷണത്തിന്നു് അവനെ പ്രേരിപ്പിച്ച കാരണങ്ങൾ ഏവ? അയൽവീട്ടിലെ മോഷണത്തിനുമുമ്പു്, അവൻ സ്വന്തം വീട്ടിൽ നിരവധി റിഹേഴ്സലുകൾ നടത്തിയിട്ടുണ്ടാവില്ലേ? ഒരു സുപ്രഭാതത്തിൽ ആരും കള്ളനായിത്തീരുകയില്ല തീർച്ച. ഇവയെല്ലാം പരിഗണിക്കാതെ, കുട്ടിയെ ശിക്ഷിച്ചിട്ടെന്തുപ്രയോജനം.

ഒരാക്ഷേപം കേൾക്കുമ്പോഴേക്കും നിങ്ങൾ ക്ഷുഭിതനാവരുതു്. കുട്ടിയോടു സ്നേഹബുദ്ധിയോടെ, എങ്കിലും ഗൌരവം വിടാതെ, കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കണം. അവൻ ചെയ്തതു തെററാണെങ്കിലും ആ

തെററിൻെറ കാര്യങ്ങൾ തുറന്നുപറയുന്നതുകൊണ്ടു് അവന്നു് ഒരാപത്തുമുണ്ടാവില്ലെന്നു് അവന്നു ബോദ്ധ്യം വരണം. എങ്കിലേ അവൻ തുറന്നുപറയുകയുള്ളൂ. അവനെ അതിന്നു പ്രേരിപ്പിച്ച സാഹചര്യങ്ങളെക്കുറിച്ചു വിശദമായി അന്വേഷിക്കണം. അപ്പോൾക്കാണാം, അവനെ സംബന്ധിച്ചിടത്തോളം, മോഷണം ഒരു ലക്ഷ്യത്തേക്കാൾ, ഒരു ലക്ഷ്യം നേടുന്നതിന്നുള്ള മാർഗ്ഗമായിട്ടാണു് അവൻ സ്വീകരിക്കുന്നതെന്നു്. ആ ലക്ഷ്യമേതെന്നു് തിട്ടപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾ ചെയ്യേണ്ട ഒരു കാര്യമുണ്ടു്. ആ ലക്ഷ്യം നേടാൻ മോഷണത്തേപോലെ ഹീനമായ മാർഗ്ഗം അവലംബിക്കേണ്ട ആവശ്യമില്ലെന്നും, കൂടുതൽ മാനമായ മാർഗ്ഗം സ്വീകരിക്കേണ്ടതാവശ്യമാണെന്നും അവനെ ബോദ്ധ്യപ്പെടുത്തുക. മാത്രമല്ല, നല്ല മാർഗ്ഗത്തിലൂടെ അവൻെറ ലക്ഷ്യം നേടാൻ സഹായം വാഗ്ദാനം ചെയ്യുകകൂടിവേണം. എങ്കിൽ, അവൻെറ ആദ്യത്തെ മോഷണക്കുററം, അവസാനത്തെക്കൂടി ആയിത്തീരും; സംശയമില്ല.

കുട്ടികളുടെ ന്യായമായ ആവശ്യങ്ങൾ സാധിപ്പിച്ചു കൊടുക്കായ്കയാലാണു് പലപ്പോഴും അവർ മോഷണത്തിന്നു് മുതിരുന്നതു്. മോഷണത്തെക്കുറിച്ചു് സംശയം തോന്നുമ്പോൾ ആദ്യമായി ഒരു രക്ഷിതാവു് പരിശോധിക്കേണ്ടതു്, അവൻെറ ന്യായമായ ആവശ്യങ്ങൾ എത്രത്തോളം നിറവേറാതെ പോകുന്നുണ്ടെന്നതാണു്. ഉണ്ടെങ്കിൽ, അവ നിറവേററികൊടുക്കാൻ ശ്രദ്ധി

ക്കണം. അതോടൊപ്പം ആവശ്യങ്ങൾ തുറന്ന മാർഗ്ഗത്തിലൂടെ നിറവേററുവാൻ കുട്ടിയെ ശാസിക്കുകയും വേണം. സാമ്പത്തികമായ വിഷമതകൾ അനുഭവിക്കുന്ന രക്ഷിതാക്കന്മാർക്ക് വേണ്ടതെല്ലാം വേണ്ടസമയത്തു് ചെയ്തുകൊടുക്കാൻ സാധിക്കുകയില്ലെന്നതു് നേരാണു്. എന്നാൽ അവർ സ്വന്തം കുടുംബത്തിന്റെ സാമ്പത്തികനിലയെക്കുറിച്ചു് ആദ്യംമുതല്ക്കുതന്നെ കുട്ടികളെ ബോധവന്മാരാക്കേണ്ടതുണ്ടു്. അങ്ങിനെ ഒരാത്മനിയന്ത്രണം പാലിക്കാൻ കുട്ടികളെ ആദ്യംമുതല്ക്കുതന്നെ ശീലിപ്പിക്കാവുന്നതാണു്. അതു് അവരുടെ സ്വഭാവ മേന്മക്കു് ഒരു മാററുകൂട്ടുകയേ ചെയ്യൂ.

വീട്ടിൽ നാം എത്രതന്നെ ശ്രദ്ധിച്ചാലും, മോഷണപ്രിയരായ കുട്ടികളുമായുള്ള സഹവാസംകൊണ്ടു്, ആ ദുസ്വഭാവത്തിന്നടിപ്പെട്ടു പോകുന്നവരുണ്ടു്. സംഘംചേർന്നു ചെറിയ മോഷണം നടത്തുന്നതു് ആദ്യം ഒരു തമാശയായിട്ടാണു്. പക്ഷേ അവർക്കു് അതിൽനിന്നു് ലഭിക്കുന്ന ആത്മസംതൃപ്തി കൂടുതൽ ദുഷ്കൃത്യങ്ങൾക്കു് അവരെ പ്രേരിപ്പിക്കുന്നു.

കള്ളന്മാർ കഥാപാത്രങ്ങളായ സിനിമകളും നോവലുകളും മററും കുട്ടികളെ വഴിതെററിക്കാൻ പോന്നവയാണു്.

മററുള്ളവരോടും, അവരുടെ സാധനങ്ങളോടും, രക്ഷിതാക്കന്മാർ എടുക്കുന്ന നിലപാടും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ഒരു ഘടകമാണു്. മററു

ള്ളവരെപ്പററി അവജ്ഞാപൂർവ്വം സംസാരിക്കുകയും, അവരുടെ സാധനങ്ങളെ വിലയിടിച്ചു കാണിക്കുകയുമരുതു്.

മോഷണത്തിൻെറ വർഗ്ഗത്തിൽപ്പെട്ട ഒരു ദുസ്വഭാവംതന്നെയാണു് നുണപറയലും. ആദ്യമാദ്യം നിരുപദ്രവമെന്നു് തോന്നാമെങ്കിലും അതു വളൎന്നു വലുതായാൽ തികച്ചും വിനാശകരം തന്നെയാണു്.

താല്ക്കാലികമായ നേട്ടങ്ങൾക്കു വേണ്ടി കുട്ടികളോടു പല തട്ടിപ്പും രക്ഷിതാക്കന്മാർ പ്രയോഗിക്കാറുണ്ടു്. വാശിക്കുട്ടനെ, "അതു വാങ്ങിത്തരാം" "ഇതു വാങ്ങിത്തരാം" എന്നെല്ലാം പറഞ്ഞു പററിക്കുന്നതിൽ എന്താണു് തെറെറന്നു നിങ്ങൾ ചോദിക്കുമായിരിക്കും. പക്ഷെ, നിങ്ങളുടെ വാക്കിൽ വിശ്വസിച്ചു് വാശി നിർത്തി, അടുത്ത നിമിഷം നിങ്ങളുടെ വാഗ്ദാനം പൊള്ളയാണെന്നും അവൻ വഞ്ചിക്കപ്പെട്ടുവെന്നും അവന്നു് ബോദ്ധ്യം വരുമ്പോൾ അവൻെറ മനസ്സിൽ പതഞ്ഞു പൊങ്ങുന്ന വിചാരവികാരങ്ങൾ എന്തൊക്കെയാവുമെന്നു നിങ്ങൾ ഒന്നാലോചിച്ചുനോക്കുക. കാര്യസാദ്ധ്യത്തിന്നു് എന്തു നുണയും വലിയവർ പറയുമെന്നും, അതിൽ അത്ര വലിയ തെറെറാന്നുമില്ലെന്നും അവന്നു് ബോദ്ധ്യമാവും. അടുത്ത ഭാവിയിൽ അവൻ ആ 'സൂത്രം' നിങ്ങളുടെ നേരെയും പ്രയോഗിക്കും. അപ്പോൾ നിങ്ങൾ വാ പൊളിച്ചിട്ടോ കണ്ണു തുറിച്ചിട്ടോ പ്രയോജനമില്ല.

അതുപോലെത്തന്നെ, കുട്ടിക്ക് ഒരിഞ്ചെക്ഷൻ വേണ്ടിവന്നുവെന്നിരിക്കട്ടെ കുട്ടിയെ സമാധാനിപ്പിക്കേണ്ടതു് ആവശ്യമാണു്. എങ്ങിനെയാണു് അതു ചെയ്യേണ്ടതെന്നതാണു് ചോദ്യം. "ഇഞ്ചെക്ഷനു് ഒട്ടും വേദനയുണ്ടാവില്ലെ"ന്നു് അവനെ വിശ്വസിപ്പിച്ചാലോ? അവനതു വിശ്വസിക്കും. ഇഞ്ചെക്ഷനെ നേരിടാൻ മുന്നോട്ടുവരും. പക്ഷെ ഡോക്ടരുടെ സൂചികയറുമ്പോഴാണു് നിങ്ങൾ പറഞ്ഞതു് കള്ളമാണെന്നു് അവൻ മനസ്സിലാക്കുക. അതിൻെറ ഫലമായി പിന്നീടു് നിങ്ങൾ പറയുന്നതിലൊന്നും അവനു് വിശ്വാസം വരാതാവും. മറിച്ചു്, ഇഞ്ചെക്ഷന്നു് സ്വല്പം വേദനയുണ്ടാവുമെന്നും, എങ്കിലും അതു സഹിക്കാവുന്നതാണെന്നും അവനെപ്പോലെ ധൈര്യശാലിയായ ഒരു കുട്ടി സഹിക്കേണ്ടതാണെന്നും അവനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിലൊ? നിങ്ങൾ പറഞ്ഞതുപോലെ ത്തന്നെ അവൻ പ്രവൎത്തിക്കും.

സത്യം എത്ര കയ്പേറിയതാണെങ്കിലും കുട്ടികളിൽ നിന്നു് മറച്ചുപിടിക്കരുതു്. മരിച്ചവർ തിരിച്ചുവരുമെന്നു പറഞ്ഞു സമാധാനിപ്പിക്കുന്നതു് തെററാണു്. തിരിച്ചുവരവിനെക്കുറിച്ചുള്ള പ്രതീക്ഷ ഒരു ദിവസം പൊട്ടിത്തകരും. അതുണ്ടാക്കുന്ന മാനസികക്ഷോഭം കൂടുതൽ വഷളായിരിക്കും. മറിച്ചു്, ബന്ധുവിൻെറ മരണത്തെ നേരിടാൻ കരുത്തുണ്ടാക്കിക്കൊടുക്കുകയാണു് വേണ്ടതു്.

സ്വന്തം കുട്ടിയുടെ ഗുണഗണങ്ങൾ വർണ്ണിക്കുന്നതിൽ രസം തോന്നാത്ത രക്ഷിതാക്കന്മാരുണ്ടോ? ഇല്ല എന്നാൽ ആ രസത്തിൽ മുഴുകി ഇല്ലാത്ത ഗുണങ്ങൾ കൂടി തട്ടിമൂളിക്കുവാൻ ചിലക്കു ഒരു സാമർത്ഥ്യം തന്നെയുണ്ടു്. രക്ഷിതാവിൻെറ ഈ 'സരസ്വതിവിലാസം' കേട്ടാസ്വദിക്കുവാൻ 'നമ്മുടെ കഥാനായകൻ' കൂടി ഉണ്ടാവുകയും ചെയ്യും! തനിക്കില്ലാത്ത ഗുണഗണങ്ങൾ വർണ്ണിക്കുന്നതു് അവൻ അത്ഭുതത്തോടും ആഹ്ലാദത്തോടും കൂടി കേട്ടിരിക്കും. പക്ഷെ, ഈ 'തട്ടിവിടൽ' സ്വന്തമായി പ്രയോഗിച്ചുനോക്കലാവും അവൻെറ അടുത്ത പരിപാടി. ഇല്ലാത്ത നന്മകൾ നിരത്തിവെക്കുന്നതുപോലെത്തന്നെ ഇല്ലാത്ത തിന്മകൾ വിളിച്ചുപറയുന്നതു് തെററാണു്.

ശിക്ഷ ഭയന്നു് സത്യം പറയാത്ത കുട്ടികളുണ്ടു്. അവക്കു് സത്യം പറഞ്ഞാൽ ശിക്ഷ ലഭിക്കുകയില്ലെന്നു ബോദ്ധ്യം വരണം. എന്നാൽ സത്യം പറഞ്ഞതുകൊണ്ടു മാത്രം ഏതു കുററത്തിന്നും മാപ്പ് ലഭിക്കുമെന്ന ബോധം ഉളവാകുന്നതും ആപല്ക്കരമാണു്. സത്യം പറഞ്ഞാൽത്തന്നെ, കുററത്തിൻെറ ഗുരുലഘുത്വം പരിശോധിച്ചുനോക്കണം—വളരെ ഗുരുതരങ്ങളായ തെററുകൾക്കു ശിക്ഷ നൽകുക തന്നെ വേണം. ഒരേ തെററു തന്നെ ആവർത്തിക്കപ്പെടുമ്പോഴും ശിക്ഷ നൽകേണ്ടിവരും. പക്ഷെ ശിക്ഷിക്കുമ്പോൾ, ചെയ്ത കുററത്തിൻെറ ഗുരുലഘുത്വത്തെക്കുറിച്ചു് കുട്ടിക്കും ബോദ്ധ്യമുണ്ടാവണം. അതായതു് "എന്തുകൊണ്ടാണു് താൻ

ശിക്ഷിക്കപ്പെടുന്നതെന്നു് കുട്ടിക്കു് തികച്ചും ബോധമുണ്ടാകണം.

കുട്ടികളോടു് തെററിനെക്കുറിച്ചു് ചോദ്യം ചെയ്യുമ്പോൾ ഒരു കാൎയ്യം ശ്രദ്ധിച്ചാൽ നന്നു്. ആ തെററിനെക്കുറിച്ചു്, സാദ്ധ്യമുള്ള എല്ലാ കേന്ദ്രങ്ങളിൽനിന്നും കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിക്കണം. അവൻെറ തെററിനെക്കുറിച്ചു് കുറെയൊക്കെ വിവരങ്ങൾ രക്ഷിതാവു് അറിഞ്ഞുകഴിഞ്ഞുവെന്നു് അവന്നു് മനസ്സിലാകണം. എങ്കിൽ പിന്നെ അവൻ സത്യം മറച്ചുപിടിക്കാൻ ഒരിക്കലും ധൈൎയ്യപ്പെടുകയില്ല. ആ തോന്നൽ അവനില്ലാത്തപക്ഷം കുററം ഏററുപറയാൻ ചിലപ്പോൾ ആത്മാഭിമാനം അവനെ തടഞ്ഞേക്കും. അതുകൊണ്ടു് എന്തെങ്കിലും സൂത്രം പ്രയോഗിച്ചുനോക്കാൻ അവൻ മുതിൎന്നേക്കും.

കുട്ടികൾ അതിശയോക്തി ഇഷ്ടപ്പെടുന്നവരാണു്. അതുകൊണ്ടു് അവരുടെ വിവരണങ്ങളിൽ അതിശയോക്തി സുലഭമായി കൂട്ടിക്കലരാറുണ്ടു്. അവ നുണപറയലായി തെററിദ്ധരിക്കപ്പെട്ടുകൂടാ. അത്തരം സന്ദർഭങ്ങളിൽ രക്ഷിതാക്കന്മാർ അതിശയോക്തിയും യാഥാർത്ഥ്യവും രണ്ടാണെന്നു് അവരെ പറഞ്ഞു മനസ്സിലാക്കിയാൽ മതി.

അങ്ങനെ, നിങ്ങളുടെ കുട്ടി സത്യസന്ധനാകണമോ വേണ്ടയോ എന്നു് തീരുമാനിക്കേണ്ടതു് മുഖ്യമായും നിങ്ങളാണു്. വേണമെന്നു ആഗ്രഹിച്ചതുകൊണ്ടു മാത്രമായില്ല, അതിന്നുവേണ്ടി നിരന്തരമായി പ്രവൎത്തിക്കുകകൂടി വേണം.

## അസൂയ—
## മരുന്നില്ലാത്ത രോഗം?

അസൂയക്കും കഷണ്ടിക്കും മരുന്നില്ല എന്നാണ് പഴഞ്ചൊൽ. അസൂയ എന്ന വികാരവിശേഷത്തിൻെറ അടിസ്ഥാന സ്വഭാവം വിളിച്ചുപറയുകയാണ് ഈ ചൊല്ല് എന്ന് കരുതിയാൽ മതി. മനസ്സിനെ ആകെ പിടിച്ചുകുലുക്കി ദ്വേഷ്യാഗ്നി ആളിക്കത്തിക്കാനും, അല്ലെങ്കിൽ, അപകൃഷ്ടതാബോധത്തിൻെറ അന്തരാളത്തിലേക്കു മനസ്സിനെ വലിച്ചിഴക്കാനും, ഈ ഈ ഒരൊററ വികാരത്തിന്നു കഴിവുണ്ട്. എന്നാൽ പഴഞ്ചൊൽ സമത്ഥിക്കുന്നപോലെ നമുക്കതിന്മേൽ യാതൊരു നിയന്ത്രണവുമില്ലെന്ന് കരുതുന്നതു് തെററായിരിക്കും. കഷണ്ടിയുടെ കായ്യം അറിഞ്ഞുകൂടാ. എങ്കിലും കരുതലോടെ പ്രവത്തിച്ചാൽ അസൂയയെ നിയ

ന്ത്രിക്കാനും, അതിനെ ആരോഗ്യകരങ്ങളായ പന്ഥാവി ലേക്കു് തിരിച്ചുവിടാനും നമുക്കു് കുറെയൊക്കെ സാധിക്കും.

ഈ അസൂയ എന്നാലെന്താണു്? "തനിക്കിഷ്ടപ്പെട്ട ഒരു കാര്യം നേടുന്നതിന്നോ, ഇഷ്ടപ്പെട്ട ഒരാളെ സ്വന്തമാക്കുന്നതിന്നോ, ഇഷ്ടപ്പെട്ട പദവിയോ സമ്പാദ്യമോ സ്ഥാനമോ സ്വായത്തമാക്കുന്നതിന്നോ, തടസ്ഥങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ നമുക്കുണ്ടാവുന്ന വികാരവിശേഷമാണു് അസൂയ" എന്നു് വേണമെങ്കിൽ പറയാം. ഈ വികാരത്തിൻെറ കുത്തു് ഏല്ക്കാത്തവരായി മനുഷ്യജാതിയിൽ പിറന്ന ആരും ഉണ്ടാവാത്തതുകൊണ്ടു്, ഇതിൻെറ സ്വഭാവത്തെക്കുറിച്ചു് ഏവർക്കും അനുഭവജ്ഞാനംതന്നെ ഉണ്ടാവും.

അതുകൊണ്ടുതന്നെ ഒരു ചെറുകുട്ടിയിൽ ഇതു് പ്രത്യക്ഷപ്പെട്ടുകാണുമ്പോൾ ഒട്ടും കുണ്ഠിതപ്പെടേണ്ടതില്ല. മിതമായ തോതിലാണെങ്കിൽ അതു് ഒരു സാധാരണവികാരത്തിൻെറ പ്രകടനം മാത്രമാണു്. എങ്കിലും, അതിന്നു് പ്രോത്സാഹനം നല്കാൻ ഉദ്യമിക്കുന്നതു് തെററാണു്.

അമിതമായ തോതിൽ അസൂയ പ്രത്യക്ഷപ്പെടുമ്പോൾ നാം അതിനെ കണക്കിലെടുക്കണം. അതിനെ നിയന്ത്രിക്കാൻ വേണ്ട കരുത്തു് കുട്ടിക്കു് ഉണ്ടാക്കിക്കൊടുക്കാൻ നാം യത്നിക്കണം.

പല കാരണങ്ങൾകൊണ്ടും കുട്ടികളിൽ അസൂയ ശക്തി പ്രാപിച്ചേക്കാം. പ്രായ വ്യത്യാസം ഏറെയില്ലാത്ത രണ്ടു കുഞ്ഞുങ്ങളുള്ളപ്പോൾ അച്ഛനമ്മമാരുടെ സ്നേഹം സമമായി വീതിക്കപ്പെടണം ഇല്ലെങ്കിൽ അതു അസൂയക്കു് രംഗപ്രവേശത്തിന്നു കളമൊരുക്കലായിരിക്കും.

ചിലപ്പോൾ ഒരു കൊച്ചനുജൻറയോ അനുജത്തിയുടേയോ വരവു്, മൂത്ത കുട്ടിയിൽ അസൂയ ആളിക്കത്തിക്കാൻ സഹായകമായിത്തീരാറുണ്ടു്. നാളതുവരെ തൻേറതു മാത്രമെന്നു് കരുതിപ്പോന്ന അച്ഛനമ്മമാർ മറെറാരു കുട്ടിയെ താലോലിക്കുന്നതു് കണ്ടുനില്ക്കാൻ അവന്നു് കഴിയുന്നില്ല എന്നതാണു് വിഷമം. എന്നാൽ ഈ വിഷമം ലഘൂകരിക്കാൻ മാർഗ്ഗമുണ്ടു്. അച്ഛനമ്മമാർ സ്വല്പമൊന്നു് ശ്രദ്ധിച്ചാൽ മതി. ഒരു അനുജനോ അനുജത്തിയോ ഉണ്ടാവേണ്ടതിൽ മൂത്തമകന്നുകൂടി താല്പര്യമുളവാക്കണമെന്നതാണു് കാര്യം. അങ്ങിനെ ആ പുതിയ കുഞ്ഞിൻെറ ആഗമനത്തെ സ്നേഹപൂർവ്വം, പ്രതീക്ഷകളോടെ ഉററുനോക്കാൻ അവനെ തയ്യാറെടുപ്പിക്കണം.

അസൂയാലുവായ ഒരു കുട്ടി എപ്പോഴും അസംതൃപ്തനാണു്. വേദനാപൂർണ്ണമാണു് അവൻെറ ഓരോ നിമിഷവും. ദ്വേഷ്യവും വെറുപ്പും മാറി മാറി തലപൊക്കും. ചിലപ്പോൾ സ്വന്തം കഴിവുകേടിനെക്കുറിച്ചു് നിരാശയാണനുഭവപ്പെടുക. സംശയങ്ങളും അവിശ്വാസങ്ങളും

അവൻെറ പ്രത്യേകതകളാണു്. ചിലപ്പോൾ തനിക്കു് 'നഷ്ടപ്പെട്ട ലോകം' പിടിച്ചുപററാൻ അവൻ എടുത്തുചാട്ടം നടത്തിയേക്കും. മററു ചിലപ്പോൾ തന്നെ അംഗീകരിക്കാത്ത ലോകത്തിൽനിന്നു്, സ്വന്തം 'മാളത്തിലേക്കു്' ഒളിച്ചോടിപ്പോയെന്നും വരാം. അങ്ങിനെ വിരുദ്ധങ്ങളായ പ്രവൃത്തികൾക്കു പ്രേരണ ചെലുത്താൻ കഴിവുണ്ടു് അസൂയക്കു്. അസൂയയുടെ ചരടുവലികളുടെ ഫലമായാണു് പലപ്പോഴും മനുഷ്യൻ മൃഗത്തെപ്പോലെ പെരുമാറുന്നതു്. താൻ എന്തിന്നു ആ തെററു ചെയ്തുവെന്നു് അവന്നു് തന്നെ അറിയാൻ കഴിയില്ല. തന്നെ അച്ഛൻ മാനിക്കുന്നില്ലെന്ന വിചാരംകൊണ്ടു്, അയൽവക്കത്തെ അമ്മാവൻെറ പല്ലിടിച്ചുകൊഴിക്കുക! അസൂയയുടെ കുസൃതി നോക്കു.

കുട്ടിയുടെ അസൂയ അസാധാരണമാംവിധം വളരുന്നുണ്ടെങ്കിൽ അതിനെ കടിഞ്ഞാണിടാൻ ശ്രമം സത്വരമായി ആരംഭിക്കുകതന്നെ വേണം. മററു കുട്ടികളോടും, മനുഷ്യസമുദായത്തോടുമുള്ള കടമയെക്കുറിച്ചു ആദ്യം മുതൽക്കുതന്നെ അവനെ ബോധവാനാക്കണം- 'ജീവിതം വാങ്ങാനുള്ളതല്ല, നൽകാനുള്ളതാണെ'ന്ന ബോധം അവനിൽ സാവധാനത്തിലെങ്കിലും വളർത്തിക്കൊണ്ടുവരണം—മററുള്ളവരുടെ നന്മകൾ അറിയാനും ആദരിക്കാനും അവനെ പഠിപ്പിക്കണം—സമപ്രായക്കാരായ കുട്ടികളൊത്തു കൂട്ടായി ജീവിക്കാൻ സൌകര്യമുണ്ടാക്കുന്ന കിൻറർഗാട്ടണുകൾ, കുട്ടികളിൽ സ്നേഹ

ശീലവും സാമൂഹ്യബോധവും വളത്തുവാൻ വളരെയധികം സഹായങ്ങളാണു്.

ഏകപുത്ര കുടുംബത്തിൽ അസൂയക്കു വളരാൻ പററിയ കാലാവസ്ഥയാണു്. ധാരാളം സഹോദരീ സഹോദരന്മാരുള്ള കുടുംബത്തിലെ കുട്ടികളോടു പരസ്പര സ്നേഹത്തേയും ബഹുമാനത്തേയും കുറിച്ചുള്ളതത്വങ്ങറം പ്രവൃത്തിയിൽ കൊണ്ടുവരാൻ പറയുക എളുപ്പമല്ലേ? അത്തരം കുടുംബങ്ങളിലെ കുട്ടികളോടു ആദ്യമായിത്തന്നെ കളിക്കോപ്പുകറം മററു കുട്ടികളുമായി പങ്കിടുവാൻ പഠിപ്പിക്കണം. കുട്ടികറം ചെയ്യുന്ന അത്തരം നല്ല കാര്യങ്ങളെ പരമാവുധി പ്രശംസിക്കണം. കൂടുതൽ നല്ല കാര്യങ്ങറം ചെയ്യാൻ അതവന്നു പ്രേരണ നൽകും-സ്വന്തം വീട്ടിൽ വേറെ കുട്ടികളില്ലെങ്കിൽ, അയൽ വീട്ടിലെ സമപ്രായക്കാരായ കുട്ടികളെ ക്ഷണിച്ചുകൊണ്ടുവരികയോ, ഇല്ലെങ്കിൽ അയൽവീട്ടിലെ കളിത്തോഴനൊത്തു പോയി കളിക്കാൻ സ്വന്തം കുട്ടിയെ അനുവദിക്കുകയോ വേണം—പരസ്പരസ്നേഹത്തിൻേറയും ബഹുമാനത്തിൻേറയും സഹകരണത്തിൻേറയും ആദ്യപാഠങ്ങറം പഠിക്കുന്നതു് കളിത്തോഴന്മാരൊത്തു അവൻ ചെലവഴിക്കുന്ന സമയത്താണു്. കളിയിൽ ടീംസ്പിരിററു് ഉണ്ടായിക്കാണാൻ ശ്രദ്ധിക്കേണ്ടതാണു്. കളിയിൽ ജയിക്കുമ്പോറം ആഹ്ലാദിക്കുന്നതുപോലെത്തന്നെ, പരാജയപ്പെടുമ്പോറം അതു സമ്മതിക്കാനും, ജേതാവിനെ അഭിനന്ദിക്കാനും അവനെ പഠിപ്പിക്കു

ണം—നല്ല മാർഗ്ഗത്തിലുള്ള ഇത്തരം പെരുമാററങ്ങൾക്കു രക്ഷിതാക്കന്മാരുടെ പ്രോത്സാഹനം ലഭിക്കണം. മറിച്ചുള്ളവയ്ക്കു് വിമർശനവും. അസൂയയെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങളാണിവ.

അസൂയ ഒരിക്കലും പരമ്പരാഗതമല്ല. അസൂയക്കു വളൎന്നു ശക്തിപ്രാപിക്കാൻ വേണ്ട സാഹചര്യങ്ങൾ കുട്ടിക്കാലംമുതൽക്കുതന്നെ നൽകപ്പെടാതിരുന്നാൽ, അതിനെ തികച്ചും നിയന്ത്രണത്തിൽ കൊണ്ടുവരാൻ നമുക്കു സാധിക്കും.

# അപകർഷതാബോധം

ഓരോ മനുഷ്യനും അവൻേറതായ വ്യക്തിത്വ മുണ്ടു്. അതിന്നു അർഹമായ അംഗീകാരം ലഭിച്ചുകാണാൻ തീവ്രമായ ആഗ്രഹവുമുണ്ടു്. അങ്ങിനെ ആഗ്രഹിക്കുന്നതിൽ അസാധാരണമായി യാതൊന്നും തന്നെയില്ല. 'എനിക്കിങ്ങനെ ഒരാഗ്രഹമില്ലെ'ന്നു് വല്ലവരും പറയുന്നുണ്ടെങ്കിൽ അവരെ സൂക്ഷിക്കുക. മിക്കപ്പോഴും അവരുടെ ഒടുങ്ങാത്ത ആഗ്രഹത്തിനുള്ള ഒരു പുതപ്പായിരിക്കും ആ നിഷേധം!

സർവ്വസാധാരണമായ ഈ ആഗ്രഹം എല്ലാവർക്കും ഒരുപോലെ നിറവേറപ്പെടാറില്ല. അങ്ങിനെ വരുമ്പോൾ എന്തും സംഭവിക്കാം. തൻെറ വ്യക്തിത്വം, അല്ല നിലനിൽപ്പുതന്നെ, അംഗീകരിക്കപ്പെടുന്നില്ലെന്നു തോന്നുന്നതിനേക്കാൾ വിഷമം ഉണ്ടാകുന്ന മറെറ

ന്നുണ്ടു്? ഈ തോന്നൽ ജീവിതത്തിൻെറ ജയാപജയ ങ്ങറം നിണ്ണയിക്കുന്ന ഒരു ശക്തിയായി തീരുമെന്നതു് തക്കമററ സംഗതിയാണു്. ഈ തോന്നൽ കുടുംബ ത്തിനുള്ളിലാവുമ്പോറം കുടുംബത്തകർച്ചകളുണ്ടാവുന്നു. രാഷ്ട്രീയമണ്ഡലത്തിലാവുമ്പോറം, വൻകിടരാഷ്ട്രീയക്കു ഴപ്പങ്ങറംത്തന്നെ സൃഷ്ടിക്കുവാൻ അതിന്നു കഴിവുണ്ടു്.

എന്നാൽ അപകർഷതാബോധത്തിനു് വളരാൻ ഏററവും ഫലപുഷ്ടിയുള്ള മണ്ണു് ബാലഹൃദയമാണു്. മുഖ്യമായും കുട്ടികളെ കുടുംബത്തിലെ അവിഭാജ്യഘട കമായി നാം അംഗീകരിച്ചാൽ മാത്രം പോരാ; അത വക്കു നമ്മുടെ പെരുമാററംവഴി ബോദ്ധ്യപ്പെട്ടുകക്കൂടി വേണം.

വികാലംഗരായ കുട്ടികളും, ഏതെങ്കിലും രോഗം മൂലം ഒററപ്പെട്ടു ജീവിക്കേണ്ടിവരുന്ന കുട്ടികളും അപ കർഷതാബോധത്തിന്നടിമപ്പെട്ടുപോയെങ്കിൽ അത്ഭുത പ്പെടാനില്ല. അതുപോലെത്തന്നെ ബുദ്ധികൂടുതലുള്ള സഹോദരനുമായി എപ്പോഴും താരതമ്യംചെയ്യുന്നതും ഇതിന്നു കാരണമായി തീരാറുണ്ടു്. അനുജൻെറ കേമ ത്തംപൊക്കിക്കാട്ടിയാൽ ഏട്ടന്നു കൂടുതൽ ഉഷാറുണ്ടാ വുമെന്നായിരിക്കും നിങ്ങളുടെ വിചാരം. എങ്കിൽ ഫലം മറിച്ചാണു്. ഏട്ടനു് നിരുത്സാഹവും, അനിയ നു് അഹംഭാവവും ആണു് അതു പ്രദാനം ചെയ്യുക.

അപകർഷതാബോധം തികച്ചും വ്യക്തിനിഷ്ഠ മാണു്. അതു് ഒരു കുട്ടിയിൽ കടന്നുകൂടിയിട്ടുണ്ടോ

എന്നു് എങ്ങിനെ അറിയാനാണു്? അപകർഷതാബോധത്തിന്നു് മുഖ്യമായ ചില പ്രകടനോപാധികൾ ഉണ്ടു്.

നിങ്ങളുടെ കുട്ടി അലസതയും, എല്ലാററിലും തികഞ്ഞ അശ്രദ്ധയും കാണിക്കുന്നുണ്ടോ? അല്ലെങ്കിൽ, പരീക്ഷയ്ക്കു തോല്ക്കുമ്പോൾ, ക്രൂരമായ ചോദ്യക്കടലാസ്സിനേയൊ, നാശംപിടിച്ച പേനയേയൊ കുററപ്പെടുത്തുന്നുണ്ടോ? ഉവ്വെങ്കിൽ, ആ കുട്ടിക്കു് അപകർഷതാബോധമുണ്ടെന്നതു തീർച്ചയാണു്—തൻെറ കുറവിന്നു് ലോകത്തെ പഴിക്കുന്നതു് ആ ബോധത്തിൻെറ മിതമായ ഒരു പ്രകടനം മാത്രമാണു്.

തനിക്കില്ലാത്ത രോഗത്തെ ചൊല്ലി, അല്ലെങ്കിൽ ഒരു കഴിവുകേടിനെക്കുറിച്ച് വല്ല കുട്ടിയും പരാതിപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ അവനും ഈ അപകർഷതാബോധമുണ്ടെന്നു് അനുമാനിക്കാം. തനിക്കു് സുഖക്കേടുണ്ടാവുമ്പോഴൊക്കെ, മററു സമയങ്ങളിൽ നിഷേധിക്കപ്പെട്ട പരിഗണന ലഭിച്ചുകാണുമ്പോൾ, അവൻ സുഖക്കേടു ചമയുക ആദായകരമായ ഒരു മാർഗ്ഗമായി തന്നെ സ്വീകരിച്ചുതുടങ്ങും.

തന്നെപ്പററി മററാരും ശ്രദ്ധിക്കാനില്ലെന്നുവരുമ്പോൾ, ദിവാസ്വപ്നങ്ങൾ കണ്ടിരുന്നു സംതൃപ്തിയടയുന്ന കുട്ടികളുണ്ടു്. അവരുടെ മനോവേദനകൾ എല്ലാം ആ സമയത്തു് അവർ വിസ്മരിക്കുന്നു—ഇതു് പ്രശ്നത്തെ ലഘൂകരിക്കുന്നതിന്നു പകരം ഗുരുതരമാക്കു

കയാണു് ചെയ്യുക. കാരണം, അപകർഷതാബോധം അകററാൻ വേണ്ടി എന്തെങ്കിലും ചെയ്യാനുള്ള കഴിവു്, അവർക്കു ഇല്ലാതാവും—യാഥാർത്ഥ്യത്തെ നേരിടുന്നതിന്നു് പകരം സ്വപ്നങ്ങളുടെ ലോകത്തിൽ നീന്തിക്കളിക്കാനാണവർക്കു് ഇഷ്ടമെങ്കിൽ പിന്നെ എന്തു ചെയ്യാനാണു്?

അപകർഷതാബോധത്തിന്നു് സംഹാരപരമായ ഒരു വശംകൂടിയുണ്ടു്. മററുള്ളവർ ദുഃഖിക്കുന്നതു കാണുമ്പോൾ, തൻെറ നീറുന്ന ഹൃദയത്തിന്നു് ക്ഷണികമായ ഒരു സന്തുഷ്ടി അനുഭവപ്പെടുന്നു. അങ്ങിനെ അന്യരെ ശല്യപ്പെടുത്തുന്നതു് ഒരു വിനോദമായി പരിണമിക്കും. കുട്ടികളായ കുററവാളികളിൽ വളരെപ്പേർ ഈ ഇനത്തിൽപ്പെട്ടവരാണു്.

അങ്ങിനെ അപകർഷതാബോധം പലരിലും പല രൂപത്തിലാണു് പ്രത്യക്ഷപ്പെടുന്നതു്. അതുകൊണ്ടു് സ്വന്തം കുട്ടിയിൽ അസാധാരണമായ സ്വഭാവം കണ്ടുതുടങ്ങുമ്പോൾ രക്ഷിതാക്കന്മാർ അതിനെ കാര്യമായെടുക്കണം; അതിനെ സൂക്ഷ്മമായി പഠിക്കണം; അതിന്നുള്ള പരിഹാരം കണ്ടുപിടിക്കണം—സ്വന്തമായി പരിഹാരം കണ്ടുപിടിക്കാൻ സാദ്ധ്യമാകാത്ത സന്ദർഭങ്ങളിൽ മനശ്ശാസ്ത്രവിദഗ്ദ്ധന്മാരുടെ സഹായം തേടേണ്ടതു് ആവശ്യമാണു്.

# ഭയം-ആവശ്യമൊ?
# അനാവശ്യമൊ?

പേടിക്കടിമപ്പെടാത്ത മനുഷ്യരുണ്ടൊ? ഉണ്ടാവില്ല. ഏറ്റക്കുറച്ചിലുണ്ടാവാം. പേടിത്തൊണ്ടന്മാരേയും നാം കാണാറുണ്ടു്. പക്ഷെ പേടി എന്ന വികാരത്തെപ്പറ്റി അറിഞ്ഞുകൂടാത്ത മനുഷ്യരെ കാണുക പ്രയാസമാണു്. കാരണം ജനനം മുതൽ മരണം വരെ നിത്യവും ആ വികാരം ചെറുതായെങ്കിലും, എപ്പോഴെങ്കിലും ഒരു പ്രാവശ്യം കൂട്ടിമുട്ടാതിരിക്കയില്ല.

വ്യക്തിത്വത്തിന്റെ വളൎച്ചയിൽ അനുകൂലവും പ്രതികൂലവുമായ ഭയങ്ങൾ ചെയ്യാൻ ഭയത്തിനു് കഴിവുണ്ടു്. എങ്ങിനെയെന്നല്ലെ? പേടിമൂത്തു് നല്ല കാൎയ്യങ്ങൾ ചെയ്യുവാൻതന്നെ വിഷമമായിത്തീൎന്നാൽ അതൊരാപത്തുതന്നെ-അതേ സമയം ചീത്ത കാൎയ്യങ്ങ

ളെക്കുറിച്ച്, പേടിമൂലം, അവയിൽനിന്നു് അകലാനും, നല്ല കാര്യങ്ങളോടു് അടുക്കാനും ഇടവന്നാൽ പേടിയോടു് നാം കൃതജ്ഞത പറയേണ്ടിവരും! ചുരുക്കത്തിൽ പേടിയെക്കുറിച്ച് സംസാരിക്കുമ്പോൾ വളരെ കരുതലോടെവേണം എന്നു് വ്യക്തം.

പക്ഷെ കുട്ടികളിൽ ഈ വികാരത്തിൻെറ വളച്ച് വഴിതെററിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതു് രക്ഷിതാക്കന്മാരുടെ കടമയാണു്. കുട്ടികളിൽ സാധാരണയായി കുറച്ചൊക്കെ പേടികാണും. അതു് നമ്മുടെ ശ്രദ്ധയിൽപ്പെടാറില്ല. ചില്ലറ പേടി നമ്മുടെ ശ്രദ്ധയിൽപ്പെട്ടാൽത്തന്നെ നാം അതിനെ ഒരു വലിയ പ്രശ്നമാക്കാതിരിക്കാൻ സൂക്ഷിക്കണം. അതൊരു വലിയ പ്രശ്നമാക്കി നാം എടുക്കുകയും, അതിനെ കൈകാര്യം ചെയ്യുന്നതിൽ ആവശ്യമായത്ര സൂക്ഷ്മത നാം പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്താൽ അതൊരു വലിയ പ്രശ്നമായി വളരുകതന്നെ ചെയ്യും.

ഭയം രണ്ടുതരമുണ്ടു്. വസ്തുനിഷ്ഠവും വ്യക്തിനിഷ്ഠവും. പുറമെയുള്ള വസ്തുക്കളെക്കുറിച്ചാണു് പേടിയെങ്കിൽ അതിനെ വസ്തുനിഷ്ഠമെന്നു് പറയാം. മൃഗങ്ങളേയും പോലീസ്സുകാരേയും, ഇടിമിന്നലിനേയും ഡാക്ടരുടെ സൂചിയേയുമൊക്കെയുള്ള പേടി ആ ഇനത്തിൽപ്പെടുത്താം. അത്തരം പേടി സാമാന്യേന വിഷമം കുറഞ്ഞവയാണു്. അവ പരിഹരിക്കാൻ എളുപ്പവുമാണു്. അത്തരം വസ്തുക്കളുമായി ഇടപഴകാനുള്ള സ

ന്ദർഭം വദ്ധിക്കുന്നതിന്നനുസരിച്ച് ആ പേടിയും അപ്ര ത്യക്ഷമാവും. മോട്ടോർ അപകടങ്ങളേയും, തിയ്യിനേയും, ഇലക്ട്രിക്ക് ഷോക്കിനേയും കുറിച്ചെല്ലാം മിതമായ ഭയം ഉണ്ടാവുന്നതാണ്, ഒട്ടും ഇല്ലാതിരിക്കുന്നതിനേ ക്കാറം ഭേദം—മിതമെന്ന് പറഞ്ഞതു് പ്രത്യേക ഉദ്ദേശ ത്തോടുകൂടിയാണ്. കാരണം ഇവയെല്ലാം ഭയപ്പെടേ ണ്ടവയാണെങ്കിലും, കണക്കിലേറെ ഭയം വളത്തുന്നതു് നല്ലതല്ല. മോട്ടോർ അപകടത്തെ ഭയന്ന് റോഡിലൂടെ നടക്കാൻ മേലാ എന്നു വന്നാൽ കഷ്ടമല്ലെ?

വ്യക്തിനിഷ്ഠമായ ഭയം ഭാവനാ സൃഷ്ടികളാണ്. പരിഹരിക്കാൻ ഏററവും വിഷമം പിടിച്ചതുമാണ്. ഇരുട്ടിനെക്കുറിച്ചുള്ള പേടി ആ ഇനത്തിൽപ്പെട്ടതാം. ഇല്ലാത്തതും, ഒരിക്കലും ഉണ്ടാവാനിടയില്ലാത്തതും ഇരു ട്ടുണ്ടെന്ന് സങ്കല്പിച്ച് പേടിക്കുകയാണ് ഇത്തരക്കാര് ചെയ്യുന്നതു്. വസ്തുക്കളായി ബന്ധമില്ലാത്ത ഭാവനാ സൃഷ്ടികളായ ഇത്തരം പേടികാരണങ്ങളെ കണ്ടുപിടി ക്കാനും പരിഹരിക്കാനും കൂടുതൽ പരിശ്രമം വേണം. ഇത്തരക്കാരെ കൈകാര്യം ചെയ്യുമ്പോറം മുഖ്യമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം, അവരെ അത്തരം പേടി യുടെ പേരിൽ പരിഹസിക്കുകയൊ, ശാസിക്കുകയൊ ശിക്ഷിക്കുകയൊ ചെയ്യരുതെന്നതാണ്. മറിച്ച് അ വൻെറ ആ പേടിയെക്കുറിച്ച് സ്നേഹംനിറഞ്ഞ മട്ടിൽ അവനുമായി ചർച്ച ചെയ്തു് ആ പേടിക്കു യാഥാർത്ഥ്യ വുമായി യാതൊരു ബന്ധവുമില്ലെന്ന്—അവനെ മന

സ്സിലാക്കാൻ ശ്രമിക്കണം. മാത്രമല്ല, ആ പേടി അക റേറണ്ടതാണെന്നും, അകററാവുന്നതാണെന്നും അവനെ ബോദ്ധ്യപ്പെടുത്താനും ശ്രമിക്കണം.

അനുകരണത്തിന്നു് കുട്ടികളുടെ സ്വഭാവരൂപീക രണത്തിൽ വലിയ പങ്കുള്ളതുകൊണ്ടു് രക്ഷിതാക്കന്മാർ അസാധാരണമായ പേടിയുള്ളവരാണെങ്കിൽ, അവ രുടെ പൊന്നോമനമക്കളും അവരുടെ അനുയായികളായി തീരാൻ ഇടയുണ്ടു്.

കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി കുട്ടികളിൽ പേടി യുടെ വിഷവൃക്ഷം നട്ടുവളൎത്താൻ പാടുപെടുന്ന ചില രക്ഷിതാക്കന്മാരുണ്ടു്. ആ പ്രയോഗത്തിൻെറ പ്രത്യ ക്ഷഫലത്തിൽ ആകൃഷ്ടരായ അവർ ആ ഹീനമാൎഗ്ഗ ത്തിൻെറ ദൂരവ്യാപകങ്ങളായ ദുഷിച്ച ഫലങ്ങളെക്കു റിച്ചു് തെല്ലും ചിന്തിക്കുന്നില്ലെന്നതു് വ്യസനകരമാ ണു്. പേടി വളൎത്തിവിടുന്നതുപോലെ എളുപ്പമുള്ള തല്ല വിടുൎത്തിക്കളയാൻ-കുട്ടിക്കാലത്തു് മനസ്സിൽ നാ മ്പിടുന്ന പലതരം പേടികൾ കുട്ടികളോടൊപ്പം വള ൎന്നുവലുതായി, പലതരം മാനസികാസ്വാസ്ഥ്യങ്ങളായി രൂപാന്തരം പ്രാപിക്കുന്നതു് സാധാരണമാണു്. മാന സികാരോഗ്യസ്ഥാപനങ്ങൾ സന്ദൎശിക്കുന്നവരിൽ വ ലിയൊരു ഭാഗം കുട്ടിക്കാലത്തു് പേടിയുടെ ആഘാത മേററു് തളർച്ചപററിയവരാണെന്നതു് ഒരു പരമാൎത്ഥം മാത്രമാണു്.

ചുരുക്കത്തിൽ കുട്ടികളിൽ ഭയംകാണുമ്പോൾ അവയെ അവഗണിക്കാതിരിക്കുക. കാരണങ്ങൾ കണ്ടുപിടിച്ച് അവയെ സാവധാനത്തിൽ അകററാൻ പരിശ്രമിക്കുക. പേടിത്തൊണ്ടനായ ഒരു മകൻ എന്നപോലെത്തന്നെ ലോകത്തിൽ ആരെയും നിങ്ങളെത്തന്നെയും ലേശംപോലും പേടിയില്ലാത്ത "ധീര"നായ മകനും നിങ്ങളുടെ വീട്ടിലും സ്കൂളിലും നാട്ടിലും പ്രശ്നങ്ങൾ സൃഷ്ടിക്കും. ഭയം എന്നപോലെത്തന്നെ ഭയമില്ലായ്മയും ഏറിയാൽ ആപത്താണല്ലോ? കാ-അമൃതും അമിതമായാൽ വിഷമാണല്ലൊ.

## കൂട്ടുകാരും കളിക്കോപ്പുകളും

കുട്ടികൾക്കു കളിക്കോപ്പുകൾ വേണം. അവക്കു വിനോദത്തിന്നു വക നൽകുമെന്നതിന്നു പുറമെ അവരുടെ വികാസത്തിന്നു വഴിനൽകാനും നല്ല കളിക്കോപ്പുകൾക്കു കഴിവുണ്ടു്. അതുപോലെത്തന്നെ കൂട്ടുകാരുമായുള്ള സമ്പക്കമാണു് സാമൂഹ്യജീവിതത്തിൻെറ ബാലപാഠങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതു്. അങ്ങിനെ കുട്ടികളുടെ ശരീരത്തിൻേറയും മനസ്സിൻേറയും ആരോഗ്യത്തെ പോഷിപ്പിക്കുന്ന ഘടകങ്ങളാണു് കൂട്ടുകാരും കളിക്കോപ്പുകളും.

വലിയവരേക്കാൾ സമപ്രായക്കാരായ കുട്ടികളുമൊത്തു് കളിക്കാനാണു് കുട്ടികൾ ഇഷ്ടപ്പെടുക. നിങ്ങൾക്കതിൽ പരാതിതോന്നേണ്ട ആവശ്യമില്ല. സ്വന്തം കുട്ടിക്കു് പററിയ കൂട്ടുകാരൻ ഇല്ലാത്ത പരിതസ്ഥി

തിയിൽ— അതായത്ത് വലിയവർ കൂട്ടുകാരുടെ പങ്കു നിർവ്വഹിക്കപ്പെടേണ്ടിവരുന്ന സന്ദർഭങ്ങളിൽ ചില കാര്യങ്ങൾ ഓർമ്മിക്കുന്നതു് നന്നു്. ഒന്നാമതായി വലിയ ആൾ കുട്ടികളെ നയിക്കാൻ ഒരുമ്പെടുന്നതിന്നു് പകരം കുട്ടികളാൽ നയിക്കപ്പെടാൻ തയ്യാറാവണം. എന്തു കളിക്കണം, എങ്ങിനെ കളിക്കണം, എവിടെ കളിക്കണം എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കുട്ടികളെ അനുവദിക്കണം. കുട്ടികളിൽ 'ഒറിജിനാലിററി' എന്ന വിശിഷ്ടഗുണം വളരാൻ അതു സഹായിക്കും.

മൂന്നു വയസ്സിന്നുശേഷമുള്ള കുട്ടികളെ സമപ്രായക്കാരായ കുട്ടികളുമൊത്തു് കളിക്കാൻ കഴിയുന്നത്ര അനുവദിക്കേണ്ടതു് ആവശ്യമാണു്. ഈ പ്രായത്തിലുള്ള കുട്ടികൾക്കു വേണ്ടിയുള്ള ശിശു വിഹാരങ്ങളും നർഴ്സറി സ്കൂളുകളും സ്ഥാപിക്കുന്നതിൽ ഗവർമ്മേണ്ടു് തീരെ ശ്രദ്ധപതിപ്പിച്ചു കാണുന്നില്ല. ഈരംഗത്തു് സാമൂഹ്യക്ഷേമസംഘടനകൾക്കു് വളരെയേറെ പ്രവർത്തിക്കാൻ കഴിയും.

ഇളംപ്രായത്തിൽ കൂട്ടുകാരും കളിക്കോപ്പുകളുമൊത്തു് കുട്ടികൾ ചെലവഴിക്കുന്ന നിമിഷങ്ങൾ അവരെ സംബന്ധിച്ചേടത്തോളം അനർഘങ്ങളാണു്. കൊടുക്കാനും, വാങ്ങാനും, സ്നേഹിക്കാനും, ബഹുമാനിക്കാനും, സ്വയം നിയന്ത്രിക്കാനും, അങ്ങിനെ വലുതാവുമ്പോൾ അവനെ നല്ലവനാക്കിത്തീർക്കാൻ സഹായി

കുന്ന ജീവിതാദർശങ്ങളുടെ ആദ്യപാഠങ്ങൾ പഠിക്കാനും ആ കാലത്ത് അവക്കു സാദ്ധ്യമാവുന്നു.

കളിക്കോപ്പുകൾ ഇഷ്ടപ്പെടാത്ത കുട്ടികൾ ഉണ്ടാവില്ലെന്നതുപോലെത്തന്നെ, കുട്ടികൾക്കു കളിക്കോപ്പുകൾ സമ്മാനിക്കാൻ മോഹിക്കാത്ത രക്ഷിതാക്കന്മാരുമുണ്ടാവില്ല. കുട്ടികൾക്ക് എന്തും കളിപ്പാട്ടങ്ങളാണ്. നാം നിസ്സാരമായി തള്ളുന്ന ഓരോന്നെടുത്ത് അവൻ മണിക്കൂറുകളോളം കളിച്ചു ചിരിക്കുന്നതു കാണുമ്പോൾ നമുക്കത്ഭുതം തോന്നും. നാം ഉപയോഗശൂന്യമെന്ന് വെച്ച് വലിച്ചെറിയുന്ന ഒരു സോപ്പുപെട്ടിയെടുത്ത് അവൻ ഒരുദിവസം മുഴുവൻ മതിമറന്ന് കളിച്ചെന്ന് വരും. കുട്ടികളോട്, 'അതു് തൊടരുതു്'' ''ഇതു തൊടരുതു്'' എന്ന് അനവരതം ആജ്ഞാപിച്ചു കഴിയുന്നവരെക്കുറിച്ച് നമുക്ക് പരിതപിക്കാനെ നിവൃത്തിയുള്ളു. ആ വസ്തുക്കൾ കുട്ടികളെ എത്രമാത്രം രോമാഞ്ചംകൊള്ളിക്കുന്നുണ്ടെന്ന് അവർക്ക് ഓക്കാൻ കഴിയുന്നില്ല.

കളിക്കോപ്പുകൾ കുട്ടികൾക്ക് ആവശ്യമെന്ന് കരുതി ഒരു കണക്കുമില്ലാതെ വാങ്ങിക്കൂട്ടുന്നതു് അധികച്ചെലവാണെന്ന് മാത്രമല്ല; കുട്ടികൾക്ക് അനാവശ്യം കൂടിയാണ്. എണ്ണം കണക്കിലധികമാവുമ്പോൾ കുട്ടികൾക്ക് ഓരോന്നിലും ശ്രദ്ധിക്കാൻ കഴിവുണ്ടാവില്ല. മാത്രമല്ല ഒരു വസ്തു വേണ്ടതിലധികമുണ്ടെന്ന് വരുമ്പോൾ അതിൻെറ വിലയിടിഞ്ഞുപോകുക സ്വാഭാ

വികമല്ലേ? കളിക്കോപ്പുകൾ ഏറിയാൽ കുട്ടികളുടെ മനസ്സിലും അവയുടെ വില ഇടിഞ്ഞുപോകാൻ വഴിയുണ്ട്. ചിലപ്പോൾ കളിക്കോപ്പുകൾ നശിപ്പിക്കാനുള്ള ഒരു വാസനകൂടി അത്തരക്കാരിൽ വളൎന്നുവരാനിടയുണ്ട്.

കളിക്കോപ്പുകൾ വെയ്ക്കാൻ നിശ്ചിതമായ ഒരു സ്ഥലം വീട്ടിലുണ്ടാവേണ്ടതു് അത്യാവശ്യമാണ്. കളികഴിഞ്ഞാൽ അതാതു സ്ഥാനങ്ങളിൽ അവ വെയ്ക്കണമെന്ന കാര്യം ആദ്യം മുതല്ക്കുതന്നെ കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

കളിപ്പാട്ടങ്ങൾ കഴിയുന്നതു ലളിതമായിരിക്കണം. പന്തു്, ചക്രം തുടങ്ങിയ വസ്തുക്കൾ ലളിതമെങ്കിലും കുട്ടികളുടെ മനസ്സിനെ ആഴത്തിൽ ആകൎഷിക്കും. മുഷിച്ചൽ കൂടാതെ അവയുമായി വളരെനേരം അവർ കളിക്കും. കാരണം പന്തു് ഓരോ പ്രാവശ്യം തട്ടുമ്പോഴും ഓരോ പുതിയ അനുഭവം അവരിലുണ്ടാക്കുന്നുണ്ട്. മറിച്ചു് വലിയ യന്ത്രങ്ങൾ ഘടിപ്പിച്ച കളിപ്പാട്ടങ്ങൾ ആദ്യം എത്ര ആകൎഷകമായാലും, അവയുടെ ആകൎഷകത വളരെവേഗം മങ്ങിപ്പോകും. മാത്രമല്ല, അവയുടെ യന്ത്രങ്ങളുടെ പ്രവൎത്തനരീതി പഠിക്കാനുള്ള ജിജ്ഞാസയിൽ അവർ അവയെല്ലാം അഴിച്ചുനോക്കി നാനാവിധത്തിലാക്കി പ്രവൎത്തനയോഗ്യമല്ലാതാക്കിത്തീൎക്കാനും സാദ്ധ്യതയുണ്ട്. അതുകൊണ്ടു് അത്തരം കളിപ്പാട്ട

ങ്ങൾ കണക്കിലധികം വാങ്ങിക്കൂട്ടുന്നതുകൊണ്ടു് വലിയപ്രയോജനമില്ലെന്നു അത്ഥമാക്കേണ്ടു.

കളിപ്പാട്ടങ്ങൾ കേടുവരുത്തിയതിൻെറ പേരിൽ കുട്ടികളെ ശിക്ഷാമുറകൾക്കു് വിധേയമാക്കുന്നതു് വലിയ അന്യായമാണു്. പലപ്പോഴും അവർ നിരപരാധികളാവും. കാരണം അവയുടെ അത്ഭുതകരങ്ങളായ പ്രവത്തനങ്ങൾ കണ്ടു് ആവേശം പൂണ്ടു് അവയുടെ പ്രവത്തനങ്ങളെപ്പററി പഠിക്കാൻ അവർ നടത്തുന്ന പരീക്ഷണങ്ങൾ മൂലമാവും തകരാറുകൾ സംഭവിച്ചിരിക്കുക. ആ പരീക്ഷണമോഹം ബുദ്ധിയുടെ ലക്ഷണമാണു്.

# ലൈംഗിക കാര്യങ്ങൾ

വളരെ അധികം അവഗണിക്കപ്പെട്ടുകിടക്കുന്ന ഒരു പ്രധാന പ്രശ്നമാണിതു്. മനുഷ്യന്റെ അടിസ്ഥാനവികാരങ്ങളിൽ ഒന്നാണല്ലൊ, ലൈംഗിക വികാരം. കരുതലോടെ കൈകാര്യം ചെയ്തില്ലെങ്കിൽ കൈവിട്ടുപോകാനും പലതരം വൈഷമ്യങ്ങൾക്കും വഴിതെളിയിക്കാനും ഇടയുണ്ടു്.

ഇതു് ഒരു പ്രധാന പ്രശ്നമെന്നു് പറയുമ്പോൾ 'ഇതാണു് ഏററവും പ്രധാനമായ പ്രശ്ന'മെന്ന ഫ്രോയ്ഡിന്റെ സിദ്ധാന്തത്തെ പിന്താങ്ങുകയാണെന്നു് തെററിദ്ധരിക്കരുതു്. ലൈംഗിക വികാരം മാത്രമാണു് ജീവിതത്തെ മുന്നോട്ടുനയിക്കുന്നതെന്ന ഫ്രോയ്ഡിന്റെ സിദ്ധാന്തം അംഗീകരിച്ചു കൊടുക്കാവതല്ല. ഫ്രോയ്ഡിയൻ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തെത്തന്നെ പ്രഗത്ഭരായ പല മനഃശാസ്ത്രപണ്ഡിതന്മാരും

ചോദ്യം ചെയ്തിട്ടുണ്ട്. കാരണം സാധാരണ മനുഷ്യരേക്കാറം, തൻെറ ക്ലിനിക്കിൽ അഭയം തേടിയ മാനസികരോഗികളെ നിരീക്ഷിച്ചുകൊണ്ടാണ് ഫ്രോയ്ഡ് തൻെറ സിദ്ധാന്തം ആവിഷ്കരിച്ചതു്. അങ്ങിനെ സാധാരണ സ്വഭാവത്തേക്കാറം സ്വഭാവവൈകൃതങ്ങളുടെ അടിസ്ഥാനത്തിന്മേലാണ് അദ്ദേഹം തൻെറ തത്വങ്ങറം പടുത്തുയർത്തിയതു്. ലൈംഗിക വികാരങ്ങറംക്കു് അമിത പ്രാധാന്യം നൽകുന്നതിൻെറ തെററിനെ അതു നമുക്കു് കാട്ടിത്തരുന്നു.

കുട്ടിക്കു് ഉല്പാദനശക്തി കൈവരുന്നതോടെയാണ് ലൈംഗിക കാര്യങ്ങളിൽ താല്പര്യം ജനിക്കുന്നതെന്ന ഒരു ധാരണയുണ്ടു്. അതു ശരിയല്ല. അതിന്നു് മുമ്പു് കുട്ടികറം ആ വിഷയത്തിൽ വല്ല താല്പര്യവും പ്രദശിപ്പിച്ചാൽ രക്ഷിതാക്കന്മാർ അതടിച്ചമത്താൻ ശ്രമിക്കുകയാണ് പതിവു്. ഫലമോ? നാം പ്രതീക്ഷിക്കാത്ത രീതിയിൽ അവൻെറ വികാരങ്ങറം വഴിതെററിപ്പോകും. ലൈംഗിക കാര്യത്തിൽ അവൻ വികൃതികുട്ടികളേയൊ, വിദ്യാവിഹീനരായ വീട്ടുജോലിക്കാരേയോ ഉപദേഷ്ടാക്കളായി സ്വീകരിക്കും. അവരിൽ നിന്നാണ് അവൻ ലൈംഗിക ജീവിതത്തിൻെറ ബാലപാഠങ്ങറം പഠിക്കുക. അവക്കു നൽകാൻ കഴിയുന്ന വിജ്ഞാനം എത്ര വൃത്തികെട്ടതാവുമെന്നു് ഊഹിക്കാമല്ലൊ.

ബുദ്ധിമാനായ ഒരു കുട്ടി വളൎന്നു വലുതാവു മ്പോൾ ചുററും കാണുന്ന നൂറായിരം കാൎയ്യങ്ങൾ അവനിൽ താല്പൎയ്യം തട്ടിയുണൎത്തുന്നുണ്ടാവും. അവക്കെല്ലാം തൃപ്തികരമായ ഉത്തരം ലഭിക്കാൻ അവൻെറ മനസ്സ് വെമ്പൽകൊള്ളും. 'ഈ ജീവിതം എങ്ങിനെ ഉണ്ടായി?' 'കൊച്ചനിയനൊ അനുജത്തിയൊ അമ്മയുടെ വയററിൽ എങ്ങിനെ വളരുന്നു?' ഇങ്ങിനെ നിരവധി ചോദ്യങ്ങൾ അവൻെറ മനസ്സിൽ നൃത്തം ചവുട്ടുന്നുണ്ടാവാം. അവക്കുത്തരം കാണാൻ അവൻ വിശ്വസ്തതയോടെ രക്ഷിതാവിനെ സമീപിക്കുന്നുവെങ്കിൽ, അതിൻെറ പേരിൽ അവനെ ശാസിക്കരുതു്. അതെല്ലാം 'തെറിക്കാൎയ്യങ്ങൾ' എന്നു് പറഞ്ഞു് തടിതപ്പരുതു്. നിങ്ങളിൽനിന്നു് ഉത്തരം ലഭിച്ചില്ലെങ്കിൽ അവൻ ഉത്തരംതേടി മററുവഴി പോയേക്കും. നിങ്ങളാണെങ്കിൽ അവന്നു് വേണ്ട രീതിൽ അതു പറഞ്ഞുകൊടുക്കാൻ ശ്രമിക്കും. നിങ്ങൾ കുട്ടിയിൽനിന്നു് ഒന്നും മറച്ചുപിടിക്കുന്നില്ലെന്നു് ബോദ്ധ്യമായാൽ അവൻ സംശയങ്ങൾ തുറന്ന മനസ്സോടെ ഉന്നയിക്കാൻ തുടങ്ങും. ചില കാൎയ്യങ്ങൾ അവൻ ഉന്നയിക്കുന്നതു് സമയവും സന്ദൎഭവും നോക്കാതെ ആയെന്നു് വരാം. അതിഥികളുടെ മുന്നിൽവെച്ചോ മററൊ ചോദിച്ചാൽ പെട്ടെന്നു് നിങ്ങൾ വിയൎത്തുപോകുമെന്നതു് ശരിതന്നെ. എങ്കിലും കുട്ടിയോടു് കയൎക്കുന്നതിന്നു് പകരം ആ വിഷയത്തെക്കുറിച്ചു് വളരെ കാൎയ്യങ്ങൾ പറയാനുണ്ടെ

നും അതു് സൌകര്യമുള്ള മററൊരു സമയത്താവാമെന്നും പറഞ്ഞാൽ മതി. സൌകര്യമുള്ള അടുത്ത സന്ദർഭത്തിൽ നിങ്ങളുടെ വാക്കു പാലിക്കുകയും വേണം.

എന്നാൽ കുട്ടികൾക്കു ലൈംഗിക വിദ്യാഭ്യാസം ആവശ്യമാണെന്നു് കരുതി അവർ ആവശ്യപ്പെടാത്ത കാര്യങ്ങളും അങ്ങുകയറി പറയുന്നതും ആവശ്യമില്ലാത്തതാണു്. അവരുടെ പ്രായത്തിന്നനുസരിച്ചു് അവർക്കറിയേണ്ട കാര്യങ്ങൾ അപ്പപ്പോഴായി പറഞ്ഞുകൊടുക്കുകയാണു് വേണ്ടതു്. രക്ഷിതാക്കന്മാരോടു് ആ വക കാര്യങ്ങൾ ചോദിക്കാനുള്ള ധൈര്യവും തുറന്ന മനസ്സും കുട്ടികളിൽ ഉണ്ടായിരിക്കണമെന്നു് മാത്രം.

പല കാരണങ്ങൾകൊണ്ടും, അച്ഛനമ്മമാരും കുട്ടികളും ഒരേമുറിയിൽ കിടന്നുറങ്ങുന്ന പതിവു് ദോഷകരമാണു്. അമേരിക്കയിൽ കുററവാളികളിൽ വലിയൊരു ശതമാനം ചെറുപ്രായക്കാരാണു്. അവരെ വാർത്തെടുക്കുന്നതു്, ഒരു മുഴുവൻ കുടുംബത്തിന്നു് ഒരു മുറിയിൽ കഴിച്ചുകൂട്ടേണ്ടിവരുന്ന പരിതസ്ഥിതികളാണു്.

കുട്ടികളിൽ വളൻവരുന്ന രണ്ടു ദുശ്ശീലങ്ങളാണു് സ്വയംഭോഗവും സ്വവർഗ്ഗസംഭോഗവും. ആദ്യം തമാശയിലായിരിക്കും. ചിലപ്പോൾ കുട്ടികളെ വിനോദി

പ്പിക്കാൻ വലിയവർ - പ്രത്യേകിച്ചും പരിചരിക്കുന്നവർ തമാശയിൽ കുട്ടികളുടെ ഉല്പാദനേന്ദ്രിയങ്ങളിൽ ഇക്കിളിപ്പെടുത്താറുണ്ട്.

ഇത്തരം പ്രവൃത്തികളുടെ ദോഷഫലങ്ങൾ കുട്ടികളെ പഠിപ്പിക്കുന്ന ലൈംഗിക വിജ്ഞാനീയഗ്രന്ഥങ്ങൾ കുട്ടികൾക്കു വായിക്കാൻ കൊടുക്കുന്നതു് നല്ലതാണു്.

# രക്ഷിതാവും, അദ്ധ്യാപകനും!

മാതൃദേവൊ, ഭവ!

പിതൃദേവൊ, ഭവ!

ഗുരുദേവൊ, ഭവ!

അമ്മയേയും അച്ഛനേയും ഗുരുനാഥനേയും ദൈവതുല്ല്യരായി പരിഗണിക്കുവാനുള്ള ഉപനിഷത്തുകളിലെ മഹത്തായ ആ ആഹ്വാനം, എല്ലാ ജീവിതബന്ധങ്ങളേയും ഉറപ്പികയുടെ അടിസ്ഥാനത്തിൽ അളക്കുവാൻ പ്രേരിപ്പിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ നമുക്ക് ഒരപഹാസമായി തോന്നാം. പക്ഷെ മനുഷ്യന്റെ മഹത്തായ സംസ്കാരം ക്യാപിററലിസ്റ്റ് യുഗത്തിന്റെ വൈകൃതങ്ങളെ അതിജീവിച്ച് മുന്നേറുമെന്നും, അന്ന് ആ ഉപനിഷത്ത്‌വചനങ്ങൾ നമുക്ക് വീണ്ടും വഴികാട്ടികളായിത്തീരുമെന്നതിന്നും സംശയ

മില്ല. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ, അമ്മയേയും അച്ഛനേയും പോലെ അദ്ധ്യാപകനും, വമ്പിച്ച ഉത്തരവാദിത്വവും പങ്കും ഉണ്ടെന്നു് മറെറാരു പ്രകാരത്തിൽ നമ്മോടു് ആ വചനങ്ങൾ പറഞ്ഞുതരുന്നു. തത്വത്തിൽ അതു് അംഗീകരിച്ചുകൊടുക്കാൻ ആക്കും വിഷമമുണ്ടാവില്ല. എങ്കിലും അതു് നടപ്പിൽ വന്നുകാണാൻ നാം അത്രയധികമൊന്നും നിഷ്കർഷിക്കാറില്ല. പക്ഷെ സ്വന്തം കുട്ടിയുടെ ഭാവിയിൽ താല്പര്യമുള്ള രക്ഷിതാവിന്നും, സ്വന്തം ജോലിയിൽ സത്യസന്ധത പാലിക്കണമെന്നു് ആഗ്രഹിക്കുന്ന അദ്ധ്യാപകന്നും ആ സത്യത്തിന്നു് നേരെ കണ്ണടക്കുക സാദ്ധ്യമല്ല.

സ്കൂളിൽ പോകാനാരംഭിച്ചുമുതൽ ഒരുകുട്ടി അവൻെറ സമയത്തിൽ വലിയൊരു ഭാഗം അദ്ധ്യാപകൻെറ സന്നിധിയിലാണു് ചെലവഴിക്കുന്നതു്. അതു് ഒരു പ്രധാനകാൎയ്യംതന്നെ. പക്ഷെ അതിലും പ്രധാനമായ കാൎയ്യം, ആ സമയത്തു് അദ്ധ്യാപകൻ ആ കുട്ടിയിൽ ചെലുത്തുന്ന ബുദ്ധിപരമായ സ്വാധീനമാണു്. ഈ പ്രപഞ്ചത്തിലെ ഓരോരോ അത്ഭുതങ്ങളായി അവൻ പരിചയപ്പെടുന്നതു് അദ്ധ്യാപകൻ എന്ന മദ്ധ്യവൎത്തി മുഖേനയാണു്. അതുകൊണ്ടു് വീട്ടിൽവെച്ചു്, അമ്മയും അച്ഛനും അവനിൽ ചെലുത്തുന്ന സ്വാധീനത്തിലധികമാണു്, ഇന്നാട്ടിൽ അദ്ധ്യാപകൻ സ്കൂളിൽ വെച്ചുചെലുത്തുന്ന സ്വാധീനം. കാരണം, ഇന്ത്യ

യിൽ രക്ഷിതാക്കന്മാരുടെ വിദ്യാഭ്യാസനിലവാരം അത്ര താണതാണെന്നതുതന്നെ.

പക്ഷെ അദ്ധ്യാപകൻ എത്ര പ്രഗത്ഭനാണെങ്കിലും, അയാഠം എത്ര ആത്മാൎത്ഥതയോടെ പ്രവൎത്തിക്കുന്നുണ്ടെങ്കിലും, ചിലപ്പോഠം ആശിച്ച ഫലം നേടാതെ പോവും. കാരണം, അദ്ധ്യാപകനും രക്ഷിതാവും തമ്മിൽ പരസ്പരധാരണ ഇല്ലാത്തതുതന്നെ. സ്കൂളിൽ തൻെറ കുട്ടി എങ്ങിനെ ജീവിക്കുന്നുവെന്നു അറിയേണ്ടതു് ശരിയായ പെരുമാററരീതി കണ്ടുപിടിക്കാൻ രക്ഷിതാവിന്നു് ആവശ്യമാണെന്നതുപോലെത്തന്നെ, ഓരോ കുട്ടിയും വീട്ടിൽ എങ്ങിനെ ജീവിക്കുന്നുവെന്നു് അറിയേണ്ടതു് അദ്ധ്യാപകനും അത്യാവശ്യമാണു്. കുട്ടിയുടെ കഴിവുകളേയും കുറവുകളേയും കുറിച്ചു് കൃത്യമായി അദ്ധ്യാപകന്നു് ഒരു ധാരണ വേണമെങ്കിൽ, കുട്ടിയുടെ വീടിനെക്കുറിച്ചു് പഠിക്കാതെ ഒരിക്കലും സാദ്ധ്യമല്ല. ഒരദ്ധ്യാപകൻ കൊല്ലത്തിലൊരിക്കലെങ്കിലും തൻെറ കീഴിലുള്ള രക്ഷിതാക്കന്മാരുമായി ഒരു കൂടിക്കാഴ്ച നടത്തേണ്ടതു് ആവശ്യമാണു്. എല്ലാ കുട്ടികളുടേയും വീടുകഠം സന്ദൎശിക്കാൻ പ്രായോഗികമായ പല വിഷമങ്ങളും നമ്മുടെ നാട്ടിലെ അദ്ധ്യാപകന്മാക്കുണ്ടെന്നതു് വിസ്മരിക്കാനാവില്ല. എങ്കിലും തനിക്കു് ഒരു പ്രശ്നമായി തോന്നുന്ന കുട്ടികളുടെ വീടുകഠം സന്ദൎശിച്ചു്, രക്ഷിതാക്കന്മാരുമായി സൌഹാർദ്ദ ചർച്ച

കഠം നടത്തുന്നതു് അദ്ധ്യാപകന്മാക്കുതന്നെ വലിയ ഗുണപ്രദമായിരിക്കും.

മറെറാന്നു്, രക്ഷിതാക്കളെ സ്കൂളുകളായി ബന്ധിപ്പിക്കുന്ന എന്തെങ്കിലും ഒരേർപ്പാടു് ഉണ്ടാകണമെന്നതാണു്. സ്കൂഠംവാഷികത്തോടൊപ്പം രക്ഷാകത്തൃദിനവും സാധാരണ കൊണ്ടാടാറുണ്ടെന്നതു് ശരിതന്നെ. അതുകൊണ്ടു് കായ്യമില്ല. സ്കൂഠംസമയത്തിന്നുശേഷം, സൌഹാർദ്ദചർച്ചകഠംക്കായി ക്ലാസ്ടീച്ചർക്കു് തൻെറ ക്ലാസ്സിലെ കുട്ടികളുടെ രക്ഷിതാക്കളെ സ്കൂളിലേക്കു് ക്ഷണിച്ചുകൂടെ? എല്ലാ രക്ഷിതാക്കളും, ആദ്യത്തിൽ അദ്ധ്യാപകനുമായി സഹകരിച്ചില്ലെന്നു വരാം. എന്നാലും, സ്വന്തം കുട്ടിയുടെ ഭാവിയിൽ താല്പര്യമുള്ള ചില രക്ഷിതാക്കളെങ്കിലും, അദ്ധ്യാപകൻെറ ക്ഷണം സ്വീകരിച്ചു മുന്നോട്ടുവരാതിരിക്കില്ലെന്നതു് തീച്ച്യയാണു്. അത്തരം ഒരു പദ്ധതി, അദ്ധ്യാപകനും രക്ഷിതാവും തമ്മിൽ കുട്ടിയുടെ ഭാവിയുടെ പ്രശ്നങ്ങളെക്കുറിച്ചു് ഒരു പരസ്പരധാരണയുണ്ടാക്കാൻ സഹായിക്കും. അതു് അദ്ധ്യാപകനും രക്ഷിതാവിന്നും, കുട്ടിക്കും വമ്പിച്ചഗുണം ചെയ്യും.

ഇന്നത്തെ ചുററുപാടുകളിൽ അദ്ധ്യാപകൻെറ പരിമിതികളും, പരാധീനതകളും പലതാണു്. അവയൊന്നും മനസ്സിലാക്കാതെ, കുട്ടികഠം തലതിരിഞ്ഞു പോകുന്നതിൻെറ ഉത്തരവാദിത്വം മുഴുവൻ അദ്ധ്യാ

പകൻെറ തലക്കിട്ടു് തടിതപ്പുന്ന രക്ഷിതാക്കളുണ്ടു്. ഉപനിഷത്തു് വചനം സൂചിപ്പിക്കുന്നപോലെ കുട്ടിയുടെ സ്വഭാവരൂപീകരണത്തിൻെറ മുഖ്യമായും ഉള്ള ഉത്തരവാദിത്വം അമ്മയച്ഛന്മാരുടേതാണെന്നും, അവർക്കു പിന്നാലെയാണു് അദ്ധ്യാപകൻ വരുന്നതെന്നും, അവർ സൌകയ്യപൂർവ്വം വിസ്മരിക്കുകയാണു്.

ഉപനിഷത്തിലെ ആ ഉപദേശങ്ങൾ നമ്മുടെ കുട്ടികളെക്കൊണ്ടു് ഉരുവിടുവിപ്പിച്ചതുകൊണ്ടു് ഒരു പ്രയോജനവുമില്ല. അതിൻെറ സാരം എല്ലാ അമ്മമാരും അച്ഛന്മാരും, അദ്ധ്യാപകന്മാരും മനസ്സിലാക്കി, കുട്ടികളോടു് അവരവരുടെ ഉത്തരവാദിത്വം തികച്ചും നിറവേററുകയാണു് വേണ്ടതു്. എങ്കിൽ നാളത്തെ കുട്ടികൾ സ്നേഹാദരവോടെ ഇങ്ങിനെ പാടും:—

എൻെറ അമ്മ എനിക്കു
ദൈവമായിത്തീരട്ടെ.
എൻെറ അച്ഛൻ എനിക്കു
ദൈവമായിത്തീരട്ടെ.
എൻെറ ഗുരുനാഥൻ എനിക്കു
ദൈവമായിത്തീരട്ടെ.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 301.427 Acc. No. 70839

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 11 JUL 2001 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

301.427 70839

ചിത

രക്ഷിതാക്കളെ ഇതിലെ

KOTTAYAM PUBLIC LIBRARY

Call No 301:427 Acc. No 70839

Author ചിത്ര

Title രക്ഷിതാക്കളെ ഇതിലെ

Indic Digital Archive Foundation
gpura.org